Date of publication:
9 ഡിസംബർ 2014 / വോള്യം ൪ / ലക്കം 6 / വില 15 ₹

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം



## പെൺകുട്ടികൾ ഓടിരക്ഷപ്പെടുകയെങ്കിലും ചെയ്യട്ടെ

എം.സുൽഫത്ത്



കഴിഞ്ഞ ലക്കം കവർ ഡിസൈൻ :Creative Budha's



# സംഘടിത

ഡിസംബർ 2014 |വോള്യം 8 |ലക്കം 6


# ഉള്ളടക്കം


11. പെൺകുട്ടികൾ ഓടിരക്ഷപ്പെടുകയെങ്കിലും ചെയ്യട്ടെ
**-എം.സുൽഫത്ത്**
17. ലേഡീസ് ഹോസ്റ്റലുകൾ അഥവാ അർദ്ധ തടവറകൾ
**-ജെന്നി സുൽഫത്ത്**
21. ചുംബനസമരത്തെപ്പറ്റി... - **ജെ. ദേവിക**
25. ഒരേ ലിംഗപ്രേമവും ചുംബനപ്രകടനവും **-എം.ലീലാവതി**
29. യഥാർത്ഥ വിദ്യാഭ്യാസം - **ദിവ്യ ദിവാകരൻ**
31. ലിംഗപദവീനാട്യങ്ങളുടെ കലാലയ പരിസരം - **നിഷി ജോർജ്ജ്**
35. വിദ്യാലയങ്ങളിലെ അപ്രാപ്യമായ ഇടങ്ങൾ - **വിനയ**
39. എന്റെ ജോലി എന്താണ്? **-രേഷ്മ കണ്ണൂർ**
42. പെൺകുട്ടികൾ നേരിടുന്ന പ്രശ്നം **-ഹർഷ**
44. സ്ത്രീകളും വിദ്യാഭ്യാസവും - **ഗീത**
49. ഒരു പനിനീർപ്പൂവിന്റെ വിശദീകരണം(കഥ) - **അനിത കിളിയൂർ**
51. ഇറേസർ (കവിത) - **കെ.ഫബിദ**
52. വായന നടപ്പിന്റെ അടയാളങ്ങൾ - **എൻ. രജനി**
56. വാൽനക്ഷത്രത്തെ പിന്തുടർന്നു, വാൽനക്ഷത്രത്തിൽ ഇറങ്ങി
**-സീമ ശ്രീലയം**
57. പുതുജീവിതത്തിലേക്ക്...(കേസ് ഡയറി) - **സ്മിത.കെ.വി**


**6**
**ലിംഗ സമത്വ പാഠ്യപദ്ധതി**
**-അഡ്വ.മരിയ**


**36**
**വിഷമഴയേറ്റവരുടെ വിദ്യാഭ്യാസപ്രശ്നങ്ങൾ**
**-മുനീസ അമ്പലത്തറ**


**46**
**ഇരയാക്കപ്പെടുന്ന ബാല്യങ്ങൾ -**
**രശ്മി ജി.**



| | | |
|---|---|---|
| എഡിറ്റർ | : | സാറാജോസഫ് |
| മാനേജിംഗ് എഡിറ്റർ | : | കെ. അജിത |
| എക്സി.എഡിറ്റർ | : | രാജലക്ഷ്മി. കെ.എം. |
| ഗസ്റ്റ് എഡിറ്റർ | : | **സുൽഫത്ത്.എം** |
| പത്രാധിപ സമിതി | : | ഡോ. ജാൻസി ജോസ്, സി.എസ്. മീനാക്ഷി, ഗിരിജ. പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. കെ.എം. ഷീബ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത് |
| സർക്കുലേഷൻ മാനേജർ | : | ചാരുലത എ.എസ്. |
| ഉപദേശകസമിതി | : | സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ |
| ലേഔട്ട് & കവർ | : | സുവിജ |
| പ്രിന്റിംഗ് | : | എ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934 |

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com

www.anweshi.org www.sanghaditha.com

## എഡിറ്റോറിയൽ



സാറാജോസഫ്

**ചുംബനസമരത്തെ** അനുകൂലിച്ചവരും പ്രതികൂലിച്ചവരും ഒരു പോലെ തുറന്നുപറഞ്ഞ ഒരഭിപ്രായം, മോറൽ പോലീസിങ്ങ് അശ്ലീലവും അനാശാസ്യവും ആണ് എന്നാണ്. പ്രത്യേകിച്ചും മതമൗലികവാദികളും വർഗ്ഗീയവാദികളും മോറൽപോലീസായി മാറുമ്പോൾ അവർ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയം തുറന്നുകാട്ടപ്പെടുകയും കപടസദാചാരത്തിന്റെ മുഖംമൂടി വലിച്ചു ചീന്തപ്പെടുകയും ചെയ്ത ഒരു സമരമാണ് ചുംബനസമരം. ഒരു ചെറിയ തീപൊരിയിൽ നിന്ന്, നീളെ നീറി പിടിച്ചു കാട്ടുതീപോലെ ചുംബനസമരം അതിവേഗത്തിൽ ഇന്ത്യയാകെ പടർന്നുപിടിച്ചു. ചുംബനസമരത്തിന്റെ അനന്തര ചർച്ചകൾ രാജ്യം മുഴുവൻ വ്യാപിക്കുകയും സംവാദാത്മകമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. എഴുത്തുകാരും ബുദ്ധിജീവികളും സിനിമാപ്രവർത്തകരും രാഷ്ട്രീയപ്രവർത്തകരും വിദ്യാർത്ഥികളും യുവാക്കളും ഈ സംവാദത്തെ ഇപ്പോഴും ആരോഗ്യകരമായി മുന്നോട്ട് കൊണ്ടുപോകുന്നു.

മലയാളത്തിലെ പ്രതിഭാശാലികളായ രണ്ട് എഴുത്തുകാരികൾ ഈ വിഷയത്തെ പ്രശ്നവൽക്കരിച്ചുകൊണ്ട് എഴുതിയിരിക്കുന്നു എന്നതാണ് സുൽഫത്ത് എഡിറ്റ് ചെയ്യുന്ന സംഘടിതയുടെ ഈ ലക്കത്തിന്റെ പ്രത്യേകത. ലീലാവതി ടീച്ചറും ജെ.ദേവികയും. മലയാളസാഹിത്യനിരൂപകരിൽ മുൻനിരക്കാരിൽ ഒരാളായ ലീലാവതി ടീച്ചറും മലയാളസാഹിത്യത്തേയും മലയാളിയുടെ ജീവിതത്തേയും ആഴമേറിയ പഠനഗവേഷണങ്ങൾക്ക് വിധേയമാക്കിക്കൊണ്ടിരിക്കുന്ന ദേവികയും. രണ്ടുപേരും ഒരുപോലെ സ്ത്രീകളുടെ ജീവിതത്തെയും ലിംഗപദവിയെയും കുറിച്ച് ഒരുപാട് പഠനങ്ങൾ നടത്തിയിട്ടുള്ളവരും എഴുതിയിട്ടുള്ളവരും ആണ്.

ന്യൂനപക്ഷലൈംഗികതയേയും ചുംബനസമരത്തേയും മുൻനിർത്തി ശരിതെറ്റുകൾ എങ്ങനെ, എപ്പോൾ സംഭവിക്കുന്നു എന്ന നിരീക്ഷണമാണ് ലീലാവതി ടീച്ചറുടേത്. ടീച്ചറുടെ ലേഖനം സംഘടിതയുടെ വായനക്കാർ തുറന്ന സംവാദത്തിന് ഏറ്റെടുക്കുകയും ഉന്നയിക്കപ്പെട്ട വിഷയങ്ങളുടെ നാനാവശങ്ങൾ ആരോഗ്യകരമായ ചർച്ചക്ക് വിധേയമാക്കുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു.

ദേവിക ചുംബനസമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് തിരുവനന്തപുരത്ത് സംസാരിച്ചതിന്റെ റിപ്പോർട്ടാണ് സംഘടിത പ്രസിദ്ധീകരിക്കുന്നത്. “ഞാൻ നിങ്ങളിൽ നിന്ന് ആഗ്രഹിച്ചത് സത്യത്തിൽ ചുംബനസമരം തന്നെയാണ്. അല്ലാതെ ചുംബനത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന സമരമല്ല” എന്നുപറഞ്ഞുകൊണ്ടാണ് ദേവിക സംസാരിച്ച് തുടങ്ങുന്നത്. അതേ സമയം താൻ പ്രണയിക്കുന്ന ആളോ വിവാഹം കഴിക്കാൻ പോകുന്ന ആളോ വിവാഹം കഴിച്ചയാളോ ആയ പുരുഷനെയല്ലാതെ പെൺകുട്ടികൾ ചുംബിക്കുന്നത് ആപത്ത് വരുത്തിവെക്കുകയായിരിക്കും എന്ന് ലീലാവതിടീച്ചർ സ്നേഹബുദ്ധ്യാ ഉപദേശിക്കുന്നു. ഇത് ഒരു വിഷയത്തിന്റെ രണ്ടറ്റങ്ങളാണ്. വായനക്കാർ സംവാദത്തിൽ ഏർപ്പെടുക. സ്വാഭിപ്രായങ്ങൾ രേഖപ്പെടുത്തുക.

# ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്




എം.സുൽഫത്ത്

**കേരളത്തിൽ** എല്ലാക്കാലത്തും സജീവമായി ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന വിഷയമാണ് വിദ്യാഭ്യാസം. ഈ ചർച്ചകളിൽ ഇടം പിടിക്കാതെ പോകുന്ന ചില വിദ്യാഭ്യാസ പ്രശ്നങ്ങളാണ് 'സംഘടിത' ഈ ലക്കം കൈകാര്യം ചെയ്യാൻ ഉദ്ദേശിച്ചത്.

വിദ്യാഭ്യാസം സവർണപുരുഷന്റെ മാത്രം അവകാശമായിരുന്ന ഒരു സമീപഭൂതകാലമാണുന്ന നമുക്കുള്ളത്. നവോത്ഥാന പരിശ്രമങ്ങളിലൂടേയും ത്യാഗോജ്ജ്വലസമരങ്ങളിലൂടെയും വിദ്യാലയത്തിന്റെ പടികടക്കാനുള്ള അവകാശം നേടിയെടുത്ത ഒരു ദളിത് വിദ്യാർത്ഥിക്ക് പെൺകുട്ടികൾക്ക്, സവർണപുരുഷാധിപത്യമൂല്യ സങ്കല്പങ്ങൾക്ക് പുറത്ത് ജീവിക്കുന്നവരുടെ മക്കൾക്ക് പൊതുവിദ്യാലയങ്ങളും വിദ്യാഭ്യാസവും എങ്ങനെ അനുഭവപ്പെടുന്നു, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ ഉൾക്കൊള്ളാൻ പാകമാണോ നമ്മുടെ വിദ്യാലയങ്ങൾ, സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീവിരുദ്ധമൂല്യങ്ങൾ തകർക്കുന്നതിനേക്കാൾ ഊട്ടിയുറപ്പിക്കാനല്ലേ ഇന്നത്തെ വിദ്യാഭ്യാസം കൊണ്ട് കഴിയുന്നത്. തേഡ്ജെന്റർ എന്നൊരു വിഭാഗം വിദ്യാഭ്യാസമേഖലയുടെ പരിഗണനയിൽ പോലും ഇതുവരെ വന്നിട്ടുണ്ടോ? തുടങ്ങിയ അന്വേഷണങ്ങൾക്കായിരുന്നു ഈ ലക്കത്തിന്റെ ആലോചനയിൽ ഊന്നൽകൊടുത്തത്. വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള ഇത്തരം അനുഭവങ്ങളും വിലയിരുത്തലുകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലക്കമായിരുന്നു പ്ലാൻ ചെയ്തതെങ്കിലും അത് നിറവേറ്റാൻ കഴിഞ്ഞില്ലെന്ന് ഖേദപൂർവ്വം സമ്മതിക്കട്ടെ.

സ്കൂളിൽ വിദ്യാർത്ഥിനിയെ ലൈംഗികമായി അക്രമിച്ച സംഭവം മൂടിവെച്ചുകൊണ്ട് അധ്യാപകനെ നടപടികളിൽ നിന്ന് രക്ഷിക്കാനുള്ള ശ്രമത്തെ ചെറുത്തതിന്റെ പേരിൽ നേരിട്ട വ്യക്തിപരമായ ദുരനുഭവങ്ങളും ഈ ലക്കത്തെ ബാധിച്ചിട്ടുണ്ട്.

* നമ്മുടെ കുഞ്ഞുങ്ങൾക്ക് ഒട്ടും സുരക്ഷിതമായ ഇടമല്ല വിദ്യാലയങ്ങൾ എന്ന അത്യന്തം ഗൗരവമേറിയ സംഭവങ്ങളും ഇപ്പോൾ വിദ്യാലയങ്ങളിൽ നിന്ന് പുറത്തുവന്നുകൊണ്ടിരിക്കുന്നു. അച്ചടക്കലംഘനത്തിന്റെ പേരിലും മറ്റ് നിരവധികാരണങ്ങളാലും ക്രൂരമായ മർദ്ദനങ്ങൾക്കും പട്ടിക്കൂട്ടിലടയ്ക്കുക പോലുള്ള ശിക്ഷകൾക്കും വിധേയമാകേണ്ടിവരുന്ന ബാല്യം ഒരു ആധുനിക ജനാധിപത്യസമൂഹത്തിന് ഒട്ടും ഭൂഷണമല്ല. എൽ.കെ.ജി ക്ലാസ്സുകൾ മുതലുള്ള പെൺകുഞ്ഞുങ്ങൾ അധ്യാപകരാലും മുതിർന്ന സഹപാഠികളാലും ലൈംഗികാക്രമണത്തിന് ഇരയാകുന്ന വാർത്തകൾ ആശങ്കപ്പെടുത്തുന്നു. അധ്യാപക വിദ്യാർത്ഥിബന്ധങ്ങളും സുഹൃദ്ബന്ധങ്ങളും ശിശുസൗഹാർദ്ദപരവും ജനാധിപത്യപരവുമല്ലെന്ന് തിരിച്ചറിഞ്ഞുകൊണ്ട് വിദ്യാഭ്യാസമേഖലയിൽ മാറ്റത്തിനുവേണ്ടിയുള്ള ശബ്ദങ്ങൾ ഉയർന്നുവരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

സ്ത്രീപുരുഷ സമത്വവും പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളോടുള്ള ജനാധിപത്യസമീപനവും പാഠ്യപദ്ധതിയിലും പാഠപുസ്തകങ്ങളിലും എഴുതിവെച്ചതുകൊണ്ടുമാത്രം സാധ്യമാവില്ലെന്നും ആണിനും പെണ്ണിനും ഭിന്നലൈംഗികതയുള്ളവർക്കും കായികമായും മാനസികമായും വൈകാരികമായും ഒരേ കരുത്ത് നൽകുന്ന വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അന്വേഷണത്തിന് തുടക്കം കുറിക്കേണ്ടതുണ്ടെന്നും ഓർമ്മിപ്പിക്കാൻ ഈ ലക്കം ഉപകരിക്കുമെന്ന് പ്രത്യാശിച്ചുകൊണ്ട് ഈ ലക്കം വായനക്കാർക്ക് മുന്നിൽ സമർപ്പിക്കുന്നു.



അഡ്വ.മരിയ



# ലിംഗ സമത്വ പാഠ്യപദ്ധതി

**ലോകത്തിൽ പകുതി സ്ത്രീകളും പകുതി പുരുഷന്മാരുമാണ്. എന്നാൽ ഇന്നത്തെ ഭരണ-പ്രത്യയശാസ്ത്ര-സംസ്കാര മേൽക്കുരക്ക് കീഴിൽ ഇന്നത്തെ വിദ്യാഭ്യാസ രീതിയുടെ സൃഷ്ടിയായ സ്ത്രീയുടെയും പുരുഷന്റേയും അവസ്ഥ എന്താണ്?**

**വിദ്യാഭ്യാസമെന്ന** മൂശയിലാണ് വ്യത്യസ്ഥ ഭരണ സംവിധാനങ്ങളും പ്രത്യയശാസ്ത്രങ്ങളും സംസ്കാരങ്ങളും അവർക്ക് ആവശ്യമായ പ്രജകളെ അല്ലെങ്കിൽ പൗരന്മാരെ വാർത്തെടുക്കുന്നത്. മൂശയിലേക്ക് എടുത്തെറിയുന്ന ഘടകപദാർഥങ്ങൾക്കും അവയുടെ അനുപാതത്തിനും അനുസരിച്ചിരിക്കും മൂശ പൊട്ടിക്കുമ്പോൾ ലഭിക്കുന്ന ഉത്പ്പന്നം. വിദ്യാഭ്യാസത്തെ സംബന്ധിച്ചെടത്തോളം പാഠ്യപദ്ധതിയിൽ എന്ത് ഉൾപ്പെടുത്തിയിരിക്കുന്നു എന്നതാണ് ഘടകപദാർഥം. കേക്ക് രുചിച്ചു നോക്കിയാൽ അതിലെ ഘടകപദാർഥങ്ങൾ എന്താണെന്ന് തിരിച്ചറിയാനാകുന്നത് പോലെ ഇന്നത്തെ സമൂഹത്തെ നിരീക്ഷിച്ചാലറിയാം അവർ എന്തെല്ലാം ഘടകപദാർഥങ്ങൾ കുത്തിനിറച്ച വിദ്യാഭ്യാസമൂശയുടെ ഉത്പ്പന്നമാണെന്ന്.

ലോകത്തിൽ പകുതി സ്ത്രീകളും പകുതി പുരുഷന്മാരുമാണ്. എന്നാൽ ഇന്നത്തെ ഭരണ-പ്രത്യയശാസ്ത്ര- സംസ്കാര മേൽക്കുരയ്ക്ക് കീഴിൽ ഇന്നത്തെ വിദ്യാഭ്യാസ രീതിയുടെ സൃഷ്ടിയായ സ്ത്രീയുടേയും പുരുഷന്റേയും അവസ്ഥ എന്താണ്?

ലോകത്തിലെ മൊത്തം ജോലിയുടെ 66 ശതമാനവും സ്ത്രീകൾ ചെയ്യുന്നു. എന്നാൽ ഇതിൽ നിന്ന് അവർക്ക് ലഭിക്കുന്ന വരുമാനം 10 ശതമാനം മാത്രം. അതേ സമയം 34 ശതമാനം ജോലി ചെയ്യുന്ന പുരുഷന്മാർ കൈവശപ്പെടുത്തുന്നത് വരുമാനത്തിന്റെ 90 ശതമാനം. സ്വത്തിന്റെ കാര്യത്തിൽ, മൊത്തം ജോലിയുടെ മൂന്നിൽ രണ്ടു ഭാഗം ജോലി ചെയ്ത് നടുവൊടിയുന്ന സ്ത്രീകളുടെ കൈവശമുള്ളത് ഒരു ശതമാനം. പുരുഷന്റെ പക്കൽ 99 ശതമാനം. 14 വയസ് വരെ വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവുമായിട്ടുള്ള ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിലെ അവസ്ഥ എന്താണ്? 120 കോടിയിലധികം ജനസംഖ്യയുള്ള രാജ്യത്തെ ജോലിപ്രായത്തിലുള്ള 15 മുതൽ 59 വയസ്സ് വരെയുള്ള സ്ത്രീകളിൽ 88 ശതമാനവും 'കുലിയില്ലാപ്പണി'യായ വീട്ടുപണിക്കാർ! തന്മൂലം 2013 -ലെ ആഗോള ലിംഗവിടവ് സൂചികയിൽ (ഗ്ലോബൽ ജെന്റർ ഗ്യാപ് ഇന്റക്സ്) രാജ്യം 101-ാം സ്ഥാന

ത്ത്. കുലിയില്ലാ വീട്ടുപണി എത്ര ശതമാനം പുരുഷന്മാർ ചെയ്യുന്നുണ്ടെന്ന് മനസ്സിലാക്കാൻ സ്വന്തം വീട്ടിലെയും അയൽപക്കത്തെയും 'പുരുഷ കേസരി' മാരെ മാത്രം നോക്കിയാൽ മതിയാകും. സംഘടിത വിഭാഗ ജോലിക്കാരിൽ സ്ത്രീ സാന്നിധ്യം 14–15 ശതമാനത്തിലൊതുങ്ങുന്നു. മാനേജ്മെന്റ് തലത്തിൽ ഇത് രണ്ട്–മൂന്ന് ശതമാനം മാത്രം. അതായത് സിംഹഭാഗവും പുരുഷൻ കൈയ്യടക്കി വാഴുന്നു എന്ന് സാരം. സമ്മതിദായകരിൽ 50 ശതമാനവും സ്ത്രീ വോട്ടർമാരാണെങ്കിലും സംസ്ഥാന നിയമനിർമ്മാണസഭകളിലും പാർലമെന്റിലും 15 ശതമാനമെന്ന കടമ്പ പോലും ഇതുവരെ വനിതാ പ്രാതിനിധ്യം കടന്നിട്ടില്ല. അതായത് 85 ശതമാനവും പുരുഷന്മാരുടെ കൈവശത്തിലെന്നർഥം. സാക്ഷരതയുടെ കാര്യത്തിൽ പുരുഷന്മാർ 82 ശതമാനം എത്തിപ്പിടിച്ചപ്പോഴും സ്ത്രീകൾ ഇപ്പോഴും 65–ൽ തപ്പിത്തടയുകയാണ്.

ഉത്പന്നം കണ്ട സ്ഥിതിക്ക് ഘടകപദാർഥങ്ങൾ എന്താണെന്ന് തിരിച്ചറിയാൻ സ്വർണ്ണതാംബൂല പ്രശ്നം വെച്ചുനോക്കേണ്ട ആവശ്യമില്ല. കാരണം ഇന്നലെത്തെയും ഇന്നത്തെയും വിദ്യാഭ്യാസ മൂശയിലെ പാഠ്യപദ്ധതി എന്ന ഘടക പദാർഥങ്ങൾ വ്യക്തമാണ്. ചില ഘടക പദാർഥങ്ങൾ ഇവയാണ്. സ്ത്രീയുടെ ഇടം വീടും, കുലിയില്ലാ വീട്ടുപണി അവളുടെ കടമയുമാണ്. ഭരണവും പദ്ധതി ആസൂത്രണവും കാര്യനിർവ്വഹണവും സ്ത്രീക്കുള്ളതല്ല, മറിച്ച് പുരുഷന്റെ കുത്തകയാണ്. സ്വത്തിനവകാശി സ്ത്രീയല്ല, പുരുഷനാണ്. സ്ത്രീ പോലും പുരുഷന്റെ സ്വത്താണ്. ഇന്നത്തെ പെതുവിദ്യാഭ്യാസത്തിലെ പാഠ്യപദ്ധതിയിൽ തെളിഞ്ഞും ഒളിഞ്ഞും മുകളിൽ പറഞ്ഞവ കാണാം. മതവിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള പാഠ്യപദ്ധതിയിലും ഇത് തന്നെയാണ്

> **പൊതുവിദ്യാഭ്യാസത്തിലായാലും, മത വിദ്യാഭ്യാസത്തിലായാലും, രാഷ്ട്രീയ പാർട്ടികളുടെ സ്റ്റഡി ക്ലാസുകളിലായാലും പാഠ്യപദ്ധതിയിൽ സമൂലവും സമത്വത്തിൽ അധിഷ്ഠിതവുമായ ക്രിയാത്മക മാറ്റം ഉണ്ടാകാത്തിടത്തോളം കാലം ചരിത്രം ആവർത്തിച്ചു കൊണ്ടേയിരിക്കും. സമത്വവും അവകാശങ്ങളും വാക്കിലും, യാഥാർഥ്യം ഇവയുടെ തുടർച്ചയായുള്ള നിഷേധത്തിലുമായിരിക്കും.**

അവസ്ഥ. രാഷ്ട്രീയ പാർട്ടികളുടെ സ്റ്റഡി ക്ലാസുകളിലെ സ്ഥിതി വ്യത്യസ്ഥമാണോ? അല്ലെങ്കിൽ എങ്ങിനെ പുരുഷൻ സ്ത്രീയുടെ ശിരസ്സും, തൊഴിലാളിസ്ത്രീ തൊഴിലാളിയുടെ ഭാര്യയുമാകും? പൊതുവിദ്യാഭ്യാസത്തിലായാലും, മതവിദ്യാഭ്യാസത്തിലായാലും, രാഷ്ട്രീയ പാർട്ടികളുടെ സ്റ്റഡി ക്ലാസുകളിലായാലും പാഠ്യപദ്ധതിയിൽ സമൂലവും സമത്വത്തിൽ അധിഷ്ഠിതവുമായ ക്രിയാത്മക മാറ്റം ഉണ്ടാകാത്തിടത്തോളം കാലം ചരിത്രം ആവർത്തിച്ചു കൊണ്ടേയിരിക്കും. സമത്വവും അവകാശങ്ങളും വാക്കിലും, യാഥാർഥ്യം ഇവയുടെ തുടർച്ചയായുള്ള നിഷേധത്തിലുമായിരിക്കും.

ഇന്നത്തെ വികല–വിനാശ വികസനത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന ലോകം, വികസിത–വികസ്വര–അവികസിത രാഷ്ട്രങ്ങളെന്ന വേലിക്കെട്ടുകൾ മറികടന്ന് സുസ്ഥിര വികസനത്തിന്റെ സാധ്യതകൾ ആരായുന്ന തിരക്കിലാണ്. പ്രകൃതി വിഭവങ്ങളുടെയും പച്ചമനുഷ്യരുടെയും ചൂഷണത്തിലധിഷ്ഠിതമായ വികല–വിനാശ വികസനത്തിനുള്ള പ്രായോഗിക ബദൽ സുസ്ഥിര വികസനമാണെന്ന് ലോകം തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇത് തികച്ചും സ്വാഗതാർഹമാണ്. എന്നാൽ ഈ തിരിച്ചറിവ് മുൻകാല വികസന മാതൃകയുടെ ദുരന്ത ഫലങ്ങളുടെ തനി ആവർത്തനം ആകാതിരിക്കണമെങ്കിൽ സുസ്ഥിര വികസനത്തിന്റെ കേന്ദ്രസ്ഥാനത്ത് സ്ത്രീയ്ക്ക് അർഹമായ സ്ഥാനമുണ്ടാകണം. ലളിതമായി പറഞ്ഞാൽ സുസ്ഥിര വികസനം ലിംഗ സമത്വത്തിൽ തായ്‌വേര് ഉറപ്പിച്ചതായിരിക്കണം. ഇതിന്റെ ചലനശക്തിയും ചാലകശക്തിയും വിപ്ലവകരമായ മാറ്റത്തിന് വിധേയമായ വിദ്യാഭ്യാസവും അതിന്റെ ജീവാത്മാവും പരമാത്മാവും തിരുത്തിക്കുറിക്കപ്പെട്ട പാഠ്യപദ്ധതിയുമായിരിക്കണം. ഈ തിരുത്തിക്കുറിക്കലിൽ കാതലായി എന്തെല്ലാം ഉൾപ്പെടുത്തപ്പെടണം എന്നത് വിദ്യാഭ്യാസ മേലാളന്മാർക്ക് ലാഘവമായി കൈകാര്യം ചെയ്യാനുള്ള അവസരമായി വിട്ടുകൊടുക്കരുത്. ഇതിൽ ലിംഗ സമത്വത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ചിന്തകൾക്കും പ്രായോഗിക നിർദ്ദേശങ്ങൾക്കും അർഹമായ സ്ഥാനം ലഭിക്കേണ്ടതുണ്ട്.

പാഠ്യപദ്ധതിയിലെ പൊളിച്ചെഴുത്ത് ആദ്യം ആരംഭിക്കേണ്ടത് ലിംഗാധിഷ്ഠിത ജോലി – പ്രവർത്തി വിഭജനത്തിലും അവയ്ക്ക് കൽപ്പിക്കപ്പെടുന്ന മൂല്യത്തിനുമാണ്. സ്ത്രീ–പുരുഷ അസമത്വത്തിന്റെ അടിത്തറ ലിംഗാധിഷ്ഠിത ജോലി വിഭജനമാണെന്ന വസ്തുത സ്ത്രീ സമൂഹം തിരിച്ചറിയേണ്ടതുണ്ട്. നിലവിലെ പാഠ്യപദ്ധതി പ്രത്യക്ഷ

മായും പരോക്ഷമായും നടത്തുന്ന മസ്തിഷ്ക്ക പ്രക്ഷാളനം സ്ത്രീക്ക് ചില ജോലികൾ, പുരുഷന് മറ്റ് ചില ജോലികൾ, അവയ്ക്ക് വ്യത്യസ്ഥ മൂല്യം എന്നിങ്ങനെയാണ്. ഉദാഹരണത്തിന് വീട്ടുപണി സ്ത്രീക്ക്, പുറം പണി പുരുഷന്. വീട്ടുപണിക്ക് കൂലിയില്ല, പുറം പണിക്ക് കൂലിയുണ്ട് എന്നിങ്ങനെയാണ്. വരികൾക്കിടയിൽ വായിച്ചാൽ ഇത് നൽകുന്ന സന്ദേശം സ്ത്രീകൾ ചെയ്യുന്ന ജോലി മൂല്യമില്ലാത്തതും പുരുഷൻ ചെയ്യുന്ന ജോലി മൂല്യമുള്ളതാണെന്നുമാണ്, അല്ലെങ്കിൽ സ്ത്രീകൾ ചെയ്യുന്ന ജോലി മൂല്യം കുറഞ്ഞതും, പുരുഷൻ ചെയ്യുന്ന ജോലി മൂല്യം കൂടിയതുമാണെന്നുമാണ്. ഇത് സമൂഹത്തിൽ സൃഷ്ടിക്കുന്നത് ദൂരവ്യാപകമായ ഫലമാണ്. അതായത് ഗാർഹിക തലത്തിലായാലും പ്രാദേശിക തലത്തിലായാലും ദേശീയ തലത്തിലായാലും, ആഗോള തലത്തിലായാലും പെണ്ണ് ചെയ്യുന്ന പ്രവർത്തിയുടെ മൂല്യം ചെറുതാക്കി കാണാനും ആണ് ചെയ്യുന്ന പ്രവർത്തിയുടെ മൂല്യം പർവ്വതീകരിച്ച് കാണാനുമുള്ള മാനോഭാവം സമൂഹത്തിൽ ഇതുമൂലം സൃഷ്ടിക്കപ്പെടുന്നു. സത്രീയും പുരുഷനും ചെയ്യുന്ന ഒരേ ജോലിക്ക് പുരുഷന് വേതനം കുടുതലും സ്ത്രീക്ക് കുറഞ്ഞ വേതനവും, പുരുഷനെക്കാൾ പലമടങ്ങ് കുടുതൽ അദ്ധ്വാനിച്ചാലേ പുരുഷനോട് ഒപ്പമെങ്കിലും എത്തിയതായി സ്ത്രീ പരിഗണിക്കപ്പെടു എന്നുള്ളതും ഈ മനോഭാവത്തിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളാണ്.

ലിംഗ സമത്വത്തിൽ അധിഷ്ഠിതമായ പാഠ്യപദ്ധതി പഠിതാവിൽ ആദ്യം ഊട്ടി ഉറപ്പിക്കേണ്ടത് ജോലി ലിംഗാധിഷ്ഠിതമല്ലെന്നും, അത്തരത്തിലുള്ള ജോലി വിഭജനം വിവേചനമാണെന്നുമാണ്. മറ്റൊരു കാര്യം ഏതൊരു ജോലിക്കും മൂല്യമുണ്ടെന്നും, ഒരേ ജോലി പുരുഷൻ



**ലിംഗസമത്വത്തിൽ അധിഷ്ഠിതമായ പാഠ്യപദ്ധതി പഠിതാവിൽ ആദ്യം ഊട്ടി ഉറപ്പിക്കേണ്ടത് ജോലി ലിംഗാധിഷ്ഠിതമല്ലെന്നും, അത്തരത്തിലുള്ള ജോലി വിഭജനം വിവേചനമാണെന്നുമാണ്. മറ്റൊരു കാര്യം ഏതൊരു ജോലിക്കും മൂല്യമുണ്ടെന്നും, ഒരേ ജോലി പുരുഷൻ ചെയ്താലും സ്ത്രീ ചെയ്താലും അതിന്റെ മൂല്യം തുല്യമാണെന്നുമാണ്.**

ചെയ്താലും സ്ത്രീ ചെയ്താലും അതിന്റെ മൂല്യം തുല്യമാണെന്നുമാണ്. ഇത്തരം ഒരു ചുവടു മാറ്റം, മാറിയ വീക്ഷണം, ഇന്ന് സ്ത്രീ സമൂഹം അനുഭവിക്കുന്ന രണ്ടാം തരം പൗരത്വത്തിനും സമ്പത്തിക പിന്നാക്കഅവസ്ഥയ്ക്കും അറുതി വരുത്താൻ സഹായകമാകും. വീട്ട് ജോലിക്ക് സാമ്പത്തിക മൂല്യവും ഒരേ ജോലിക്ക് ലിംഗ ഭേദമെന്യേ ഒരേ വേതനവും ലഭിക്കുന്നത് സ്ത്രീ സമൂഹത്തിൽ വിപ്ലവാത്മകമായ മാറ്റം വരുത്തുമെന്ന കാര്യത്തിൽ ആർക്കാണ് സംശയമുണ്ടാകുക?

പാഠ്യപദ്ധതിയിൽ രണ്ടാമതായി ഉൾപ്പെടുത്തേണ്ടത് ഇരു ലിംഗത്തിൽ പെട്ടവർക്കും അവരുടെ ശരീരത്തിന്മേലുള്ള പരിപൂർണ്ണ അവകാശത്തെക്കുറിച്ചായിരിക്കണം. പെൺകുട്ടിയുടെ ശരീരം അവളുടേതും, ആൺകുട്ടിയുടെ ശരീരം അവന്റേതുമാണ്. പെൺകുട്ടിയുടെ സമ്മതവും അനുവാദവും കൂടാതെ ആൺകുട്ടിയോ, ആൺകുട്ടിയുടെ സമ്മതവും അനുവാദവും കൂടാതെ പെൺകുട്ടിയോ പരസ്പരം ബോധപൂർവ്വം സ്പർശിക്കാൻ കൂടി പാടില്ല. അല്ലാതെയുള്ള ഏതൊരു പ്രവർത്തനവും അത് ആരുടെ ഭാഗത്ത് നിന്നുണ്ടായാലും അതിക്രമവും അവകാശ ലംഘനവുമായി ചെറുപ്പത്തിൽ തന്നെ ഇരു ലിംഗത്തിൽ പെട്ടവരും മനസ്സിലാക്കേണ്ടതുണ്ട്. ഇത് സ്വന്തം ശരീരത്തെക്കുറിച്ചുള്ള അവകാശ ബോധത്തിനും തന്റെ സമ്മതമോ അനുവാദമോ കൂടാതെ തന്റെ ശരീരത്തിൽ തൊടുന്നത് പോലും ചെറുക്കപ്പെടേണ്ടതാണെന്ന വിശ്വാസത്തിനും വഴിയൊരുക്കും. വിദ്യാഭ്യാസ

കാലത്തും ഭാവിയിലും തനിക്ക് നേരെ ഉണ്ടാകാൻ ഇടയുള്ള ലൈംഗികവും ലൈംഗികേതരവുമായ അതിക്രമങ്ങളെ വലിയൊരു പരിധിവരെ ധീരമായി നേരിടാനും, തന്നെ ഇരയുടെ ആട്ടിൻതോൽ കുപ്പായം അണിയിക്കാനുള്ള പുരുഷമേധാവിത്വ സമൂഹത്തിന്റെ എഴുതി തയ്യാറാക്കിയ തിരക്കഥ പിച്ചിച്ചീന്തി എറിയാനും ഇത് സഹായകരമാകും. പാഠ്യപദ്ധതിയുടെ ഭാഗമായി ആയോധനകല പരിശീലിപ്പിക്കുന്നത് സ്വന്തം ശരീര സംരക്ഷണത്തിനും ജീവിതത്തിലെ വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിടുന്നതിനുള്ള ആത്മവിശ്വാസം വളർത്താനും ഇടവരുത്തും. സ്വയം പ്രതിരോധിക്കാൻ വും, ഭൗതികവും, ബൗദ്ധികവുമായ ശാക്തീകരണം ഇതിൽ ഉൾപ്പെടണം. അധികാര സ്ഥാനങ്ങളിൽ കൈയ്യെത്തി പിടിക്കേണ്ടതിന്റെയും അവിടങ്ങളിൽ സ്ഥാനം ഉറപ്പിക്കേണ്ടതിന്റെയും ആവശ്യകതയ്ക്ക് പാഠ്യപദ്ധതിയിൽ ഊന്നൽ നൽകേണ്ടതുണ്ട്. കാരണം ലിംഗ സമത്വത്തിൽ അധിഷ്ഠിതമായ സുസ്ഥിര വികസന പ്രക്രിയയിൽ ദാതാക്കളും ഗുണഭോക്താക്കളുമല്ല ഉണ്ടാകേണ്ടത്, മറിച്ച് തുല്യ പങ്കാളിത്വമുള്ള പങ്കാളികളാണ്. ഇവിടെ ദാതാവിന്റെ ദാർഷ്ട്യത്തിനും ഗുണഭോക്താവിന്റെ താഴ്മയ്ക്കും സ്ഥാനമില്ല. ലിംഗ-സമത്വ സുസ്ഥിര വികസന പ്രക്രിയയിൽ വികസന നയം രൂപീകരിക്കുന്ന തുല്യമായി സ്ത്രീ ശാക്തീകരിക്കപ്പെടുകയും അധികാരം കൈയ്യാളുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

പതിന്നാല് വയസ്വരെയെങ്കിലും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകണമെന്ന നിയമം ഇന്ന് നമ്മുടെ നാട്ടിലുണ്ട്. വലിയൊരളവ് വരെ നിയമം നടപ്പിലാക്കപ്പെടുന്നുമുണ്ട്. എന്നാൽ പാഠ്യപദ്ധതി ഇപ്പോഴും പുരുഷാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും പുരുഷതാത്പര്യങ്ങൾ പരിരക്ഷിക്കുന്നതിനും പ്രത്യേകം രൂപകൽപ്പന ചെയ്തവ തന്നെയാണ്. ഇത് ഉടച്ച് വാർക്കപ്പെടേണ്ട കാലം പിന്നിട്ട് കഴിഞ്ഞിരിക്കുന്നു. ഇരയുടെ വേഷമണിഞ്ഞും,



പരിശീലനം സിദ്ധിച്ച വ്യക്തികളുള്ള സമൂഹത്തിന് പെൺകുട്ടികൾക്കും സ്ത്രീകൾക്കും നേരെ വർദ്ധിച്ചു വരുന്ന ലൈംഗിക-ലൈംഗികേതര അതിക്രമങ്ങൾ കണ്ട് ലജ്ജിച്ച് തലകുനിക്കേണ്ടി വരില്ല.

പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട മറ്റൊന്ന് ശാക്തീകരണത്തെയും അധികാരത്തെയും സംബന്ധിച്ചാവണം. ആത്മീകതിലും, പദ്ധതികളും, പരിപാടികളും ആവിഷ്ക്കരിക്കുന്നതിലും, അവ നടപ്പിലാക്കുന്നതിലും, പദ്ധതി-പരിപാടി നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നതിലും, വിജയ-പരാജയങ്ങൾ വിലയിരുത്തുന്നതിലും സ്ത്രീക്കും പുരുഷനും തുല്യ പങ്കാളിത്തവും ഉത്തരവാദിത്വവുമാണ് ഉണ്ടാകേണ്ടത്. ഇതിന് പുരുഷന് രണ്ടാം പൗരത്വം എന്ന നുകം പേറിയും പുരുഷനെഴുതിയ ഈ അസംബന്ധ നാടകത്തിൽ കഴിഞ്ഞ 20 നൂറ്റാണ്ട് സ്ത്രീകൾ അഭിനയിച്ചു മടുത്ത് കഴിഞ്ഞു. ഇനി നമുക്കാവശ്യം ലിംഗ സമത്വം അനുഭവഭേദ്യമാക്കുന്ന വിദ്യാഭ്യാസ തിരക്കഥയാണ്. കാരണം 21-ാം നൂറ്റാണ്ട് സ്ത്രീകളുടെ നൂറ്റാണ്ടാണ്.

ശരീരത്തിൽ പരതി നടക്കുന്ന അവിഹിതവിരലുകളാവുന്ന ആ അധഃപതനത്തിന് എന്തുപേരാണ് നൽകുക?

എങ്കിലും ഇവിടേയും മാനുഷികമായതൊന്നും എനിക്കന്യമല്ല എന്നൊരു വിനയം സൂക്ഷിക്കുന്നതായിരിക്കും ഉചിതം. മനസ്സിന്റെ ഇരുണ്ട ആഴങ്ങൾ സ്വന്തം ഉള്ളിലേക്കു നോക്കുന്ന ഏതു സത്യസന്ധനായ മനുഷ്യനേയും അമ്പരപ്പിക്കുക തന്നെ ചെയ്യും. എങ്കിലും ആ ഇരുട്ട് പുറത്തേക്കൊഴുക്കാൻ, മറ്റൊരു വെളിച്ചം അതുപയോഗിച്ച് മുക്കിക്കളയാൻ ശ്രമിക്കുന്നതിനു മുൻപേ നിങ്ങളിലെ ദൈവവും മനുഷ്യനും ഉണർന്നേ പറ്റൂ. അതിനു കഴിയുന്നുണ്ടോ ഇല്ലയോ എന്നിടത്താണ് മനുഷ്യരിലെ വ്യത്യസ്തത എന്നു തോന്നുന്നു. യുങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, ഒരേ കാലത്ത് ജീവിക്കുമ്പോഴും മനുഷ്യമനസ്സുകൾ പല കാലങ്ങളിലേതാണ്. പല തലങ്ങളിലാണ്. സമകാലിക മനസ്സുവെച്ച് ഒരു ശിലായുഗമനസ്സിന്റെ ഉടമയോട് സംഭാഷണത്തിലേർപ്പെടുന്നത് ഒരുപാട് ഊർജ്ജനഷ്ടം ഉണ്ടാക്കും. നിങ്ങൾക്ക് അയാളേയും അയാൾക്ക് നിങ്ങളേയും മനസ്സിലാവാൻ ബുദ്ധിമുട്ടാണ്. എങ്കിലും പ്രത്യേകബുദ്ധന്മാരായി മാറി നിൽക്കാതെ നമുക്കവരെക്കൊണ്ട് മനസ്സിലാക്കിക്കാനുള്ള കഠിന ശ്രമം തുടരേണ്ടതുണ്ട്.

സ്ത്രീവാദം തിരിച്ചറിയുന്ന പോലെ പുരുഷാധിപത്യത്തിന്റെ സ്വാഭാവികപരിണതിയാണ് ബലാൽസംഗം. സ്ത്രീയുടെ വസ്തുവൽക്കരണമാണ് നമ്മുടെ പരസ്യങ്ങളും സിനിമകളും സാഹിത്യവുമൊക്കെ സാധിച്ചെടുക്കുന്നത്. അവളുടെ കർത്തൃത്വം, ബുദ്ധി, മനസ്സ്, ആത്മാവ് ഒക്കെയും തമസ്ക്കരിക്കപ്പെടുന്നു. അവൾ കാണപ്പെടുന്ന രൂപം മാത്രമാവുന്നു. ആ പ്രസിദ്ധമായ ബുദ്ധിസ്റ്റ് കഥയിലെപ്പോലെ, വഴിയിലൂടെ പോകുന്ന സ്ത്രീയെ നോക്കി അതാ പോകുന്നു ഒരു





സ്ഥികൂടം എന്ന ആഴക്കാഴ്ച അത്രക്ക് എളുപ്പമല്ലെന്നറിയാം. എങ്കിലും അതാ പോകുന്നു എന്നെപ്പോലൊരാൾ എന്നു തോന്നാനുള്ള ജനാധിപത്യ ബോധം ആണുങ്ങൾക്കുണ്ടായേ പറ്റൂ.

കണ്ടില്ലെ, ലോകം ചീത്തയാണ്. അതിനാൽ വീടിന്റെ നാലുചുമരുകൾക്കകത്തേക്ക് മടങ്ങുക, ആണുങ്ങളില്ലാതെ പുറത്തിറങ്ങാതിരിക്കുക. ഇരുട്ടുംമുമ്പേ കൂടണയുക എന്നൊക്കെപ്പറയുന്ന പാരമ്പര്യവാദികൾക്കൊപ്പമല്ല ഒരിക്കലും സ്ത്രീവാദി. സീമോങ്ങ് ദ ബൂവ എഴുതിയപോലെ, പുരുഷൻ എന്ന ഇടനിലക്കാരനിലൂടെയല്ല അവൾ പ്രപഞ്ചവുമായി സംവദിക്കുന്നത്. എന്റെ ഇടത്തിൽ എന്റെ സമ്മതം കൂടാതെ അതിക്രമിച്ചു കയറാൻ നിങ്ങൾക്കെന്തവകാശം എന്ന് ചോദിക്കുന്ന 'തന്റേടി'യാണവൾ. നിവേദിത മേനൻ പറയുന്നതു പോലെ ബലാത്സംഗം ചെയ്തയാൾ ഇരയെ വിവാഹം കഴിക്കുന്നതോടെ തീരും സദാചാരവാദികളുടെ പ്രശ്നം. എന്നാൽ അത് ഒരു പ്രശ്നപരിഹാരമേയല്ല സ്വത്വമുള്ള സ്ത്രീക്ക്.

ബലാൽസംഗത്തിന്റെ ഇരയല്ലെങ്കിലും ആൺകോയ്മാ സമൂഹത്തിൽ ഏതു പെണ്ണും ബലാൽസംഗഭീഷണിയുടെ ഇരയാണ് എന്ന് സൂസൻ ബ്രൗൺമില്ലർ വാദിക്കുന്നത് വളരെ ശരിയാണ്. ഈ ബോധം സ്ത്രീയെ എപ്പോഴും ജാഗരൂകയാക്കുന്നുണ്ട്. അവളുടെ സ്വാസ്ഥ്യം കെടുത്തുന്നുണ്ട്. രാത്രി ട്രെയിനിൽ അപരിചിത പുരുഷന്മാർക്കൊപ്പം ഒറ്റക്കാവുമ്പോൾ അവൾ ഉറങ്ങാറില്ല.

ശാരീരികതയുടെ ഈ ഇരുണ്ട സമൂഹഭൂപടത്തിൽ സ്ത്രീ എവിടെയാണ് അവളുടെ ലൈംഗികതയുടെ വെളിച്ചം നിറഞ്ഞ ദ്വീപുകൾ അടയാളപ്പെടുത്തുക? മനസ്സുകൾ പരസ്പരം പുണരുന്നതിൻ മുൻപേ ശരീരങ്ങൾ മൃഗതുല്യം ഇണചേരുന്ന ആദ്യരാത്രികളിൽ അശ്ലീലം കാണാൻ നമുക്കിപ്പോഴും കഴിയുന്നില്ലല്ലോ. ഒരേ സമയം ഭോഗവും മോക്ഷവുമാകുന്ന യഥാർത്ഥ പ്രണയം (ആശാന്റെ നളിനിയെ ഓർക്കുക) കവിതയിൽ നിന്ന് ജീവിതത്തിലേക്കിറങ്ങി വന്നാൽ നാമതിനെ കല്ലെറിയും. കുരിശിലേറ്റും. എന്നാൽ സാഹിത്യത്തിൽപ്പോലും ഇവയെല്ലാം അപ്രത്യക്ഷമാവുകയാണ് എന്നതാകുന്നു മലയാളിയുടെ വർത്തമാന കാല ദുരന്തം. ●



# പെൺകുട്ടികൾ ഓടിരക്ഷപ്പെടുകയെങ്കിലും ചെയ്യട്ടെ

എം.സുൽഫത്ത്

**പൊതുസ്ഥലത്ത്**

സ്ത്രീകളുടെ അന്തസ്സ് ഹനിക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ ചെയ്യുന്നതും ഏതൊരു സ്ഥലത്തുവെച്ചും സ്ത്രീകളുടെ ന്യായമായ സ്വകാര്യതക്ക് ഭംഗം വരുന്ന രീതിയിൽ ഫോട്ടോയോ വീഡിയോയോ എടുക്കുന്നതും മൂന്ന് വർഷം വരെ തടവോ പതിനായിരം രൂപയിൽ കവിയാത്ത പിഴയോ രണ്ടും കൂടിയോ അർഹിക്കുന്ന കുറ്റമാണ്. 2011ലെ കേരളപോലീസ് ആക്ട് അനുസരിച്ച് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കുള്ള ശിക്ഷയാണിത്. 2013 ഫെബ്രുവരി 3ലെ സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള ഓർഡിനൻസ് സ്ത്രീകളുടെ പുറകെ നടക്കുക, ഒളിഞ്ഞുനോക്കുക, ആസിഡ് ആക്രമണം നടത്തുക, അശ്ലീല ആംഗ്യം കാട്ടുക, അശ്ലീലം സംസാരിക്കുക, അശ്ലീലസ്പർശം നടത്തുക എന്നിവ മൂന്ന് വർഷത്തെ തടവു ശിക്ഷ ലഭിക്കുന്ന കുറ്റവും മാരകമായി പരിക്കേല്പിച്ചുകൊണ്ടുള്ള ബലാത്സംഗവും കൂട്ടബലാത്സംഗവും പ്രതിയുടെ മരണം വരെ തടവു ലഭിക്കുന്ന കുറ്റവുമാ

**2014 മാർച്ച് 31 വരെ കേരളത്തിൽ സ്ത്രീകൾക്കു നേരെ നടന്ന കുറ്റകൃത്യങ്ങളുടെ കണക്ക്**

## CRIMES AGAINST WOMEN 2014 UP TO MARCH
## (National crime Record Bureo)

| | RAPE | MOLESTATION | KIDNAPPING | EVE TEASING | DOWRY DEATH | CRUELTY BY HUSBAND/ RELATIVE | OTHER OFFENCESS | TOTAL |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം സിറ്റി | 26 | 77 | 2 | 5 | 0 | 39 | 24 | 173 |
| റൂറൽ | 30 | 153 | 1 | 4 | 1 | 94 | 38 | 321 |
| പത്തനംതിട്ട | 15 | 51 | 1 | 3 | 0 | 43 | 41 | 154 |
| കൊല്ലം സിറ്റി | 15 | 104 | 3 | 9 | 1 | 78 | 14 | 224 |
| റൂറൽ | 20 | 75 | 5 | 0 | 1 | 79 | 9 | 189 |
| ആലപ്പുഴ | 16 | 76 | 0 | 3 | 0 | 60 | 2 | 157 |
| ഇടുക്കി | 17 | 63 | 2 | 5 | 0 | 43 | 20 | 150 |
| കോട്ടയം | 16 | 63 | 1 | 5 | 0 | 53 | 14 | 152 |
| എറണാകുളം സിറ്റി | 14 | 46 | 0 | 3 | 0 | 41 | 18 | 122 |
| റൂറൽ | 17 | 62 | 1 | 11 | 0 | 50 | 93 | 234 |
| തൃശ്ശൂർ സിറ്റി | 4 | 28 | 0 | 6 | 0 | 32 | 75 | 145 |
| റൂറൽ | 26 | 81 | 2 | 6 | 0 | 122 | 75 | 312 |
| പാലക്കാട് | 19 | 36 | 3 | 2 | 1 | 111 | 14 | 186 |
| മലപ്പുറം | 30 | 104 | 1 | 2 | 0 | 145 | 114 | 396 |
| കോഴിക്കോട് സിറ്റി | 7 | 31 | 0 | 1 | 0 | 44 | 100 | 183 |
| റൂറൽ | 19 | 63 | 0 | 2 | 1 | 87 | 30 | 202 |
| വയനാട് | 12 | 30 | 3 | 0 | 0 | 25 | 28 | 98 |
| കണ്ണൂർ | 17 | 57 | 3 | 4 | 0 | 97 | 94 | 272 |
| കാസർഗോഡ് | 14 | 42 | 1 | 4 | 0 | 67 | 65 | 193 |
| ആകെ | 334 | 1242 | 29 | 75 | 5 | 1310 | 868 | 3863 |

ണെന്ന് വിധിക്കുന്നു.

വളരെ കർശനമായ ഈ നിയമങ്ങൾ നിലനിൽക്കുമ്പോഴും സ്ത്രീകൾക്കുനേരെയുള്ള ലൈംഗികാക്രമണങ്ങൾ കൂടിവരുന്നതായിട്ടാണ് ദേശീയ ക്രൈംറിക്കാർഡ് ബ്യൂറോയുടെ കണക്കുകൾ കാണിക്കുന്നത്. 100% സാക്ഷരതയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ സാംസ്കാരികമുന്നേറ്റവും അവകാശപ്പെടുന്ന കേരളമാവട്ടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിനേക്കാൾ ബലാത്സംഗക്കേസുകളുടെ എണ്ണത്തിൽ മുന്നിലാണ്. 2012 ൽ 1019 ഉം 2013–ൽ 1221 ഉം 2014 മാർച്ച് വരെ 334 ഉം ബലാത്സംഗക്കേസുകളാണ് ദേശീയ ക്രൈംറിക്കോർഡ് ബ്യൂറോയുടെ കണക്കുപ്രകാരം കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. തമിഴ്നാട്ടിലാവട്ടെ 2012–ൽ 737ഉം 2013 ൽ 923 ഉം ബലാത്സംഗക്കേസുകളാണ് രജിസ്റ്റർ ചെയ്തത്.

രജിസ്റ്റർ ചെയ്യപ്പെടാത്ത സംഭവങ്ങൾ കണക്കുകൾക്കും അപ്പുറമാണ്. ഭരണകൂടത്തിന്റേയും നിയമസംവിധാനത്തിന്റേയും പരാജയമാണ് ഇത് കാണിക്കുന്നത്.

ഭരണകൂടവും നീതിന്യായസംവിധാനങ്ങളും ഇരകളുടെ, നീതിക്കുവേണ്ടിയുള്ള ആർത്തനാദങ്ങളോട് ഏറ്റവും നിരുത്തരവാദപരമായാണ് പെരുമാറിക്കൊണ്ടിരിക്കുന്നത് എന്നതിന് നമ്മുടെ മുമ്പിൽ ഒരുപാട് ഉദാഹരണങ്ങളുണ്ട്. പേരുകൊണ്ടല്ലാതെ സ്ഥലനാമങ്ങൾ കൊണ്ട് അറിയപ്പെടുന്ന ഇരകൾ. ലൈംഗികപീഡനങ്ങൾ കൂടിവരുന്നതിന് ഏറ്റവും പ്രധാനപ്പെട്ട കാരണവും ഈ നീതി നിഷേധമാണ്. സ്ത്രീക്ക് അനുകൂലമായ നിയമങ്ങൾ ഉണ്ടെങ്കിലും ഭരണകൂടത്തിന്റേയും നീതിന്യായസംവിധാനങ്ങളുടെയും പുരുഷാധിപത്യ ചട്ടക്കൂടും സമീപനവും നിയമം നടപ്പാവുന്നതിന് തടസ്സം നിൽക്കുന്നു. ഇരകളുടെ പക്ഷത്ത് നിൽക്കേണ്ട രാഷ്ട്രീയപ്രസ്ഥാനങ്ങൾ പലപ്പോഴും നിയമനടപടികളിൽ പ്രതികളെ രക്ഷപ്പെടുത്താനുള്ള ഇടപെടൽ നടത്തുന്നതും നമുക്ക് പരിചിതമാണ്. മധ്യസ്ഥശ്രമങ്ങളിലൂടെ കുറ്റകൃത്യം നിയമത്തിനു മുന്നിലെത്തുന്നത് തടയുന്നതും നിയമനടപടികളിൽ നിന്ന് ഇരകളെ പിന്തിരിപ്പിക്കുന്നതും പ്രതികളുടെ പക്ഷം പിടിക്കുന്നതുമൊക്കെ ഇത്തരം ഇടപെടലുകളിൽപെട്ടതാണ്. സമൂഹത്തിൽ നിന്നോ കുടുംബത്തിൽ നിന്നോ പൂർണ്ണ പിന്തുണകിട്ടിയെങ്കിൽ മാത്രമേ പരാതിപ്പെടാൻ പോലും ഇരകൾക്ക് കഴിയുന്നുള്ളൂ എന്നതാണ് വാസ്തവം. നീതിന്യായവ്യവസ്ഥയുടെ സങ്കീർണ്ണതകൾ ഇത്തരം പരാതികളിൽ

"സ്ത്രീയുടെ മൊഴിയാണ് ലൈംഗികപീഡനക്കേസുകളിൽ നിർണ്ണായകം" എന്ന, ഇരയുടെ മൊഴിക്ക് പ്രാമുഖ്യം നൽകുന്ന വ്യവസ്ഥയാണ് ദുരുപയോഗം ചെയ്യപ്പെടുമെന്നുള്ള ഭയത്തിനടിസ്ഥാനം.



തീർപ്പുണ്ടാക്കുന്നത് വൈകിപ്പിക്കുമ്പോൾ ഇരകൾ സമൂഹത്തിൽ നിന്ന് ഒളിച്ചോടേണ്ടിവരികയും കുറ്റവാളി സമൂഹത്തിൽ ഇടപഴകി ജീവിക്കുകയും ചെയ്യുന്നു. നിഷേധിക്കപ്പെടുന്ന നീതിയും വൈകിയെത്തുന്ന നീതിയും കുറ്റകൃത്യങ്ങൾ കൂടാൻ ഇടയാക്കുന്നു.

പുരുഷാധിപത്യമനോഘടനയുള്ളവരിൽ നിന്നും നിരന്തരം ഉയർന്നുവരുന്ന ഒരു വാദമാണ് സ്ത്രീകൾക്കനുകൂലമായ നിയമങ്ങൾ ദുരുപയോഗം ചെയ്യപ്പെടാൻ ഏറെ സാധ്യതയുള്ളവയാണെന്നത്. "സ്ത്രീയുടെ മൊഴിയാണ് ലൈംഗികപീഡനക്കേസുകളിൽ നിർണ്ണായകം" എന്ന ഇരയുടെ മൊഴിക്ക് പ്രാമുഖ്യം നൽകുന്ന വ്യവസ്ഥയാണ് ദുരുപയോഗം ചെയ്യപ്പെടുമെന്നുള്ള ഭയത്തിനടിസ്ഥാനം. ഇന്ത്യയിലെ ഏതു ക്രിമിനൽ നിയമമാണ് ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയില്ലാത്തത്. പുരുഷന്മാരാൽ ദുരുപയോഗം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന വ്യക്തിനിയമങ്ങൾ മാറ്റണമെന്ന് എന്തുകൊണ്ടാണ് ആരും ആവശ്യപ്പെടാത്തത്. സാമൂഹ്യവ്യവസ്ഥിതിയുടെ എല്ലാഘടകങ്ങളും പുരുഷാധിപത്യമൂല്യങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ ഇത്തരം ഭയങ്ങൾ അസ്ഥാനത്താണ്.

വഞ്ചിക്കപ്പെട്ടോ മോഹനവാഗ്ദാനങ്ങളാൽ പ്രേരിതമായോ പ്രണയക്കുരുക്കിൽ കുടുക്കപ്പെട്ടോ ക്രൂരമായ ലൈംഗികാക്രമണങ്ങൾക്ക് ഇരയാകുന്ന സംഭവങ്ങൾ മാത്രമാണ് പലപ്പോഴും നിയമത്തിന്റെ മുന്നിലെത്തുന്നത്. യാദൃച്ഛികമായോ കുട്ടികളുടെ നേർക്കോ നടക്കുന്ന ലൈംഗിക പീഡനങ്ങൾ പിന്തുണസംവിധാനങ്ങളുടെ സമ്മർദ്ദം കൊണ്ടുമാത്രമേ നിയമത്തിന്റെ മുന്നിലെത്താറുള്ളൂ. കുടുംബത്തിലെ അടുത്ത ബന്ധുക്കളിൽ നിന്നുണ്ടാകുന്ന നിരന്തര പീഡനങ്ങൾ അധ്യാപകരോടോ സുഹൃത്തുക്കളോടോ തുറന്നുപറയാൻ അവസരങ്ങൾ ലഭിച്ചെങ്കിൽ മാത്രമാണ് പുറത്തറിയുന്നത്. അപ്പോഴും നിയമത്തിനു മുന്നിൽ എത്തിപ്പെടാൻ ഒരുപാട് കടമ്പകൾ കടക്കേണ്ടതുണ്ട്. എന്നിരുന്നാലും സ്ത്രീകൾക്കു നേരെ നടക്കുന്ന ലൈംഗികപീഡനങ്ങൾ നിയമത്തിന്റെ മുന്നിൽ എത്തിക്കാനുള്ള പ്രവണത കേരളത്തിൽ കൂടിവരുന്നുണ്ട്. എന്നാൽ ഇതിനൊരു മറുവശവും ഉണ്ട്. സ്ത്രീകൾക്കനുകൂലമായ നിയമങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്തവരാണ് ബഹുഭൂരിപക്ഷം സ്ത്രീകളും. ലൈംഗികച്ചുവയോടെയുള്ള ഒരു ആംഗ്യമോ സംസാരമോ സ്പർശമോ പോലും മൂന്ന് വർഷത്തെ തടവ് ലഭിക്കാവുന്ന കുറ്റമായിട്ടും നാളിതുവരെ എത്ര പുരുഷന്മാർക്ക് ഈ ശിക്ഷ കിട്ടിയിട്ടുണ്ട്! പൊതുസ്ഥലത്തെ ആൾക്കൂട്ടത്തിലോ പൊതുവാഹനങ്ങളിലോ പൊതുസ്ഥലത്തോ വെച്ച് ഇത്തരെ ഒരു അതിക്രമം നേരിടാത്തവരായി കേരളത്തിൽ ഒരു സ്ത്രീപോലും ഉണ്ടാവില്ലെന്നിരിക്കെ നിയമത്തിന്റെ ദുരുപയോഗം എന്ന ഭയം അടിസ്ഥാനരഹിതമാണ്.

അടുത്ത സുഹൃത്തുക്കളിൽ നിന്നോ സഹപ്രവർത്തകരിൽ നിന്നോ ബന്ധുക്കളിൽ നിന്നോ ഉണ്ടാകുന്ന ലൈംഗികകുറ്റകൃത്യങ്ങൾ നിയമത്തിന്റെ കൊണ്ടുവരാൻ എത്ര സ്ത്രീകൾക്ക് സാധിക്കുന്നുണ്ട്? നിയമത്തിന്റെ ദുരുപയോഗം പോയിട്ട് ഉപയോഗം പോലും സാധ്യമല്ലാത്ത തരത്തിൽ പുരുഷാധിപത്യമൂല്യങ്ങളുടെ ചങ്ങലകളാൽ ബന്ധിതരല്ലേ ബഹുഭൂരിപക്ഷം സ്ത്രീകളും? ഒരു ലൈംഗികാതിക്രമണം ആദ്യം അവളിൽ ഞെട്ടലാണുളവാക്കുക. തന്റെ നേർക്ക് ഒരു കുറ്റകൃത്യം നടന്നു എന്ന തിരിച്ചറിവിനേക്കാൾ, തന്റെ ആത്മാഭിമാനം മുറിപ്പെട്ടു എന്ന ബോധമായിരിക്കും ആദ്യം അവളിൽ ഉണ്ടാവുക. സ്ത്രീപീഡനങ്ങൾ ഒരു വലിയ സാമൂഹ്യപ്രശ്നമായി തിരിച്ചറിയാതിരുന്ന മുൻകാലങ്ങളിലും പെൺകുട്ടികൾ പീഡനം അനുഭവിച്ചിട്ടുണ്ട്. "ഇലവന്ന് മുള്ളിൽ വീണാലും മുള്ള്

വന്ന് ഇലയിൽ വീണാലും ഇലക്കാ കേട്". എന്ന പഴമൊഴി തന്റെ ലൈംഗികതക്കുമേൽ ഒരു കുറ്റകൃത്യം നടന്നിരിക്കുന്നു എന്ന തിരിച്ചറിവ് പോലും അസാധ്യമാക്കിയിരുന്നു. മധ്യവയസ്സ് കഴിഞ്ഞ ഓരോ പെണ്ണിനും തന്റെ ഭൂതകാലം ചികഞ്ഞാൽ ഇത്തരം ദുരനുഭവങ്ങൾ ഓർത്തെടുക്കാനുണ്ടാവും. ഇന്നാകട്ടെ വളരെ ചെറുപ്പം മുതൽ പെൺകുട്ടിയുടെ സുരക്ഷാകാര്യത്തിൽ മാതാപിതാക്കളുടെ ശ്രദ്ധയും കൗമാരവിദ്യാഭ്യാസവും സ്ത്രീശാക്തീകരണപദ്ധതികളും എല്ലാം ചേർന്ന് തന്റെ ശരീരത്തിനുമേൽ നടത്തുന്ന ഏത് കടന്നാക്രമണവും തിരിച്ചറിയാൻ പെൺകുട്ടിയെ പ്രാപ്തയാക്കിയിട്ടുണ്ട്. എന്നാൽ ഒരു കുറ്റകൃത്യത്തിന് ഇരയായ വ്യക്തി എന്ന നിലയിൽ അവളെ പരിഗണിക്കാനും കുറ്റവാളിയെ പൊതുസമൂഹത്തിനും നിയമത്തിനും മുന്നിൽ കൊണ്ടുവരാനും സമൂഹവും കുടുംബവും എത്രമാത്രം തയ്യാറാണ് എന്ന ചോദ്യം ബാക്കിയാവുന്നു.

സ്ത്രീയുടെ ശരീരമാണ് അവളുടെ മാനമെന്ന, ലൈംഗികാക്രമണം മാനഭംഗമാണെന്നുമുള്ള പുരുഷാധിപത്യബോധം കുറ്റകൃത്യം മൂടിവെക്കാൻ അവളെ നിർബന്ധിതയാക്കുന്നു.

'അവളെ വിവാഹം ചെയ്യാൻ ആര് തയ്യാറാവും എന്ന ആധി അവളോടൊപ്പം കുടുംബവും സമൂഹവും പങ്കിടുന്നു. അതുകൊണ്ട് കുറ്റകൃത്യം മൂടിവെക്കപ്പെടുന്നു. പുരുഷാധിപത്യത്തിന് ഏറ്റവും അനുകൂലമായ മനോഭാവവും ഏറ്റവും വലിയ അനീതിയുമാണിത്. തന്റെ ഇണ മറ്റൊരു പുരുഷന്റെ അശ്ലീലവാക്കു പോലും കേൾക്കാത്തത്ര 'പരിശുദ്ധ'യായിരിക്കണമെന്ന പുരുഷന്റെ മൂല്യബോധത്തിനു കൊടുക്കുന്ന അംഗീകാരമാണ് ഈ ആധി. ഒരടിസ്ഥാനവുമില്ലാത്ത ഈ ആധിയിൽ നിന്ന് മോചിതയാവാൻ സ്ത്രീക്ക് കഴിയണം. കുടുംബത്തിന്റെ ഓരോ അംഗത്തിന്റേയും മാനം കാക്കാനുള്ള ഉത്തരവാദിത്തം അവളുടെ മേൽ അടിച്ചേൽപ്പിച്ചിരിക്കുന്നതുകൊണ്ട് അവളുടെ മേൽ നടക്കുന്ന ലൈംഗിക കുറ്റകൃത്യവും കുടുംബത്തിന്റെ മാനഹാനിക്ക് കാരണമായി വിലയിരുത്തപ്പെടുന്നു. മാനഹാനി ഭയന്ന് സ്ത്രീയുടെ നേർക്ക് നടക്കുന്ന കുറ്റകൃത്യം മൂടിവെക്കാൻ കുടുംബം തയ്യാറാവുന്നു.

തൊഴിലിടങ്ങളിലെ ലൈംഗിക കുറ്റകൃത്യങ്ങൾ തടയാൻ ആന്റി ഹരാസ്മെന്റ് കമ്മിറ്റികൾ വേണമെന്ന സുപ്രീംകോടതിയുടെ നിർദ്ദേശം കേരളത്തിലെ എത്ര സ്ഥാപനങ്ങൾ പാലിച്ചിട്ടുണ്ട്? തൊഴിലിടങ്ങളിൽ സ്ത്രീകൾക്കു നേരെ നടക്കുന്ന ലൈംഗികാക്രമണങ്ങളെ മൂടിവെക്കാനാണ് അധികാരികൾ ശ്രമിക്കുക. വിദ്യാർത്ഥികൾക്കു നേരെ നടക്കുന്ന ലൈംഗികപീഡനങ്ങൾ വിദ്യാലയത്തിന്റെ മാനമായിട്ടാണല്ലോ ചർച്ച ചെയ്യപ്പെടുന്നത്. സ്ത്രീയുടെ നേർക്ക് നടക്കുന്ന ബലാത്സംഗമോ ലൈംഗികാക്രമണമോ മാനഭംഗമായി കണക്കാക്കുന്ന അതേ മൂല്യബോധം തന്നെയാണ് സ്ഥാപനത്തിലെ സ്ത്രീകൾക്ക് നേരെ നടന്ന കുറ്റകൃത്യം സ്ഥാപനത്തിന്റെ മാനം നഷ്ടപ്പെടുത്തുമെന്നും അതുകൊണ്ട് മൂടിവെക്കണമെന്നും പറയുന്നത്.

കുടുംബത്തിന്റേയും സ്ഥാപനത്തിന്റേയും മാനം രക്ഷിക്കാൻ ഇരയായ സ്ത്രീ കുറ്റകൃത്യം മൂടിവെക്കുമ്പോൾ രണ്ടുകാര്യങ്ങളാണ് സംഭവിക്കുന്നത്. ഒന്ന് കുറ്റകൃത്യത്തിന്റെ ഉത്തരവാദിത്തം ഇരയുടെ മേൽതന്നെ ആരോപിക്കാൻ പൊതുസമൂഹത്തിന് അവസരമൊരുങ്ങുന്നു. രണ്ടാമത്തേത് കുറ്റവാളിക്ക് കുറ്റകൃത്യം കുറച്ചുകൂടി




സ്ത്രീയുടെ ശരീരമാണ് അവളുടെ മാനമെന്ന, ലൈംഗികാക്രമണം മാനഭംഗമാണെന്നുമുള്ള പുരുഷാധിപത്യബോധം കുറ്റകൃത്യം മൂടിവെക്കാൻ അവളെ നിർബന്ധിതയാക്കുന്നു.

കരുതലോടെ ആവർത്തിക്കാനും നിരപരാധിയായി സമൂഹമധ്യത്തിൽ ജീവിക്കാനും അവസരമൊരുക്കുന്നു.

പ്രശസ്ത എഴുത്തുകാരി മാധവിക്കുട്ടി പറഞ്ഞതുപോലെ "ഡെറ്റോളിട്ടു കഴുകിയാൽ പോകുന്ന ഒരു കറ" സ്ത്രീയുടെ കുടുംബ, സാമൂഹ്യജീവിതത്തെ തന്നെ തകർത്തുകളയുന്ന ഒരു വലിയ പാതകമായി അവതരിപ്പിക്കുകയും അവൾ ഇരയായാൽ 'ആണുങ്ങൾ' മധ്യസ്ഥം പറഞ്ഞോ ആണുങ്ങളെകൊണ്ട് രണ്ട് തല്ലുകൊടുപ്പിച്ചോ ലഘൂകരിക്കാനൊരുങ്ങുന്നതും താക്കീതു കൊടുത്ത് ഒതുക്കി തീർക്കുന്നതും പുരുഷാധിപത്യത്തിന്റെ ഇരട്ടത്താപ്പും കാപട്യവുമാണ്.

ലൈംഗികകുറ്റകൃത്യങ്ങളും അതിനുള്ള ശിക്ഷയും ഓരോ ആണും പെണ്ണും അറിഞ്ഞിരിക്കേണ്ടതാണ്. പൊതുസ്ഥലങ്ങളിൽ അത്തരം ബോർഡുകൾ പ്രദർശിപ്പിക്കുന്നത് കുറ്റകൃത്യം കുറക്കാനും നിയന്ത്രണങ്ങൾ നടപ്പാക്കാനുള്ള ഉത്തരവാദിത്തം വർദ്ധിപ്പിക്കാനും ഇടയാക്കുമെന്ന് തോന്നുന്നു. ബലാത്സംഗവും മാനസികപീഡനവും ഗാർഹിക പീഡനവും ക്രിമിനൽകുറ്റങ്ങളാണെന്നിരിക്കെ ദൃശ്യമാധ്യമങ്ങളിൽ അവ പ്രദർശിപ്പിക്കുന്നത് നിരോധിക്കേണ്ടതാണ്. കഥക്ക് ഒഴിച്ചുകൂടാൻ പറ്റാത്തതാണെങ്കിൽ ആ ദൃശ്യത്തോടൊപ്പം അതൊരു ക്രിമിനൽ കുറ്റമാണെന്നും ആ കുറ്റത്തിനുള്ള ശിക്ഷയും എഴുതിക്കാണിക്കേണ്ടതാണ്.

സ്ത്രീ സുരക്ഷിതയാകണമെങ്കിൽ നിയമങ്ങളുണ്ടായാൽ മാത്രം പോരാ അത് നടപ്പാകുമെന്ന് ഉറപ്പാക്കുകയും വേണം. നിയമം നടപ്പാകാതിരിക്കുന്നത് ഭരണകൂടത്തിന്റേയും നീതിന്യായവ്യവസ്ഥയുടേയും പരാജയമായിട്ടാണ് വിലയിരുത്തപ്പെടേണ്ടത്.

**സ്ത്രീ സുരക്ഷിതയാകണമെങ്കിൽ നിയമങ്ങളുണ്ടായാൽ മാത്രം പോരാ അത് നടപ്പാകുമെന്ന് ഉറപ്പാക്കുകയും വേണം. നിയമം നടപ്പാകാതിരിക്കുന്നത് ഭരണകൂടത്തിന്റേയും നീതി ന്യായവ്യവസ്ഥയുടേയും പരാജയമായിട്ടാണ് വിലയിരുത്തപ്പെടേണ്ടത്.**



സ്ത്രീശാക്തീകരണം പദ്ധതികളിൽ എഴുതിവെച്ചതുകൊണ്ടും സ്ത്രീകളെ മാത്രം ബോധവത്കരിച്ചതുകൊണ്ടും സാധ്യമാകുന്ന ഒന്നല്ല. ബോധവത്കരണങ്ങൾ ഇന്ന് പരിധിവിട്ട് താൻ ഒരു ഇരയാണെന്നും എല്ലായ്പ്പോഴും തന്റെ മേൽ ചാടിവീഴാവുന്ന ഒരു വേട്ടമൃഗം പുറത്തെവിടെയോ പതുങ്ങി നിൽപ്പുണ്ടെന്നുമുള്ള ഭയം സ്ത്രീയിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പുരുഷാധിപത്യമൂല്യങ്ങൾ നിരന്തരമായി ഈ ഭയത്തെ ഉത്പാദിപ്പിച്ചുകൊണ്ടേയിരിക്കും. പുരുഷാധിപത്യം നിലനിൽക്കുന്നത് തന്നെ സ്ത്രീയെ ഭയപ്പെടുത്തി തന്റെ അധികാരത്തിന് കീഴിൽ നിലനിർത്തുന്നതിലൂടെയാണ്. അതിനാൽ സ്ത്രീ ആദ്യം നേടേണ്ടത് ഈ ഭയത്തെ മറികടക്കാനുള്ള ശക്തിയാണ്. നൂറ്റാണ്ടുകളായി പേറുന്ന അധമബോധം കയ്യൊഴിഞ്ഞ് മാനസികമായും കായികമായും വികസിച്ചെങ്കിൽ മാത്രമേ ആ ശക്തി ലഭ്യമാവുകയുള്ളൂ. വളർന്നു വികസിക്കാനുള്ള സ്ത്രീയുടെ ത്വരയെ വെട്ടിയൊതുക്കി 'ചെടിച്ചട്ടിയിലെ സുന്ദരിയായ ബോൺസായ്' ആക്കി സമൂഹത്തിന്റെ തുറസ്സുകളിൽ നിന്നും കായികവിനോദങ്ങളിൽ നിന്നും അവളെ അകറ്റി നിർത്തുമ്പോൾ അവൾ ശാക്തീകരിക്കപ്പെടില്ല. ബോധവത്കരിക്കപ്പെട്ട സ്ത്രീ ജീവിക്കേണ്ടി വരുന്നത് മനുവിന്റെ മൂല്യബോധമുള്ള പുരുഷനോടൊപ്പമായിട്ടെന്തു ഫലം?

ഇരകളും വേട്ടക്കാരുമാകാതിരിക്കണമെങ്കിൽ കായികമായും മാനസികമായും ആണിനും പെണ്ണിനും ഒരേ

കരുത്തുനൽകുന്ന വിദ്യാഭ്യാസവും സാമൂഹ്യാന്തരീക്ഷവുമാണുണ്ടാകേണ്ടത്. എന്നാൽ ഇന്ന് അത് ലഭ്യമാകുന്നില്ല. ചെറുപ്പം മുതൽ കുടുംബത്തിൽ നിന്നു കിട്ടുന്ന ആണധികാരബോധവും കളിസ്ഥലങ്ങളിൽ നിന്നു കിട്ടുന്ന കായികബലവുമാണ് അവനെ വേട്ടക്കാരനായി രൂപപ്പെടുത്തുന്നത്. അധികാരബോധത്തിനുപകരം ജനാധിപത്യപരമായ സ്ത്രീപുരുഷബന്ധങ്ങൾ വികസിപ്പിച്ചുകൊണ്ടുവരാനുള്ള ബോധവത്ക്കരണം ആൺകുട്ടിക്കും ലഭിക്കണം. സമത്വം ഭരണഘടന

കൊടുക്കുന്ന ആദ്യപാഠവും ഇതാണ്. എന്നാൽ അടങ്ങിയൊതുങ്ങി വളരാൻ പരുവപ്പെടുത്തുന്ന പെൺകുട്ടികളാകട്ടെ ഒരു കൈ മാത്രമുള്ള പുരുഷനെപ്പോലും നേരിടാൻ കഴിയാത്ത 'സൗമ്യ'മാരായി മാറുകയാണ്. ഭയപ്പെടുത്തി മനസ്സിനേയും സ്കൂളിലേയും നാട്ടിൻപുറങ്ങളിലേയും കളിസ്ഥലങ്ങളിൽ നിന്ന് അകറ്റി നിർത്തി ശരീരത്തേയും ദുർബലപ്പെടുത്തിയ പെൺകുട്ടികൾ ശാക്തീകരിക്കപ്പെടുന്നത് എങ്ങനെയാണ്? കളിക്കളങ്ങളിലെ സ്നേഹവും സൗഹൃദവും

ങ്ങളിൽ അവളും കളിക്കട്ടെ. കാഴ്ചയെ തൃപ്തിപ്പെടുത്താനുള്ള സുന്ദരശരീരങ്ങളല്ല, മനസ്സും ശരീരവും ശക്തിപ്പെട്ട് മണ്ണിലുറച്ചു നിൽക്കാൻ, ആകാശത്തെ എത്തിപ്പിടിക്കാൻ കെല്പുള്ള ശരീരങ്ങളാണ് പെൺകുട്ടിക്കും വേണ്ടത്. നിയമവും ഭരണകൂടവും പരാജയപ്പെടുന്നിടത്ത് ആ ശക്തികൊണ്ടാണ് അവൾ സുരക്ഷിതയാവുക. നൂറ്റാണ്ടുകളായി മതങ്ങളും സദാചാരസംഹിതകളും പുരുഷാധിപത്യവും രൂപപ്പെടുത്തിയെടുത്ത സ്ത്രീസങ്കല്പത്തിൽ നിന്ന്




യിലും പാഠ്യപദ്ധതിയിലും എഴുതിവെച്ചാൽ മാത്രം പോര. ലിംഗനീതി സാക്ഷരതാവിദ്യാലയങ്ങളിൽ നിന്ന് ലഭിക്കുകയും വേണം.

ഏറ്റവും ശക്തരായ ശത്രുവിനോടു പോലും ചെറുത്തു നിൽക്കുന്നതും തോൽവി മുന്നിൽ കണ്ടാൽ ഓടി രക്ഷപ്പെടുന്നതും ജൈവപ്രകൃതമാണ്. എല്ലാ ജീവികളും തന്റെ കുഞ്ഞുങ്ങൾക്കു

പെൺകുട്ടികൾക്ക് നിഷേധിക്കാൻ ആർക്കാണ് അവകാശം? കൈകാലുകൾ യഥേഷ്ടം ചലിപ്പിച്ച് ചെറുത്തുനിൽപ്പിന്റേയും പ്രതിരോധത്തിന്റേയും തന്ത്രങ്ങൾ പരിശീലിക്കുന്ന കായികവിനോദങ്ങൾ പെൺകുട്ടിക്കും പ്രാപ്യമാക്കണം. സ്കൂളുകൾ അതിനുകൂടിയുള്ള ഇടമാവണം.

ഫുട്ബോളും കബഡിയും പോലുള്ള കളികൾ വൈകുന്നേര

അവളും ആ മാറ്റം ഉൾക്കൊള്ളാനും അംഗീകരിക്കാനും സമൂഹവും തയ്യാറാവണം. എന്നാൽ മാത്രമേ സ്ത്രീശാക്തീകരണം സാധ്യമാവുകയുള്ളൂ.



# ലേഡീസ് ഹോസ്റ്റലുകൾ അഥവാ അർദ്ധ തടവറകൾ



ജെന്നി സുൽഫത്ത്

കൊച്ചിയിൽ നടന്ന ചുംബന സമരത്തിനു ശേഷം, വ്യവസ്ഥാപിത സദാചാര മൂല്യബോധങ്ങൾക്കെതിരെ നടന്ന ശ്രദ്ധേയമായ ഒരു സമരമായിരുന്നു EFLU, Hyderabadലെ വിദ്യാർത്ഥികൾ നടത്തിയ cross dressing സമരം. യൂണിവേഴ്സിറ്റിയിൽ നടന്ന ഒരു ലൈംഗികപീഡന സംഭവത്തെ തുടർന്ന് പെൺകുട്ടികൾക്ക് ആൺകുട്ടികളുടെ ഹോസ്റ്റലിൽ പോകാനുള്ള നിലനിന്നു പോന്നിരുന്ന അവകാശം നിഷേധിക്കപ്പെട്ടപ്പോൾ 'മതിലുകൾ കെട്ടി വേർതിരിക്കേണ്ട ഒന്നല്ല ലൈംഗികത (gender)' എന്ന ആഹ്വാനവുമായി ആൺകുട്ടികൾ വ്യവസ്ഥാപിത പെൺവസ്ത്രങ്ങൾ ധരിച്ചും പെൺകുട്ടികൾ വ്യവസ്ഥാപിത ആൺവസ്ത്രങ്ങൾ ധരിച്ചുമാണ് പ്രതിഷേധിച്ചത്. ലൈംഗികാതിക്രമങ്ങൾക്ക് കാരണം ആണും പെണ്ണും തമ്മിലുള്ള സാമൂഹിക സമ്പർക്കം (interaction) ആണെന്നും പൊതുസ്ഥലങ്ങളിൽ നിന്ന് സ്ത്രീകളെ അകറ്റി നിർത്തുക മാത്രമാണ് ഇതിനുള്ള പോംവഴി എന്നുമുള്ള പൊതുബോധവും നിങ്ങൾ പ്രതികരിച്ചാൽ നിങ്ങൾക്കു നിലവിലുള്ള സ്വാതന്ത്ര്യവും കൂടെ ഞങ്ങൾ തിരിച്ചെടുക്കുമെന്ന 'പോലീസ് സ്റ്റേറ്റ്' യുക്തിയുമാണ് പലപ്പോഴും ഇത്തരം പ്രതിഷേധങ്ങൾക്കെതിരെ പ്രവർത്തിക്കുന്നത്. ഇതിനൊരുദാഹരണമാണ് ഇന്ത്യയിലെ 'ഏറ്റവും പുരോഗമനപരം' എന്നു വിളിക്കപ്പെടുന്ന ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ പുതിയതായി രൂപപ്പെട്ടുവരുന്ന അതിജാഗ്രതാസ്വഭാവമുള്ള കാവൽക്കാർ.

ഒരു കാലത്ത് രാത്രി 12 മണിക്കു ശേഷം വരുന്നവരെ ഹോസ്റ്റലിനകത്തു കയറ്റില്ല എന്ന ഒരു നിബന്ധന അധികാരികൾ വെച്ചപ്പോൾ, കൃത്യം 12 മണിയാകുമ്പോൾ ഹോസ്റ്റലിനു പുറത്തിറങ്ങിയിരുന്നു പ്രതിഷേധിച്ച ചരിത്രം ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിക്കുണ്ട്. എന്നാൽ നി

ലവിലുള്ള സ്വാതന്ത്ര്യത്തെ പ്പോലും ഹനിക്കുന്ന രീതിയിൽ ജനാധിപത്യ വിരുദ്ധമായ പല നിയമങ്ങളും 'പുരോഗമനപരം' എന്നു വിളിക്കപ്പെടുന്ന രാജ്യത്തെ പ്രധാന സർവകലാശാലകളിലെല്ലാം നിലവിൽ വന്നുകൊണ്ടിരിക്കുന്നു. ഒരു ജനാധിപത്യരാജ്യം മുന്നോട്ടു പോകുമ്പോൾ അവിടുത്തെ മർദ്ദിത ജാതിവിഭാഗങ്ങൾ, സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവരുടെ  സാംസ്കാരിക അവകാശങ്ങൾ കൂടുതൽ ജനാധിപത്യവത്ക്കരിക്കപ്പെടും എന്ന പ്രതീക്ഷയ്ക്ക് വിപരീതമാണ് ഇന്ന് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന കടുത്ത അച്ചടക്കവത്ക്കരണവും അതിജാഗ്രതയും.

**ഫുട്ബോൾ കളിയിൽ ടീമുകളെ പിന്തുണക്കുന്ന ഊർജ്ജസ്വലതയോടെ, കൂട്ടം തിരിഞ്ഞ് പുരുഷവിദ്യാർത്ഥികൾ അവരുടെ ജനാധിപത്യാവകാശം വിനിയോഗിക്കുമ്പോൾ, സാംസ്കാരിക ജനാധിപത്യം (cultural democracy) എന്നത് പേരിനു പോലും ഒരു ചർച്ചയായി മാറുന്നില്ല.**

പുരോഗമനചരിത്രം അവകാശപ്പെടുന്ന കേരളത്തിലാകട്ടെ ജനാധിപത്യം എന്നത് വെറും സർവകലാശാല തെരഞ്ഞെടുപ്പുകൾ മാത്രമായി ചുരുങ്ങി പോകുന്നു. ഫുട്ബോൾ കളിയിൽ ടീമുകളെ പിന്തുണയ്ക്കുന്ന ഊർജ്ജസ്വലതയോടെ, കൂട്ടം തിരിഞ്ഞ് പുരുഷവിദ്യാർത്ഥികൾ അവരുടെ ജനാധിപത്യാവകാശം വിനിയോഗിക്കുമ്പോൾ, സാംസ്കാരിക ജനാധിപത്യം (cultural democracy) എന്നത് പേരിനു പോലും ഒരു ചർച്ചയായി മാറുന്നില്ല.

ഇത്തരത്തിലുള്ള ഒരനുഭവമാണ് ഒരു ചെറിയകാലത്തെ മാത്രം പരിചയമുള്ള മഹാത്മാഗാന്ധി സർവകലാശാല കാമ്പസ്. കേരളത്തിനു പുറത്ത് ഞാൻ താമസിച്ച ഡൽഹിയിലെ 'ഫെമിനിസ്റ്റ് കോളേജ്' എന്നുവിളിക്കപ്പെടുന്ന ലേഡി ശ്രീരാം കോളേജ് ഫോർ വിമൺ താരതമ്യം ചെയ്തു നോക്കുമ്പോൾ കർക്കശമായ വലിയ നിയമങ്ങളൊന്നും ഇല്ലാത്ത ഒരു സർവകലാശാലയാണ് ഇത്. ലേഡിശ്രീരാമിലെ  ചില നിയമങ്ങൾ ഇങ്ങനെയാണ്.

1. ഹോസ്റ്റലിനു പുറത്തു പോകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥിനികൾ എല്ലാം തന്നെ രാവിലെ 10നും 11നും ഇടയിൽ ഹോസ്റ്റൽ സൂപ്രണ്ടിനെക്കൊണ്ട് ലീവ് സ്ലിപ് ഒപ്പിടുവിക്കണം. പുറത്തു പോകുന്നവർ വൈകുന്നേരം 7.30നുള്ളിൽ തിരിച്ചു കയറണം.

2. മാസത്തിൽ 2 ലേറ്റ് നൈറ്റ് ലീവുകളാണ് അനുവദിച്ചിട്ടുള്ളത്. ഇതു കൂടാതെ മാസത്തിൽ 2 നൈറ്റ് ഔട്ടുകളും. 9 മണി വരെ പുറത്തു പോകാൻ അനുവദിക്കുന്ന late നൈറ്റ് ലീവെടുക്കാൻ ലോക്കൽ ഗാർഡിയന്റെ ഒപ്പു വേണം 'നൈറ്റ്-ഔട്ട്' എടുത്താൽ ലോക്കൽ ഗാർഡിയൻ തിരിച്ചു ഹോസ്റ്റലിൽ വിടണം.

3. വീട്ടിൽ നിന്ന് അനുമതിപത്രം വന്നാൽ മാത്രമേ, വെക്കേഷനു തിരിച്ചു പോകുവാനുള്ള അനുവാദമുള്ളൂ.

കേരളത്തിൽ 'അനുസരണയോടെ' വളർന്നതു കൊണ്ടാകാം ലോക്കൽഗാർഡിയന്റെ കള്ള ഒപ്പിടാനുള്ള ധൈര്യം പോലും എനിക്കുണ്ടായിരുന്നില്ല. ഡൽഹി യൂണിവേഴ്സിറ്റിയിലെ വനിതാകോളേജുകളിലാണ് ഇത്തരം കർക്കശ നിയമങ്ങൾ co-ed കോളേജുകളിലെ പെൺകുട്ടികൾക്ക് അരമണിക്കൂർ പരോൾ നീട്ടിക്കിട്ടാനുള്ള സാധ്യതയുണ്ടെങ്കിലും വളരെ പ്രകടമായി തന്നെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും നിയമങ്ങൾ വിഭിന്നമാണ്.



എന്നാൽ ഇത്തരത്തിലുള്ള യാതൊരു നിബന്ധനകളും ഇല്ലാത്ത, ഒരു സെക്യൂരിറ്റി ഗാർഡ് പോലും പുറത്തിരിക്കാതിരുന്നിട്ടു പോലും ഒരാൺകുട്ടി പെൺകുട്ടികളുടെ ഹോസ്റ്റലിലേക്കോ പെൺകുട്ടി ആൺകുട്ടികളുടെ ഹോസ്റ്റലിലേക്കോ പോകാൻ പോലും ശ്രമിക്കാത്ത സവിശേഷ സാഹചര്യമാണ് MG Universityയിൽ നിലനിൽക്കുന്നത്. കാമ്പസിലൂടെ ഒന്നു നടന്നാൽ വളരെ അപൂർവ്വമായി മാത്രമേ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചിരിക്കുന്ന ഒരു കൂട്ടത്തിനെ കാണാൻ സാധിക്കുകയുള്ളൂ. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മെസ്റൂം

പോലും രണ്ടാണ്. (മുംബൈയിലെ Tissൽ ആദ്യമായി പോയപ്പോൾ ആൺകുട്ടികളും പെൺകുട്ടികളും ഒരേ മെസിൽ ഇരുന്ന് ഭക്ഷണം കഴിക്കുന്നത് ആദ്യകാലത്ത് എനിക്ക് വളരെ കൗതുകമായിരുന്നു.) അതിഭീകരമായ അച്ചടക്കവത്ക്കരണത്തിലൂടെ കടന്നുപോയ ഒരു തലമുറ കഴുത്തിൽ തുടലുകളില്ലെങ്കിലും തുടലുകൾ ഉണ്ട് എന്ന സങ്കല്പത്തിൽ അനുസരണ ജീവിതം നയിക്കുന്നു.

"ഗാർഹികത" (domesticity) എങ്ങനെയാണ് സ്ത്രീകൾ വിദ്യാഭ്യാസകാലത്ത് പാലിക്കപ്പെടേണ്ട സദാചാരബോധത്തെ നിർണ്ണയിക്കുന്നത് എന്ന് കേരളത്തിലെ സ്വകാര്യഹോസ്റ്റലുകളുടെ നിയമങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. റൂംമേറ്റുമായി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായതിന്റെ പേരിൽ റൂം മാറ്റി തരണമെന്ന്, താമസിച്ചിരുന്ന കോൺവെന്റിലെ മദറിനോട് ആവശ്യപ്പെട്ടപ്പോൾ "ഇത്തരം ചെറിയ കാര്യങ്ങൾക്കൊന്നും റൂം മാറ്റി തരാൻ പറ്റില്ല. നാളെ ഒരു വീട്ടിൽ കയറി ചെല്ലേണ്ടവളാണ് നീ. ഇത്തരം അഡ്ജസ്റ്റ്മെന്റുകൾ നടത്താൻ പറ്റാത്ത നീ എങ്ങനെ ഭർത്താവിന്റെ വീട്ടിൽ പോയി ജീവിക്കും" എന്നാണ് 16 വയസ്സ് ഉണ്ടായിരുന്ന എനിക്ക് കിട്ടിയ മറുപടി. നാളെ ഭർത്താവിന്റെ വീട്ടിൽ കയറിച്ചെല്ലാൻ വേണ്ടി വളർത്തപ്പെടുന്ന കേരളത്തിലെ പെൺകുട്ടികൾ 'സുരക്ഷിതരായി ഏൽപ്പിക്കപ്പെടുന്ന' സ്ഥലങ്ങളായി മാറുന്നു ലേഡീസ് ഹോസ്റ്റലുകൾ 'സഹനം' സ്വാഭാവികമായും അതിന്റെ ഒരു ഭാഗമായി മാറുന്നു. കന്യാസ്ത്രീകൾ നടത്തുന്ന കോൺവെന്റുകളിലായാലും, മറ്റു ജാതി സംഘടനകൾ (NSS, SNDP തുടങ്ങിയവ) നടത്തുന്ന ഹോസ്റ്റലുകളിലായാലും നിയമങ്ങൾ ഇങ്ങനെയാണ്.

1. ആറുമണിക്കകം ഹോസ്റ്റലുകളിൽ കയറിയിരിക്കണം. ആറുമണിക്കുശേഷം ഹോസ്റ്റലിനു പുറത്തേക്കുള്ള എല്ലാ വാതിലുകളും അടയ്ക്കപ്പെടും.

2. മൊബൈൽ ഫോണോ ലാപ്ടോപ്പോ ഉപയോഗിക്കാൻ പാടില്ല. റൂമുകളിൽ നിന്ന് പ്ലഗ് പോയിന്റുകൾ നീക്കം ചെയ്ത് ഈ നിയമം ഉറപ്പുവരുത്തുന്നു.

3. മുടി മൂടാതിട്ടുകൊണ്ട് മെസ് ഹാളിൽ കയറാൻ പാടില്ല (തലയിലുള്ള മുടി പറന്നു വന്ന് ഭക്ഷണത്തിൽ വീഴും എന്നുള്ളതാണ് കാരണം). മെസ് ഹാളിൽ തമ്മിൽ സംസാരിക്കാൻ പാടില്ല.

4. കോറിഡോറിലോ റൂമുകളിലോ ഉറക്കെ സംസാരിക്കാൻ പാടില്ല. ഇക്കാര്യത്തിൽ നിശ്ചിത പ്രാവശ്യത്തിലധികം വാണിങ്ങ് കിട്ടുന്നവരെ വീട്ടിലേക്ക് തിരിച്ചയക്കും

5. പത്ത് മണിക്ക് ലൈറ്റ് ഓഫ് ചെയ്യപ്പെടും.

6. രാവിലെയും രാത്രിയും ഒരു മണിക്കൂർ മാത്രമേ വെള്ളം ലഭിക്കുള്ളൂ. ഇത് പിടിച്ച് വെച്ച് ഉപയോഗിക്കണം. ഹോസ്റ്റൽ വാർഡനോ, അധികാരികൾക്കോ ഏത് സമയവും വേണമെങ്കിൽ റൂമിൽ കയറി വരാം. നഗരങ്ങളിലെ ചില ഹോസ്റ്റലുകളിൽ ജനൽ തുറന്ന് പുറത്തേക്ക് നോക്കുന്നതിനാൽ ആണിയടിച്ച് ഉറപ്പിച്ച് വെച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള commmunity hostel കളിൽ നിൽക്കേണ്ടി വരുന്നതാകട്ടെ Private PGയിൽ താരതമ്യേന ഉയർന്ന വാടക കൊടുത്ത് നിൽക്കാൻ കഴിവില്ലാത്ത സാധാരണ കുടുംബങ്ങളിലെ പെൺകുട്ടികളും.

വരിതെറ്റിക്കാതെ ഭക്ഷണം വാങ്ങിക്കഴിച്ച് ക്ലാസ് കഴിഞ്ഞ് ഉടനെ തന്നെ ജനലുകളടച്ച് ജയിൽ മുറികളിലേക്ക് തിരിച്ചു വരേണ്ടി വരുന്ന, 10 മണിക്ക് ലൈറ്റ് അണക്കുമ്പോൾ കിടന്നുറങ്ങേണ്ടി വരുന്ന ഒരു മൊബൈൽ ഫോൺ പോലും ഉപയോഗിക്കാൻ അനുവാദമില്ലാത്ത ഇവരില്ലാത്ത ഒരു പൊതുമണ്ഡലമാണ് കേരളത്തിന്റേതെന്നത് ലജ്ജാവഹമാണ്. പൊതുവായനശാലകളിലും റോഡരികിലും ചായക്കടകളിലും ഇരുന്ന് ചർച്ച ചെയ്യപ്പെടുന്ന 'ആണുങ്ങളുടെ രാഷ്ട്രീയത്തിൽ' കേരള വിദ്യാർത്ഥി സമൂഹത്തിന്റെ പകുതിയോളം വരുന്ന ഈ വിദ്യാർത്ഥിനികൾക്കാർക്കും പങ്കെടുക്കാൻ കഴിയാത്ത കാലത്തോളം, യുവജനങ്ങൾ നയിക്കുമെന്ന് പറയപ്പെടുന്ന ഒരു സാമൂഹികമാറ്റവും പൂർണ്ണമല്ല. 'ഫാഷിസ്റ്റുകൾ' എന്നു വിളിക്കപ്പെടുന്ന ഹിന്ദുമതവർഗ്ഗീയത മുന്നോട്ടുവെക്കുന്ന പല ആശയങ്ങളുമാണ്. 'സെക്കുലർ' എന്ന് അവകാശപ്പെടുന്ന ഇവിടുത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാലാകാലങ്ങളായി പാലിച്ചുവരുന്നത് എന്ന്

റൂംമേറ്റുമായി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായതിന്റെ പേരിൽ റൂം മാറ്റി തരണമെന്ന്, താമസിച്ചിരുന്ന കോൺവെന്റിലെ മദറിനോട് ആവശ്യപ്പെട്ടപ്പോൾ "ഇത്തരം ചെറിയ കാര്യങ്ങൾക്കൊന്നും റൂം മാറ്റി തരാൻ പറ്റില്ല. നാളെ ഒരു വീട്ടിൽ കയറി ചെല്ലേണ്ടവളാണ് നീ. ഇത്തരം അഡ്ജസ്റ്റ്മെന്റുകൾ നടത്താൻ പറ്റാത്ത നീ എങ്ങനെ ഭർത്താവിന്റെ വീട്ടിൽ പോയി ജീവിക്കും" എന്നാണ് 16 വയസ്സ് ഉണ്ടായിരുന്ന എനിക്ക് കിട്ടിയ മറുപടി.

ഇവിടുത്തെ ബ്രാഹ്മണ്യ സദാചാരബോധം എത്ര ആഴത്തിൽ വേരൂന്നിയതാണെന്നു മനസ്സിലാക്കിത്തരുന്നു. എറണാകുളം ലോകോളേജിലെ വിദ്യാർത്ഥിനികൾ 7.30നകം രാത്രി അകത്തുകയറണമെന്ന കരിനിയമത്തിനെതിരെ പ്രതികരിച്ചപ്പോൾ പാതിരാത്രിയിൽ അവരെ റോഡിലേക്ക് ഇറക്കിവിട്ട സംഭവം അധികമാരും അറിഞ്ഞിട്ട് പോലുമില്ല. ഇനി അറിഞ്ഞാൽ തന്നെ "പഠിക്കാൻ വിട്ട സ്ഥലത്ത് വഴി പിഴയ്ക്കാൻ വ്യഗ്രത കാട്ടുന്ന ഇത്തരം പെൺകുട്ടികൾ നമ്മുടെ നാട്ടിലുമോ" എന്ന കൗതുകത്തോടെയല്ലാതെ ആ വാർത്ത വായിക്കാൻ കഴിയുന്ന ജനാധിപത്യ നിലവാരത്തിലേക്ക് മലയാളി ഉയർന്നിട്ടുമില്ല.

ഈ അദൃശ്യ ഗാർഹികത (latent domesticity) എങ്ങനെയാണ് മലയാളിയുടെ സദാചാരബോധത്തെ രൂപപ്പെടുത്തിയിട്ടുള്ളതെന്ന് പരിശോധിക്കേണ്ടതാണ്. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുമ്പോൾ അതിനെതിരെ രൂപപ്പെട്ടു വന്ന തീവ്രദേശീയതയിൽ നിന്നാണ് പലപ്പോഴും നമ്മുടെ സദാചാര സങ്കല്പങ്ങളും രൂപപ്പെട്ടു വന്നിട്ടുള്ളത്. ഇത് പൂർണ്ണമായും കൊളോണിയൽ സിസ്റ്റത്തെ ചോദ്യം ചെയ്തുകൊണ്ട് വന്ന ഒന്നല്ല മറിച്ച് അതുമായി താദാത്മ്യം (negotiate) ചെയ്ത് ഉണ്ടായ ഒന്നാണ്. ഈഴവ ലോ കമ്മിറ്റി എങ്ങനെയാണ്  അതിന്റെ നിയമപരിഷ്കരണ ശ്രമങ്ങളിലൂടെ ഈഴവജാതിയുടെ 'യശസ്സ്'  ഉയർത്തിപ്പിടിച്ചതെന്നും, സ്ത്രീകളുടെ, സമൂഹത്തിലെ 'ബഹുമാന്യത' വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിയതെന്നും ഡോ.മീരാവേലായുധൻ തന്റെ 'LAW-reform and gendered identity'- എന്ന ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. ജാതി വ്യവസ്ഥ നിലനിർത്തുന്നതിനു വേണ്ടി ഉയർന്ന ജാതി സ്ത്രീകൾക്കുമേൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള ശക്തമായ ലൈംഗിക നിയന്ത്രണം തന്നെയാണ് പിന്നീട് മറ്റ് ജാതികളിലെ പരിഷ്കരണങ്ങൾക്കും

എറണാകുളം ലോകോളേജിലെ വിദ്യാർത്ഥിനികൾ 7.30നകം രാത്രി അകത്തുകയറണമെന്ന കരിനിയമത്തിനെതിരെ പ്രതികരിച്ചപ്പോൾ പാതിരാത്രിയിൽ അവരെ റോഡിലേക്ക് ഇറക്കിവിട്ട സംഭവം അധികമാരും അറിഞ്ഞിട്ട് പോലുമില്ല. ഇനി അറിഞ്ഞാൽ തന്നെ "പഠിക്കാൻ വിട്ട സ്ഥലത്ത് വഴി പിഴയ്ക്കാൻ വ്യഗ്രത കാട്ടുന്ന ഇത്തരം പെൺകുട്ടികൾ നമ്മുടെ നാട്ടിലുമോ" എന്ന കൗതുകത്തോടെയല്ലാതെ ആ വാർത്ത വായിക്കാൻ കഴിയുന്ന ജനാധിപത്യ നിലവാരത്തിലേക്ക് മലയാളി ഉയർന്നിട്ടുമില്ല.



മാതൃകയാക്കപ്പെട്ടത്. ഓരോരോ ജാതിയുമായി ബന്ധപ്പെട്ടു കിടക്കുന്ന, 'കുത്തഴിഞ്ഞ' ലൈംഗിക ബന്ധങ്ങളെ പൊളിച്ചെഴുതിക്കൊണ്ട് പൊതുസ്ഥലങ്ങളിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന സ്ത്രീകൾക്ക് ഗാർഹികതയുടെ ബഹുമാന്യത വാഗ്ദാനം ചെയ്ത പരിഷ്കരണ ശ്രമങ്ങളുടെ സദാചാര സംഹിതകൾ തന്നെയാണ് ചോദ്യം ചെയ്യലുകൾ ഒന്നുമില്ലാതെ കേരളത്തിലങ്ങോളമുള്ള ഹോസ്റ്റലുകളിൽ പാലിക്കപ്പെടുന്നതും. ചെറിയ ചെറുത്തു നിൽപ്പുകളെപ്പോലും ശക്തമായ പുതിയ നിയമങ്ങൾ കൊണ്ടുനേരിടുന്ന ഒരു ഭരണകൂടത്തിന്റെ കാലത്ത് ഹൈദരാബാദ്, ജെ.എൻ.യു, ഹിമാചൽ യൂണിവേഴ്സിറ്റി, EFLU തുടങ്ങിയ പല കാമ്പസുകളിലേയും സമരങ്ങൾ ശക്തമായി അടിച്ചമർത്തപ്പെടുകയാണ് ഉണ്ടായത്. കേരളത്തിലാകട്ടെ SFI, KSU, ABVP കക്ഷിരാഷ്ട്രീയത്തിനുപരിയായ ഒരു വിദ്യാർത്ഥി രാഷ്ട്രീയം ഉടലെടുത്തിട്ടുമില്ല. 'അര' ജയിലുകളിൽ കഴിയുന്ന പാതിയുവത്വങ്ങൾ കലുങ്കിലും ചായക്കടയിലും ബോട്ട് ജെട്ടിയിലുമിരുന്നു രാഷ്ട്രീയം ചർച്ച ചെയ്യുന്ന ഒരു വിപ്ലവകരമായ മാറ്റത്തിലൂടെ മാത്രമേ, നമ്മൾ സമരം ചെയ്യുന്ന പല വ്യവസ്ഥകൾക്കും ശക്തമായ ബദൽ രാഷ്ട്രീയങ്ങൾ മുന്നോട്ടു വയ്ക്കപ്പെടുകയുള്ളൂ.





Youngsters staging a skit

# ചുംബനസമരത്തെപ്പറ്റി...

*(തിരുവനന്തപുരത്തു നടന്ന ചുംബനസമരത്തിന്റെ ഐക്യദാർഢ്യപ്രകടനത്തിൽ ദേവിക ചെയ്ത പ്രസംഗത്തിന്റെ പരിഷ്ക്കരിച്ച പാഠം)*



ജെ. ദേവിക

**ആധുനിക** അസ്പർശ്യതയ്ക്കെതിരെയുള്ള സമരത്തിന്റെ പ്രഭവകേന്ദ്രം കേരളമായതിലും അതിന്റെ ഒരു തരംഗം അങ്ങേയറ്റം യാഥാസ്ഥികമായ ഈ തിരുവനന്തപുരം നഗരത്തിൽ അലയടിച്ചുവെന്നതിലും അതിയായ സന്തോഷം തോന്നുന്നു.

എങ്കിലും ഈ പരിപാടി സംഘടിപ്പിച്ചവരുടെ പരിശ്രമത്തെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ടുതന്നെ, അവരോട് ഒരു ചോദ്യം ചോദിക്കാനുണ്ട്.

ചുംബനസമരത്തിന് ഐക്യദാർഢ്യം എന്നാണിവിടെ പറഞ്ഞിരിക്കുന്നത്. എന്തുകൊണ്ടാണ് ഐക്യദാർഢ്യം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. കാരണം സാധാരണഗതിയിൽ ഒരു സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുമ്പോൾ അത് തീർത്തും നമ്മുടെ സമരമായിരിക്കില്ല. ആ സമരത്തോട് നമുക്ക് ആഭിമുഖ്യമുണ്ടാവാം, ആ സമരം നമ്മുടെ നീതിബോധത്തെ വളരെ പ്രത്യേകമായ രീതിയിൽ സ്വാധീനിക്കുന്നുണ്ടാകാം. എന്നാൽ ഒരളവുവരെയെങ്കിലും നമ്മുടേതല്ലാത്ത സമരമായിരിക്കും അത്. ഞാൻ നിങ്ങൾ ചെറുപ്പക്കാരിൽ നിന്നാഗ്രഹിച്ചത് സത്യത്തിൽ ചുംബനസമരം തന്നെയാണ്. അല്ലാതെ ചുംബനത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന സമരമല്ല. കാരണം ഈ സമരത്തിന്റെ അവകാശികൾ നിങ്ങളല്ലാതെ മറ്റാരുമല്ല.

ഇത് സത്യം പറഞ്ഞാൽ പകൽ പോലെ വ്യക്തമാകേണ്ട കാര്യമായിരുന്നു. എന്തുകൊണ്ടാണ് നിങ്ങൾ അത് കാണാതിരുന്നത്? എന്തുതരം സ്വയംശാസനയാണ് ഇവിടെ പ്രവർത്തിച്ചത് ? ഇതേക്കുറിച്ചു ചിന്തിക്കുമ്പോഴാണ് സമൂഹം എത്രത്തോളം നമ്മുടെ മേൽ പിടിവയ്ക്കുന്നുണ്ടെന്ന് നമുക്ക് മനസിലാകുന്നത്. ഈ സമരം ഉയർത്തുന്ന പ്രശ്ന



Actor Kani Kusruti hugging Anwar Ali at the event








ങ്ങൾ ഹൈന്ദവതീവ്രവാദമോ മറ്റു മത മൗലികവാദങ്ങളുമോ നമ്മുടെ ജീവിതത്തിലുണ്ടാക്കുന്ന ഇടുക്കങ്ങൾ മാത്രമല്ല. മറിച്ച് കേരളത്തിന്റെ ആധുനികതയുടെ ഭാഗമായി നമ്മൾ തന്നെ നമ്മുടെ മേൽ അടിച്ചേൽപ്പിക്കുന്ന പലതരം പരിമിതികളോടും എതിരുള്ള സമരമാണത്. അഥവാ അത്തരം സാദ്ധ്യതകൾ ഈ സമരത്തിലുണ്ട്. അവ വികസിപ്പിക്കണോ വേണ്ടയോ എന്ന തീരുമാനം ഇനിയുമായിട്ടില്ലെന്നു തോന്നുന്നു. പക്ഷേ അവ വികസിക്കണമെന്ന പ്രതീക്ഷയും 'പ്രാർത്ഥനയുമാണ്'എനിക്കുള്ളത്.

'അസ്പർശത' എന്നാൽ തൊട്ടുകൂടായ്മ. അതിനെതിരെയുള്ള സമരമാണിത്. മലയാളി സമൂഹത്തിൽ ഏകദേശം 19ാം നൂറ്റാണ്ടിന്റെയവസാനകാലത്തും 20ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലും ചുരുളഴിഞ്ഞ ആധുനികജീവിതവീക്ഷണം ഇവിടുത്തെ പുകഴ്പെറ്റ സാമുദായികസാമൂഹ്യപരിഷ്ക്കരണങ്ങളെല്ലാം അതിന്റെ വ്യവസ്ഥകളെ ഏറിയോ കുറഞ്ഞോ അംഗീകരിച്ചു സ്വീകരിച്ച വളരെ കാതലായ ഒരു തന്ത്രം സ്പർശത്തെ നിയന്ത്രിക്കുക; കാഴ്ചയെ ശക്തികൂട്ടുക എന്നതായിരുന്നു. നമ്മുടെ ഇന്ദ്രിയാനുഭവങ്ങളിൽ സ്പർശത്തിന് പരിമിതമായ അല്ലെങ്കിൽ ഗാർഹിക സ്വകാര്യഇടങ്ങളിൽ മാത്രം പ്രസക്തി കല്പ്പിക്കുക, കാഴ്ചക്ക് സാർവ്വത്രികമായ പ്രാധാന്യം നല്കുക. സ്പർശത്തിന്റെ പ്രശ്നമെന്താണെന്നുവെച്ചാൽ അത് അതിർവരമ്പുകളെയൊക്കെ കൂട്ടിക്കുഴയ്ക്കും. നീയും ഞാനും തമ്മിലുള്ള ദൂരം നമുക്കളക്കാൻ പറ്റാതെയാകും സ്പർശമുണ്ടാകുമ്പോൾ. കാഴ്ചയാകുമ്പോൾ കൃത്യമായ അകലം വരച്ചിടാൻ സാധിക്കും. വ്യക്തിവത്ക്കരണപ്രക്രിയകൾക്കൂന്നൽ നല്കിയ ഒരു കാലത്തിൽ കാഴ്ചയുടെ പ്രാധാന്യം ഏറുകതന്നെ ചെയ്യും. മലയാളി പൊതുസമൂഹം രൂപമെടുത്തപ്പോൾ മുമ്പു നിലവിലുണ്ടായിരുന്ന പരമ്പരാഗത അധികാരരൂപ



നീയും ഞാനും തമ്മിലുള്ള ദൂരം നമുക്കളക്കാൻ പറ്റാതെയാകും സ്പർശമുണ്ടാകുമ്പോൾ. കാഴ്ചയാകുമ്പോൾ കൃത്യമായ അകലം വരച്ചിടാൻ സാധിക്കും. വ്യക്തിവത്ക്കരണപ്രക്രിയകൾക്കൂന്നൽ നല്കിയ ഒരു കാലത്തിൽ കാഴ്ചയുടെ പ്രാധാന്യം ഏറുകതന്നെ ചെയ്യും.

ങ്ങൾക്കു പകരമോ മീതേയോ ആയി പുതിയവ നിലവിൽ വന്നതിന്റെ ഭാഗമായിരുന്നു ഇതും. പുതിയ സമുദായതന്മകൾ രൂപമെടുത്തപ്പോൾ അവ തമ്മിലുള്ള തത്വപരമായ തുല്യതക്കു പിന്നിൽ തുടർന്നുകൊണ്ടേയിരുന്ന ഉച്ചനീചത്വങ്ങളെ ഉറപ്പിച്ചു നിർത്തുന്ന ഉപകരണമായി ഈ പുതിയ അസ്പർശത പ്രവർത്തിച്ചുകൊണ്ടേയിരുന്നു.

അങ്ങനെ നോക്കുമ്പോൾ കേരളീയ ആധുനികതയുടെ അച്ചുതണ്ടിനെ തന്നെയാണ് ഈ സമരം ചോദ്യം ചെയ്യുന്നത്. അതുകൊണ്ടുതന്നെ നേരിട്ടു വേരിലേക്കിറങ്ങുന്ന സമരമുറയാണിത്. അത്തരത്തിലൊരു സമരത്തെ പിന്തുണക്കാൻ കേരളത്തിലെ ചെറുപ്പക്കാർ മുന്നോട്ടു വന്നതിൽ അതിയായ സന്തോഷം തോന്നുന്നു.

ഞാനിതു പറയുമ്പോൾ ചരിത്രകാരി എന്ന നിലക്ക് പുതിയ അസ്പർശത എന്നു വിളിച്ച ഇതിന്റെ സ്വഭാവമെന്തെന്ന് വ്യക്തമാക്കേണ്ട ഉത്തരവാദിത്തം എനിക്കുണ്ട്. തൊട്ടുകൂടായ്മക്കെതിരെയുള്ള സമരം മുമ്പ് നടന്നു കഴിഞ്ഞു എന്ന് ഈ വിഷയത്തിൽ വാദിക്കുന്ന ധാരാളം ആളുകളുണ്ട്. ഇങ്ങനെ ചിന്തിക്കുന്നതിൽ ഒരു വലിയ ചതിയുണ്ട്.

തൊട്ടുകൂടായ്മക്കെതിരെയുള്ള സമരം കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ളതാണെന്നതിൽ സംശയമില്ല. പക്ഷേ അതിന്റെ പരിമിതികൾ എന്തായിരുന്നു എന്നതുകൂടി കൃത്യമായി തിരിച്ചറിയേണ്ട അവസ്ഥ ഇന്നുണ്ട്. പൊതുഇടങ്ങളിൽ ഒരു പരിധിവരെ ഒരു പ്രത്യേക രീതിയിൽ മാത്രമാണ് അസ്പർശത ചോദ്യം ചെയ്യപ്പെട്ടത്. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതോടുകൂടി തൊട്ടുകൂടായ്മ പ്രാവർത്തികമാക്കിയാൽ കേസ് ആക്കാനുള്ള വകുപ്പുണ്ട്. നമ്മുടെ ജാതിവിരുദ്ധപ്രസ്ഥാനങ്ങളും ഇടതുപ്രസ്ഥാനങ്ങളും പരമ്പരാഗത മട്ടിലുള്ള തൊട്ടുകൂടായ്മക്കെതിരെ ശ

ക്തമായ പോരാട്ടങ്ങൾ നടത്തിയിട്ടുമുണ്ട്. പല പരിമിതികളും ഈ പോരാട്ടങ്ങൾക്കുണ്ടായിരുന്നുവെങ്കിലും. പക്ഷേ ഇവ തൊട്ടുകൂടായ്മയെ അവസാനിപ്പിക്കുകയല്ല, അതിനെ ആധുനികവത്ക്കരിക്കുകയാണ് ചെയ്തത്. ഈ പ്രക്രിയയിൽ അതിന്റെ പരസ്യമായ മുഖത്തിന് രൂക്ഷത കുറഞ്ഞിരിക്കാം, എന്നാൽ ആ കുറവു അതിന്റെ തുടർന്നുള്ള സാന്നിദ്ധ്യത്തെ അദൃശ്യമാക്കുകയാണ് ചെയ്തത്.

പൊതുവിടത്തിൽപ്പോലും തൊട്ടുകൂടായ്മ നമ്മുടെ രാഷ്ട്രീയ പ്രബുദ്ധകാലങ്ങളിലും പുതുരൂപത്തിൽ തുടർന്നു. ഉദാഹരണത്തിന് തിരുവനന്തപുരം പോലുള്ള നഗരങ്ങളിൽ പണ്ടുപണ്ടേ കീഴ്ജാതിയിൽ പെട്ട അന്യനാട്ടുകാരെയാണ് സാനിറ്റേഷൻ തൊഴിലാളികളായി നിയമിച്ചിരുന്നത്. തകഴിയുടെ തോട്ടിയുടെ മകനിലും മറ്റും പരാമർശിക്കപ്പെട്ട ബഹിഷ്കൃതസമുദാക്കാർ ഇവരാണ്. നഗരത്തെ ശുചീകരിക്കുന്നവരെ അവിടങ്ങളിലെ ഒട്ടും വസിക്കാൻ അനുയോജ്യമല്ലാത്ത വൃത്തിഹീനമായ പ്രദേശങ്ങളിലേക്ക് തള്ളുന്ന രീതിയാണ് മുമ്പുണ്ടായിരുന്നത്. ആ ഇടങ്ങളിൽ ജീവിക്കേണ്ടി വന്നവർ അവർ സാനിറ്റേഷൻ തൊഴിലാളികളല്ലാത്തപ്പോഴും ആധുനികതൊട്ടുകൂടായ്മയുടെ ഇരകളായി. പൊതുവേ സ്വാതന്ത്ര്യാനന്തരം തൊഴിലാളിപ്രസ്ഥാനങ്ങളുടെ വിജയത്തെത്തുടർന്ന് അവരിലെ പുരുഷന്മാരുടെ വരുമാനവും അവകാശങ്ങളും ഇടക്കാലത്ത് ഉയർന്നുവെങ്കിലും അവർ കോളനിക്കാർ, ചേരിനിവാസികൾ എന്ന പേരു വഹിച്ച് മാന്യസമൂഹത്തിൽ നിന്നും ബഹിഷ്ക്കരിക്കപ്പെടുന്നു. അവരുടെ നിത്യജീവിതം തന്നെയും പോലീസിന്റെയും സോഷ്യൽവർക്കർമാരുടെയും ഞാനടക്കമുള്ള ഗവേഷകരുടെയും നിരന്തരമായ നോട്ടത്തിന് കീഴിലാകുന്നു. മറുവശമെടുത്താൽ പൊതുരംഗത്ത് അത്ര ദൃശ്യമല്ലാത്തവിധത്തിൽ ആധുനികതൊട്ടുകൂടായ്മ നിലനില്ക്കുന്നുണ്ടെങ്കിൽ അത് നമ്മുടെ സ്വകാര്യജീവിതത്തിൽ വീട്ടിനുള്ളിലും സമുദായങ്ങൾക്കുള്ളിലും ഇന്നും നിലനില്ക്കുന്നു എന്നതാണ് വസ്തുത.

**ആരെയും തൊടാതെ, നോക്കാതെ പൊതുനിരത്തിലൂടെ കടന്നുപോകുന്നത് സ്ത്രീയുടെ മാന്യതയെക്കുറിക്കുന്ന തെളിവായി എണ്ണപ്പെട്ടു. തന്നെയുമല്ല, ആണും പെണ്ണും തമ്മിൽ മാത്രമേ ലൈംഗികബന്ധം പാടുള്ളൂ എന്ന വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്ന ഒന്നായി മാറി ഈ അസ്പർശത. അതായത്, ഭിന്നലൈംഗികതയെ പ്രകൃതിനിയമമായി ഉറപ്പിക്കുന്ന പ്രക്രിയയുടെ ഭാഗമായി അത്.**

മറ്റൊന്നുള്ളത്, പഴയ അസ്പർശത പുതിയ രൂപം കൈക്കൊണ്ടപ്പോൾ പുതിയ ധർമ്മങ്ങൾ സ്വീകരിക്കാനും തുടങ്ങി എന്നതാണ്. ഒന്നാമതായി, ഭിന്നലൈംഗികതയെ പ്രജനനത്തിനു കീഴിൽ വരുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി അത്. ഇവിടെ നിലവിലുണ്ടായിരുന്ന വിവാഹപിന്തുടർച്ചാരീതികളെയെല്ലാം അസാധുവാക്കിക്കൊണ്ട് പിതൃദായക്രമവും പിതൃകേന്ദ്രിതകുടുംബവും എഴുന്നള്ളിക്കപ്പെട്ടപ്പോൾ സ്ത്രീകളുടെ, പ്രത്യേകിച്ച് ഉന്നതജാതിസ്ത്രീകളുടെ, ചാരിത്ര്യം സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നു വന്നു. അതിനും പുതിയ രീതികൾ ആരാഞ്ഞപ്പോഴാണ് പുതിയ അസ്പർശത ആണിനും പെണ്ണിനും ഇടയിൽ വ്യക്തമായ അകലത്തിന്റെ രൂപത്തിലും പ്രത്യക്ഷമായത്. അതായാത്, 1930കളോടെ ഉന്നതജാതിസ്ത്രീകൾ പുറത്തിറങ്ങി ആധുനിക ഉദ്യോഗങ്ങൾക്കായി പുറത്തുപോകാൻ തുടങ്ങിയകാലത്ത് സ്വജാതിക്കാരായ പുരുഷന്മാരിൽ നിന്നു മാത്രമല്ല, അന്യജാതിക്കാരായ പുരുഷന്മാരിൽ നിന്നും അവർ സംരക്ഷിക്കപ്പെടണമെന്നുവന്നു. ആരെയും തൊടാതെ, നോക്കാതെ പൊതുനിരത്തിലൂടെ കടന്നുപോകുന്നത് സ്ത്രീയുടെ മാന്യതയെക്കുറിക്കുന്ന തെളിവായി എണ്ണപ്പെട്ടു.

തന്നെയുമല്ല, ആണും പെണ്ണും തമ്മിൽ മാത്രമേ ലൈംഗികബന്ധം പാടുള്ളൂ എന്ന വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്ന ഒന്നായി മാറി ഈ അസ്പർശത. അതായത്, ഭിന്നലൈംഗികതയെ പ്രകൃതിനിയമമായി ഉറപ്പിക്കുന്ന പ്രക്രിയയുടെ ഭാഗമായി അത്. ആ കാലത്തുണ്ടായ ഹോസ്റ്റലുകളിലെ (മുപ്പതുകളിലും നാല്പ്പതുകളിലും പണിതത്) ആദ്യകാലത്തെ നിയമാവലികൾ പരിശോധിച്ചാൽ കാണാം, രണ്ടു പെൺകുട്ടികൾ ഒരുമിച്ച് ഒരു കട്ടിലിൽ ഇരുന്നുകൂടാ, ആൺകുട്ടികൾ തോളോടുതോൾ കൈയ്യിട്ടു നടന്നുകൂടാ, എന്നൊക്കെയുള്ള വിലക്കുകൾ.

ഇവിടെ മുകളിൽ ആദ്യം പറഞ്ഞതിന് സ്ത്രീസുരക്ഷയുമായി ഒരു ബന്ധവുമില്ല എന്നു മനസ്സിലാക്കണം. സ്ത്രീയുടെ ലൈംഗികതയെ ഏകപുരുഷനിയന്ത്രണത്തിൽ, ജാതിമതവേലിക്കെട്ടുകൾക്കുള്ളിൽ, തളച്ചുനിർത്താനുള്ള ശ്രമങ്ങൾക്ക് സ്ത്രീസുരക്ഷയുമായി യാതൊരു ബന്ധവുമില്ല. മാത്രമല്ല പുതിയ അസ്പർശതയെ വെല്ലുവിളിക്കുന്ന സ്ത്രീക്ക് എല്ലാ സംരക്ഷണവും നഷ്ടമാകുന്നു. സ്ത്രീസംരക്ഷകരായി ചമയുന്ന കുടുംബസമുദായാധികാരികളിൽ നിന്നു തന്നെയാണ് അവൾ പിന്നെ സംരക്ഷണം തേടേണ്ടത്. ഈ സംരക്ഷണത്തിനു പുറത്താണ് കേരളത്തിലെ കീഴ്ജാതിക്കാരായ സ്ത്രീത്തൊഴിലാളികളധികവും കഴിയുന്നതെന്ന് ഓർക്കേണ്ടതു

ണ്ട്.

ഇത്തരത്തിലുള്ള ചരിത്രമാണ് നമുക്ക് മുൻപിലുള്ളത്.

ചുരുക്കിപ്പറഞ്ഞാൽ സമരം ഉയർന്നുവന്നിരിക്കുന്നത് ബോധപൂർവ്വമോ അല്ലാതെയോ കേരളീയ ആധുനികതയുടെ വളരെ അടിസ്ഥാനപരമായ അധികാര അച്ചുതണ്ടിനെതിരെയാണ്. ആ അധികാര അച്ചുതണ്ടിന്റെ മൂർത്തമായ ഒരു ആയുധമാണ് അസ്പർശത. അതിനെയാണ് ഈ സമരം നേരിട്ട് അഭിസംബോധന ചെയ്തിരിക്കുന്നത്.

ചുരുക്കിപ്പറഞ്ഞാൽ സമരം ഉയർന്നുവന്നിരിക്കുന്നത് ബോധപൂർവ്വമോ അല്ലാതെയോ കേരളീയ ആധുനികതയുടെ വളരെ അടിസ്ഥാനപരമായ അധികാര അച്ചുതണ്ടിനെതിരെയാണ്. ആ അധികാര അച്ചുതണ്ടിന്റെ മൂർത്തമായ ഒരു ആയുധമാണ് അസ്പർശത. അതിനെയാണ് ഈ സമരം നേരിട്ട് അഭിസംബോധന ചെയ്തിരിക്കുന്നത്. ഈ അധികാര അച്ചുതണ്ട് മാറി വരുന്ന പുതിയ സാമ്പത്തിക അധികാര അച്ചുതണ്ടുമായി സമരസപ്പെട്ടു പോകുന്നു എന്നും കാണണം. ആഗോളീകരണത്തിനുശേഷം ഉണ്ടായ ഒരു വലിയ മാറ്റം കേരളീയ യുവത്വം നമ്മുടെ പ്രധാനകയറ്റുമതിവില്പനച്ചരക്കായി എന്നതാണ്. യുവാക്കളുടെ മാനുഷിക അംശങ്ങൾ മുഴുവൻ ഇല്ലാതാക്കി കേവലം അവരെ മാനവശേഷിയാക്കി ആഗോളവിപണിയിൽ വില്ക്കുക എന്നതാണ് ഇന്ന് ഇവിടുത്തെ പ്രബലവിഭാഗങ്ങളുടെ മുഖ്യ താത്പര്യം. ലൈംഗികത എന്നത് മാനുഷിക അംശമാണ്. അതും ഒഴിവാക്കുക എന്നതാണ് ഇപ്പോഴത്തെ നയം. അതുണ്ടെങ്കിൽ ചെറുപ്പക്കാർ എൻട്രൻസ് പരീക്ഷയുടെയും ഐടി കമ്പനികളുടെയും മറ്റു മഹായന്ത്രങ്ങളുടെയും തിരിച്ചിലിനിടയിൽപ്പോലും സ്വന്തം മാനുഷിക, ശാരീരികവശങ്ങളെക്കുറിച്ചു ചിന്തിക്കാനിടയുണ്ട്. ഉപഭോഗവേലിയേറ്റത്തിനിടയിലും ലൈംഗികസ്വാതന്ത്ര്യങ്ങൾ ഇത്രയധികം



**മനുഷ്യശേഷി ഉൽപ്പന്ന പ്രക്രിയയുടെ ഇരകൾ കേരളത്തിലെ ചെറുപ്പക്കാരാണ്. അതിന്റെ ആക്രമണവും ഹിംസയും സഹിക്കുന്നത് ചെറുപ്പക്കാരാണ്. അതിനാലാണ് ഈ സമരത്തിന്റെ വക്താക്കൾ ചെറുപ്പക്കാരാകുന്നത്.**

നിഷേധിക്കപ്പെടുന്നതിന്റെ ഒരു കാരണം ഇതാണ്. എന്തുകൊണ്ടാണ് യുവാക്കൾ ഈ സമരത്തിന്റെ മുൻപന്തിയിൽ എത്തിയത് എന്നും ആലോചിക്കണം. മനുഷ്യശേഷി ഉൽപ്പന്ന പ്രക്രിയയുടെ ഇരകൾ കേരളത്തിലെ ചെറുപ്പക്കാരാണ്. അതിന്റെ ആക്രമണവും ഹിംസയും സഹിക്കുന്നത് ചെറുപ്പക്കാരാണ്. അതിനാലാണ് ഈ സമരത്തിന്റെ വക്താക്കൾ ചെറുപ്പക്കാരാകുന്നത്.

ഈ സമരം കയറിപ്പിടിച്ചിരിക്കുന്നത് എന്തിനെയൊക്കെയാണെന്ന് ചിന്തിക്കണം. എന്തുകൊണ്ടാണ് യുവാക്കൾ ഈ സമരത്തിന്റെ മുൻപന്തിയിൽ എത്തിയത് എന്നും ആലോചിക്കണം. മനുഷ്യശേഷി ഉല്പ്പന്ന പ്രക്രിയയുടെ ഇരകൾ കേരളത്തിലെ ചെറുപ്പക്കാരാണ്. അതിന്റെ ആക്രമണവും ഹിംസയും സഹിക്കുന്നത് ചെറുപ്പക്കാരാണ്. അതിനാലാണ് ഈ സമരത്തിന്റെ വക്താക്കൾ ചെറുപ്പക്കാരാകുന്നത്. അവർ പക്ഷേ ഈ സമരത്തെ ആധുനിക അസ്പർശതയുടെ മുൻ വിവരിച്ച മറ്റു ധർമ്മങ്ങൾക്കെതിരെയും തിരിച്ചുവിടുമെന്ന് ഞാൻ പ്രത്യാശിക്കുന്നു, പ്രതീക്ഷിക്കുന്നു. അതുണ്ടായില്ലെങ്കിൽ ആ സമരത്തിന്റെ പ്രസക്തി ചുരുങ്ങിപ്പോകുമെന്ന് ഞാൻ ഭയക്കുന്നു. പക്ഷേ ഇവിടുത്തെ ജാതിമതയാഥാസ്ഥികർ മറ്റെല്ലാ അഭിപ്രായഭിന്നതകളേയും മാറ്റിവെച്ചുകൊണ്ട് ഇതിനെതിരെ തിരിഞ്ഞതുകൊണ്ടുതന്നെ ചെറുപ്പക്കാരുടേതായ ഒരു ഭാവനാത്മകസമൂഹം ഉടലെടുത്തിരിക്കുന്നുവെന്ന് കാണാതിരിക്കാനും പ്രയാസമാണ്.

ഈ പ്രക്രിയയോട് പ്രതിഷേധമുള്ള മധ്യവയസ്ക്കരും ഇതിൽ പങ്കാളികളാകാൻ ബാധ്യതയുള്ളവരാണ്. ചരിത്രഗവേഷകയെന്ന നിലയിൽ നിന്നു മാത്രമല്ല, ചെറുപ്പക്കാരായ രണ്ടു സത്രീകളുടെ അമ്മ എന്ന നിലയിലും, എന്റെ യുവവിദ്യാർത്ഥികളുടെ അധ്യാപിക എന്ന നിലയിലും നിന്നുകൊണ്ടാണ് ഞാനിതു പറയുന്നത്. ●

ലേഖനം





എം.ലീലാവതി

# ഒരേ ലിംഗപ്രേമവും ചുംബനപ്രകടനവും

(ഈ ലേഖനം ചർച്ചയ്ക്കായി സമർപ്പിക്കുന്നു -പത്രാധിപസമിതി)

**ഒരേ ലിംഗപ്രേമം എന്തു കൊണ്ട് കുറ്റകൃത്യമല്ല?**

മനുഷ്യവംശത്തിന് ഒരേ ലിംഗ പ്രേമം ഒരു സാമാന്യമായ മാനസികപ്രവണതയല്ല എന്ന അർത്ഥത്തിൽ അത് പ്രകൃതിയല്ല വികൃതിയാണെന്നു പറയാം. അതായത് അബ്നോർമാലിറ്റി. കുറ്റകൃത്യം എന്ന് ഏതെങ്കിലും പ്രവണതയേയോ പ്രവൃത്തിയേയോ നിർവചിക്കേണ്ടത് അത് അന്യരെ എങ്ങനെ ബാധിക്കുമെന്ന് നോക്കിയിട്ടാണ്. കാർഡിനൽ ഹ്യൂമാൻ 'മാന്യൻ' എന്നതിനു നിർവചനം നൽകിയപ്പോൾ അന്യർക്കു വേദനയുളവാക്കാതിരിക്കുക എന്ന ധർമ്മത്തെയാണ് പ്രമാണമാക്കിയത് (A gentleman is one who does not infilict pain on others). കുറ്റവാളിയെയും ഈ പ്രമാണത്തിന്റെ അടിസ്ഥാനത്തിലാണ് നിർവചിക്കേണ്ടത്. മറ്റൊരു വ്യക്തിക്കു വേദന–മാനസികമോ ശാരീരികമോ– ഉണ്ടാക്കാത്ത ഒരു പ്രവണതയേയും പ്രവൃത്തിയേയും കുറ്റമെന്നു നിർവചിക്കാവതല്ല. ഒരേ ലിംഗപ്രേമം എപ്പോഴാണ് കുറ്റകൃത്യമാവുക? ബന്ധപ്പെടുന്ന രണ്ടു പേരിൽ ഒരാൾ പ്രായപൂർത്തിയാകാത്തവരാവുമ്പോഴും ചെറുക്കാൻ കഴിവില്ലാത്തവരാവുമ്പോഴും. അനിഷ്ടം പ്രകടിപ്പിക്കാനോ ചെറുക്കാനോ തിരിച്ച് ആക്രമിക്കാനോ കഴിവില്ലാത്ത കുട്ടികളെ ഒരു വ്യക്തി തന്റെ കാമപൂരണത്തിനുപയോഗപ്പെടു



**ആത്മഹത്യ കുറ്റകൃത്യമാക്കുന്നതു പോലുള്ള സ്വാതന്ത്ര്യനിഷേധം. ആത്മഹത്യ വിജയിക്കാത്തപ്പോൾ മാത്രമാണ് അതിനെ കുറ്റകൃത്യമായി കാണാൻ നിയമത്തിനു കഴിയുന്നതെന്ന വസ്തുത തന്നെ ആ നിയമത്തെ പരിഹാസ്യമാക്കുന്നു. അതുപോലെ സ്വവർഗരതിയെ കുറ്റമായി കാണാനും ശിക്ഷിക്കാനും നിയമത്തിനു കഴിയുന്നത് അതു പരസ്യമായിത്തീരുമ്പോൾ മാത്രമാണ്.**

ത്തുന്നത് പുരുഷൻ സ്ത്രീയെ ബലാത്സംഗം ചെയ്യുന്നതുപോലുള്ള കുറ്റകൃത്യമാണ്. അതുകൊണ്ട് ബന്ധപ്പെടുന്ന രണ്ടു പേരും പ്രായപൂർത്തി വന്നവരായിരിക്കണമെന്നതും ഉഭയസമ്മതമുണ്ടെന്നതും സ്ത്രീപുരുഷബന്ധത്തിന്റെ പ്രകൃതത്തിലെ പോലെ ഇവിടെയും പ്രസക്തമാണ്. പ്രായപൂർത്തിയായ രണ്ടുപേർ തമ്മിൽ സ്വേച്ഛയാ ബന്ധപ്പെടുന്നതിനെ വിലക്കുന്ന നിയമം അപരർക്കു ദ്രോഹകരമല്ലാത്ത വകുപ്പിൽപ്പെട്ട വ്യക്തിസ്വാതന്ത്ര്യത്തിന്റെ നിഷേധമാണ്. ആത്മഹത്യ കുറ്റകൃത്യമാക്കുന്നതുപോലുള്ള സ്വാതന്ത്ര്യനിഷേധം. ആത്മഹത്യ വിജയിക്കാത്തപ്പോൾ മാത്രമാണ് അതിനെ കുറ്റകൃത്യമായി കാണാൻ നിയമത്തിനു കഴിയുന്നതെന്ന വസ്തുത തന്നെ ആ നിയമത്തെ പരിഹാസ്യമാക്കുന്നു. അതുപോലെ സ്വവർഗരതിയെ കുറ്റമായി കാണാനും ശിക്ഷിക്കാനും നിയമത്തിനു കഴിയുന്നത് അതു പരസ്യമായിത്തീരുമ്പോൾ മാത്രമാണ്. അബ്നോർമാലിറ്റിയായാലും അന്യദ്രോഹമാകുമ്പോൾ തടയേണ്ടി വരും. ജലപിശാച് പോലുള്ള ഭ്രാന്തുകൾ അന്യരെ ബാധിക്കുകയില്ല. നേരെമറിച്ച്, തന്നെ അശുദ്ധമാക്കിയെന്നാരോപിച്ച് ഒരാൾ  മറ്റൊരാളെ ചീത്തപറയുകയോ അടിക്കുകയോ ചെയ്താൽ കുറ്റമാണ്. സ്വവർഗരതി അബ്നോർമാലിറ്റിയാണെന്നതുകൊണ്ടു മാത്രം കുറ്റമാവില്ല. ഇഷ്ടമില്ലാത്തവരെ അതിനു പ്രേരിപ്പിച്ചാൽ കുറ്റമാവും.

ആരെ എപ്പോൾ എങ്ങനെ പ്രേമിക്കണമെന്നു നിശ്ചയിക്കാൻ വ്യക്തിക്കുള്ള സ്വാതന്ത്ര്യം നിഷേധിച്ചുകൂടാ, പ്രേമപാത്രമാകുന്നവർ അനുകൂലരാണെങ്കിൽ. രണ്ടു പേർ ഒത്തുചേർന്ന് ഒളിച്ചോടിയാൽ കോടതിക്ക് ഇടപെടാനർഹതയുള്ളത് അതിലൊരാൾക്ക് പ്രായപൂർത്തി വന്നിട്ടില്ലെങ്കിലാണല്ലോ. രണ്ടുപേർ സഹവസിക്കേണ്ടത് ബന്ധം രജിസ്ട്രർ ചെയ്യുന്നതിനു ശേഷമാവണമെന്ന നിയമം പ്രസക്തമാവുന്നത് ബന്ധത്തിൽ നിന്ന് ഉണ്ടായേക്കാവുന്ന മൂന്നാം വ്യക്തിക്കു സുരക്ഷിതത്വം ഉറപ്പാക്കേണ്ടതിനാലാണ്. സ്വവർഗരതിയിൽ അസംഭവ്യതയില്ലാത്തതുകൊണ്ട് അതു രജിസ്ട്രർ ചെയ്ത ബന്ധമാവണമെന്ന നിയമമുണ്ടാക്കേണ്ടതുമില്ല.

നമ്മുടെ നാട്ടിൽ പട്ടിണിക്കുഞ്ഞുങ്ങൾ കൂടിക്കൂടിവരുന്നതു തടയാൻ കുടുംബാസൂത്രണം നിർബന്ധമാക്കുന്ന നിയമമുണ്ടാക്കുകയേ വഴിയുള്ളൂ. ആ വഴി നടപ്പാക്കാനാവാത്തത് ജനാധിപത്യവ്യവസ്ഥയിൽ മതന്യൂനപക്ഷങ്ങളേയും അവരുടെ വിശ്വാസാധിഷ്ഠിത താത്പര്യങ്ങളേയും രക്ഷിക്കേണ്ടി വരുന്നതുകൊണ്ടും കൂടിയാണ്.

ജനസംഖ്യാസ്ഫോടനം കൊണ്ടുള്ള ആപത്തിനെ പരിഹരിക്കാനുള്ള ഒരു വഴിയാകയാൽ ഇത്തരം ബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലും തെറ്റില്ല. ജീവിക്കാൻ മറ്റുമാർഗ്ഗമില്ലാത്തതുകൊണ്ട് ഒരു ദരിദ്രവ്യക്തി ധനികവ്യക്തിക്കു കീഴടങ്ങേണ്ടി വരുന്നത് തടയാൻ ഇന്ന് സ്ത്രീപുരുഷബന്ധത്തിൽ നിയമം സഹായിക്കുന്നില്ല. അതുപോലെ സ്വവർഗബന്ധത്തിലും സംഭവിക്കാം. സ്വയം പര്യാപ്തതയുള്ളവർക്ക് മാത്രമേ സ്വവർഗരതിക്ക് അനുവാദം നൽകൂ എന്ന നിയമമുണ്ടാക്കുകയാണെങ്കിൽ അത്തരം നിയമം സ്ത്രീപുരുഷബന്ധത്തിലും ഉണ്ടാക്കേണ്ടി വരും. അതുകൊണ്ട് സ്വവർഗരതി കുറ്റകൃത്യമായിത്തീരുന്ന ആ സാഹചര്യത്തെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ഗ്രീസിലെ പ്രാചീന സ്ത്രീകവി സാഫോ മുതൽ സുപ്രസിദ്ധരായ ആധുനിക വിശ്വചിന്തകരിൽ പ്രമുഖരായ ചിലർ വരെ സ്വവർഗരതി ഗോപ്യമായി കരുതാത്ത യൂറോപ്യരിലുൾപ്പെടുന്നു. സാഫോ നിവസിച്ചിരുന്ന ദ്വീപിനെ ആസ്പദമാക്കി

സ്ത്രീസ്വവർഗരതിക്കു ലെസ്ബിയനിസം എന്ന പേരും ഉണ്ടായിട്ടുണ്ട്. ഈ മാനസികപ്രവണതയിൽ ലജ്ജാകരമായ ഒന്നുമില്ലെന്ന ചിന്താഗതി അതിവേഗം പടർന്നു പിടിച്ചുകൊണ്ടിരിക്കുന്നു. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നീതിപാലകർ ഈ പ്രവണത കുറ്റകൃത്യം എന്നു വിധിച്ചത്. പലതരം 'മാനിയ'കളും 'ഫോബിയ'കളും അന്യരെക്കൂടി ബാധിക്കുന്ന വിധത്തിൽ നിലവിലുണ്ട്. ഒരു ഉദാഹരണം മെഗലോമാനിയ. താൻപ്രമാണിത്തം മനസ്സിന്റെ തീവ്രമായ രുഗ്ണതയായി ത്തീരുമ്പോൾ അന്യർ ദ്രോഹിക്കപ്പെടുന്നു. എന്നിട്ടും, മെഗലോമാനിയക്കാരായ ഭരണാധിപതികളും സാഡിസ്റ്റുകളായ (saddist-ക്രൂരതയിലും ദ്രോഹമേൽപ്പിക്കുന്നതിലും രസിക്കുന്നവർ) മേലാളുകളും നിയമത്തിന്റെ ദൃഷ്ടിയിൽപ്പെടാതെ പോകുന്നു. പീഡിതർ പരാതിപ്പെടുമ്പോൾ പീഡനത്തിൻ പേരിലാണ് അവർ കുറ്റക്കാരാവുന്നത്. ആ മാനസിക പ്രവണതയുണ്ടാവുന്നതേ കുറ്റം എന്നു വിധിക്കപ്പെടുന്നില്ല. വ്യക്തികളുടെ ഭ്രാന്തുകളും വിഭ്രാന്തികളും അന്യരെ വേദനിപ്പിക്കത്തക്കവണ്ണം ബാധിക്കുമ്പോൾ മാത്രമേ കുറ്റങ്ങളാവുന്നുള്ളൂ. സ്വവർഗ്ഗരതിയെന്ന മാനസികപ്രവണതയും അപരരെ വേദനിപ്പിക്കുന്നതായിത്തീരുമ്പോൾ മാത്രമേ കുറ്റമെന്ന നിർവചനത്തിന്റെ പരിധിയിൽ വരികയുള്ളൂ.

ആധുനികയുഗത്തിൽ ഈ പ്രവണതയ്ക്കു പ്രചാരം കൂടിക്കൂടി വരുന്നതിന്നു കാരണമെന്താവാം? ഇതിൽ നിയതിയുടെ, പ്രകൃതിയുടെ ഒരു ആസൂത്രണം അന്തർഭവിച്ചിട്ടുണ്ടെന്നു കരുതേണ്ടിയിരിക്കുന്നു. ജീവജാലത്തിന്റെ വികാസപരിണാമങ്ങളിൽ പ്രകൃതിയുടെ അത്ഭുതകരമായ ആസൂത്രണം പ്രവർത്തിച്ചുപോരുന്നുണ്ടെന്ന് പ്രകൃതിശാസ്ത്രജ്ഞർ ഗ്രഹിച്ചിട്ടുണ്ട്. പഴയകാലത്ത് യുദ്ധങ്ങൾ, സാംക്രമികരോഗങ്ങൾ മുതലായവയായിരുന്നു ജന

**ഗർഭനിരോധത്തിനും കുടുംബാസൂത്രണത്തിനും മനുഷ്യമനസ്സിൽ പ്രേരണയുളവാക്കിക്കൊണ്ട് പ്രകൃതി ആസൂത്രണം സാധിക്കുന്നു. മറ്റൊരുതരം ആസൂത്രണമായി സ്വവർഗ്ഗരതിയുടെ സ്ഫോടനത്തെ കാണാവുന്നതാണ്. ആ പ്രവണത കൂടിക്കൂടി വരികയും അതിൽ ലജ്ജിക്കാനൊന്നുമില്ലെന്ന് പരക്കെ അംഗീകരിക്കപ്പെടുകയും ചെയ്യുന്നത് ജനസംഖ്യാസ്ഫോടനത്തിലൂടെ ഭൂഭാരം വർദ്ധിക്കുന്നത് തടയാനുള്ള ഫലപ്രദമായ നിയതിനിശ്ചിത പദ്ധതിയായി ഗണിക്കാം.**

സംഖ്യാസ്ഫോടനം കൊണ്ട് ഭൂഭാരം വർദ്ധിക്കുന്നത് തടയാൻ പ്രകൃതി നടപ്പിലാക്കിയിരുന്ന ആസൂത്രണ പദ്ധതികൾ. ഇവ രണ്ടും തടയാൻ മനുഷ്യവംശം ബോധപൂർവ്വം നടത്തുന്ന ഉദ്യമങ്ങൾ വിജയിക്കുമ്പോൾ പ്രകൃതി മറ്റുതരം ആസൂത്രണങ്ങൾ കൈകൊള്ളും. മനുഷ്യനെ കൊണ്ടുതന്നെ ആസൂത്രണം ചെയ്യിക്കുന്നതാണ് പ്രകൃതിയുടെ ഒരു ഗതിമാർഗ്ഗം. ഗർഭനിരോധത്തിനും കുടുംബാസൂത്രണത്തിനും മനുഷ്യമനസ്സിൽ പ്രേരണയുളവാക്കിക്കൊണ്ട് പ്രകൃതി ആസൂത്രണം സാധിക്കുന്നു. മറ്റൊരുതരം ആസൂത്രണമായി സ്വവർഗ്ഗരതിയുടെ സ്ഫോടനത്തെ കാണാവുന്നതാണ്. ആ പ്രവണത കൂടിക്കൂടി വരികയും അതിൽ ലജ്ജിക്കാനൊന്നുമില്ലെന്ന് പരക്കെ അംഗീകരിക്കപ്പെടുകയും ചെയ്യുന്നത് ജനസംഖ്യാസ്ഫോടനത്തിലൂടെ ഭൂഭാരം വർദ്ധിക്കുന്നത് തടയാനുള്ള ഫലപ്രദമായ നിയതിനിശ്ചിത പദ്ധതിയായി ഗണിക്കാം.

സ്നേഹത്തെക്കുറിച്ചുള്ള സങ്കല്പങ്ങളിൽ നിന്നുപോലും ലൈംഗികബിംബങ്ങൾ അകന്നുപോകുന്നുണ്ടെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാൽ ബോധ്യപ്പെടും. ശൃംഗാരത്തിന്റെ സ്ഥായീഭാവമായ രതിക്ക് യൗവ്വനദിശയിലെ സ്ത്രീപുരുഷബന്ധം എന്ന സാമാന്യാർത്ഥം ഉണ്ടായിരുന്ന കാലത്ത് ലൈംഗികചിഹ്നങ്ങളായ അംഗങ്ങൾക്ക് ഉദ്ദീപനവിഭാവങ്ങളെന്ന നിലയിൽ വലിയപ്രാധാന്യമുണ്ടായിരുന്നു. ക്രമേണ സ്നേഹസങ്കല്പത്തിൽ നിന്ന് അവ മാഞ്ഞുപോവുകയുണ്ടായി. ഇന്നത്തെ കവികൾ 'സ്തന നിതംബകബര്യാദികൾ' (മുണ്ടശ്ശേരിയുടെ പദപ്രയോഗം). പ്രേമവർണ്ണനയിൽ ഉപയുക്തമാക്കാറില്ല. കുമാരനാശാന്റെ കാലം മുതൽക്ക് ആ ഉദ്ദീപന വിഭാഗങ്ങൾക്ക് മലയാളത്തിലെ കവിതയിൽ പ്രാധാന്യം കുറഞ്ഞു കുറഞ്ഞു വന്നു. പാശ്ചാത്യ റൊമാന്റിക് കവിതയിലെ പ്രേമസങ്കല്പത്തിന്റെ സ്വാധീനശക്തി പ്രവർത്തിച്ചതു കൊണ്ടാവാം എന്നിരുന്നാലും മാറ്റമുണ്ടായി എന്ന വസ്തുത പ്രധാനമാണ്. ഇന്നത്തെ പ്രേമകവിതകളിലെ 'ഞാനും നീയും' ഒരേ ലൈംഗികവിഭാഗത്തിൽപ്പെട്ടവരാണെന്നു സങ്കല്പിച്ചാലും ചേർച്ചക്കേടില്ലാത്ത അവസ്ഥയാണ് പ്രായേണ കാണുന്നത്. പ്രണയകവിതകളിൽ ഏറ്റവും മികച്ചതായി എനിക്ക് തോന്നിയ രചനയാണ് റഫീക്ക് അഹമ്മദിന്റെ 'മരണമെത്തുന്ന നേരത്ത്.' തീർച്ചയായും അതിലെ 'നീ' സ്ത്രീയായിട്ടാണ് വിവക്ഷിച്ചിരിക്കുന്നത്. എങ്കിലും അതിൽ വർണ്ണിതമായ ഐന്ദ്രിയ ബിംബങ്ങൾക്ക് ലൈംഗിക പരിമിതി (Gender Limitation) ഇല്ല. വിരലുകൾ, കണ്ണ്, ചെവി, ശിരസ്സ് (മസ്തിഷ്കം), അധരങ്ങൾ, പാദങ്ങൾ



പാരമ്പര്യത്തിന്റെയോ സംസ്ക്കാരത്തിന്റെയോ സദാചാരത്തിന്റെയോ പേരിലല്ല ചുംബന പ്രകടനം ആശാസ്യമല്ലെന്ന് ഞാൻ പറയുന്നത് എന്ന് പ്രസംഗിച്ചപ്പോൾ പത്രക്കാർ റിപ്പോർട്ട് ചെയ്തു, 'ചുംബനസമരം പാരമ്പര്യത്തിന് ചേർന്നതല്ല' എന്ന് പ്രസംഗിച്ചെന്ന്. പത്രക്കാർ അവർക്ക് വേണ്ടത് അന്യരുടെ നാവിൽ വെച്ചുകെട്ടുന്നു. ഒരേ ലിംഗപ്രേമം കുറ്റകൃത്യമല്ല എന്ന് വാദിക്കുന്ന ഒരാൾക്ക് പാരമ്പര്യത്തിന്റെ പേരിൽ എന്തിനെയെങ്കിലും എതിർക്കാൻ കഴിയുമോ?

എല്ലാം സ്ത്രീപുരുഷസാമാന്യമായ ഇന്ദ്രിയങ്ങളാണ്. 'ഞാൻ' സ്നേഹിക്കുന്ന സ്ത്രീ ആയാലും 'നീ' സ്നേഹിക്കപ്പെടുന്ന പുരുഷനായാലും 'ഞാനും' 'നീയും' സ്ത്രീകളോ പുരുഷന്മാരോ മാത്രമായാലും ചേരായ്കയില്ല. നിയതി അഥവാ പ്രകൃതി മനുഷ്യമനസ്സിന്റെ വിഭാവനങ്ങളിൽ പോലും ഇടപെട്ട് തന്റെ ആസൂത്രണം നടപ്പിലാക്കിയേക്കാം എന്നുതന്നെ കരുതേണ്ടിയിരിക്കുന്നു. സ്വവർഗ്ഗരതി കുറ്റകരമായി കരുതിയ ഒരു ഭൂതകാലമുണ്ടായിരുന്നു എന്നോർത്ത് വരാനിരിക്കുന്ന തലമുറകൾ ചിരിച്ചേക്കാം.

**ചുംബനപ്രകടനം കുറ്റകൃത്യമല്ലെങ്കിലും, ആശാസ്യമല്ലാത്തത് എന്തുകൊണ്ട്?**

പാരമ്പര്യത്തിന്റെയോ സംസ്ക്കാരത്തിന്റെയോ സദാചാരത്തിന്റെയോ പേരിലല്ല ചുംബന പ്രകടനം ആശാസ്യമല്ലെന്ന് ഞാൻ പറയുന്നത് എന്ന് പ്രസംഗിച്ചപ്പോൾ പത്രക്കാർ റിപ്പോർട്ട് ചെയ്തു, 'ചുംബനസമരം പാരമ്പര്യത്തിന് ചേർന്നതല്ല' എന്ന് പ്രസംഗിച്ചെന്ന്. പത്രക്കാർ അവർക്ക് വേണ്ടത് അന്യരുടെ നാവിൽ വെച്ചുകെട്ടുന്നു. ഒരേ ലിംഗപ്രേമം കുറ്റകൃത്യമല്ല എന്ന് വാദിക്കുന്ന ഒരാൾക്ക് പാരമ്പര്യത്തിന്റെ പേരിൽ എന്തിനെയെങ്കിലും എതിർക്കാൻ കഴിയുമോ? അന്യോന്യം പ്രേമിക്കുകയോ വിവാഹബന്ധത്തിൽ ഏർപ്പെടുകയോ ഏർപ്പെടുമെന്ന് ഉറപ്പിക്കുകയോ ചെയ്തിട്ടുള്ളവർ പരസ്യമായി ചുംബിക്കുകയോ ആലിംഗനം ചെയ്യുകയോ ആവാം. അങ്ങനെയല്ലാത്ത രണ്ടുപേർ എന്തിന്റെ പേരിലുള്ള പ്രതിഷേധം പ്രകടിപ്പിക്കുന്നതിനായാലും അതിലേർപ്പെടുന്ന പെൺകുട്ടി ചൂഷണം ചെയ്യപ്പെടുമോ എന്നാണ് എന്റെ ആശങ്ക. ഇന്നാട്ടിലെ പശ്ചാത്തലത്തിൽ വിവാഹമെന്ന സ്ഥാപനത്തിന് നിലവിലുള്ള സവിശേഷതകളാലാണിത്. വിവാഹപൂർവ്വ ലൈംഗികബന്ധങ്ങളെക്കുറിച്ച് അസഹിഷ്ണുതയുള്ള ആണുങ്ങൾ ഇവിടെയുള്ളിടത്തോളം കാലം പ്രണയബന്ധത്തോട് കൂടാത്ത പ്രകടനങ്ങൾ പെണ്ണുങ്ങൾക്ക് മാത്രം നഷ്ടമുണ്ടാക്കുന്നു. പ്രകടനത്തിലൂടെ മുഖം പരസ്യപ്പെടുത്തിയ പെൺകുട്ടിക്ക് അവളെ അപ്രകാരം 'ഉപയോഗിച്ച' വനുൾപ്പടെയുള്ള ആണുങ്ങൾ മാന്യതക്കുറവ് കൽപ്പിക്കും. വിവാഹബന്ധത്തിൽ താല്പര്യമില്ലാത്തവരും സ്വച്ഛന്ദപ്രേമത്തിൽ (Free love) വിശ്വസിക്കുന്നവരും വിവാഹബന്ധം കൂടാതെ ഒരുമിച്ച് കഴിയുന്നവരും ആയ സ്ത്രീപുരുഷന്മാർ എന്തുപ്രകടനത്തിലേർപ്പെട്ടാലും കുഴപ്പമില്ല. ഈ വകുപ്പുകളിൽപെടാത്ത പെൺകുട്ടികൾ സദാചാരകാവലാളുകളോടുള്ള പ്രതിഷേധത്തിന്റെ ആവേശത്തിൽ പ്രകടനത്തിനൊരുങ്ങുമ്പോൾ അതിനവരെ പ്രേരിപ്പിക്കുന്നവർ അവരെ ചൂഷണം ചെയ്യുകയാണ്. സദാചാരത്തിന്റെ കാവൽഭടന്മാരായി ചമഞ്ഞുവരുന്നവരെ ധിക്കരിക്കാൻ തീർച്ചയായും യുവാക്കൾക്ക് അവകാശമുണ്ട്. പക്ഷേ, താൻ പ്രകടനത്തിനായി ചുംബിക്കുന്നത് തനിക്കും തന്നോടും പ്രേമമുള്ളവനെയാണെന്നും കാര്യം കഴിഞ്ഞ് കൈകഴുകി അവൻ അപ്രത്യക്ഷനാവുകയില്ലെന്നും പെൺകുട്ടിക്ക് ഉറപ്പുണ്ടെങ്കിലേ അവൾ അതിനൊരുങ്ങാവൂ എന്നാണ് സഹോദരിമാരോട് എനിക്ക് പറയാനുള്ളത്. വിവാഹപൂർവ്വ ലൈംഗികബന്ധത്തിന്റെ പേരിൽ ആണുങ്ങൾ പെണ്ണുങ്ങളോട് അസഹിഷ്ണുക്കളാവാത്ത കാലം വരുമ്പോൾ അതനുസരിച്ച് കോലങ്ങളും മാറും. ഇന്നത്തെ സ്ഥിതിക്ക് പ്രേമത്തോട് കൂടാത്ത പ്രകടനം ആശാസ്യമല്ലെന്ന് മാത്രമാണ്, അറസ്റ്റു ചെയ്യാൻ തക്ക കുറ്റകൃത്യമാണെന്നല്ല പറയുന്നത്. കുറ്റകൃത്യമായി കണ്ട് അറസ്റ്റ് ചെയ്യുന്നത് തെറ്റുതന്നെ. ●

# യഥാർത്ഥ വിദ്യാഭ്യാസം



ദിവ്യ ദിവാകരൻ

> ‘തോറ്റത് നന്നായി എന്ന് വിചാരിക്കുമ്പോൾ വീണ്ടും പരീക്ഷ എഴുതാൻ വീട്ടുകാർ നിർബന്ധിച്ചു. പക്ഷെ പാട്ടായിരുന്നു എനിക്കിഷ്ടം. ഇത് മനസ്സിലാക്കി സുഹൃത്തായ സംഗീത സംവിധായകൻ ഔസേപ്പച്ചൻ മാഷിന്റെ അടുത്ത് കൊണ്ടുവിട്ടു അച്ഛൻ.

**സംഗീത** സംവിധായകൻ ഗോപി സുന്ദറുമായുള്ള ഒരു അഭിമുഖം ഈ അടുത്തയിടക്കാണ് ഒരു വാരികയിൽ വായിച്ചത്.

അദ്ദേഹം പറയുന്നു ‘പത്താം ക്ലാസ്സിൽ തോല്ക്കുമെന്നു എനിക്ക് അറിയാമായിരുന്നു. ഏഴിലും ഒൻപതിലും തോറ്റിട്ടുണ്ട്. ഇത്രയും സിനിമ ചെയ്യുന്നതിനിടയിൽ ഒരു പടം തോൽവി നേരിട്ടാൽ സങ്കടം തോന്നാത്തതും അതുകൊണ്ടാണ്. എന്നെ സംബന്ധിച്ച് പതിനെട്ടു വയസ്സിൽ ജോലി ആരംഭിച്ചു. 22 വയസ്സിൽ സ്റ്റെഡിയായി. 23 ൽ കല്യാണം. കുട്ടിയുണ്ടാകുന്നത് ഇരുപത്തിയഞ്ചാം വയസ്സിൽ. ആ പ്രായത്തിൽ ചെന്നൈയിൽ ഒരു സ്റ്റുഡിയോ ആരംഭിച്ചു. 27 വയസ്സിൽ അവിടെ ഒരു വീട് വച്ചു. മുപ്പതാം വയസ്സിൽ സിനിമയിൽ എത്തി. ഇപ്പോൾ ആറ് വർഷമായി സിനിമയിൽ. പത്താം ക്ലാസ്സിൽ തോൽക്കാൻ കഴിഞ്ഞതുകൊണ്ടാണ് എനിക്ക് ഇതൊക്കെ നേടാൻ കഴിഞ്ഞത്.’

പരീക്ഷയിൽ ജയിക്കുന്ന ചരിത്രമൊന്നും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. പത്താം ക്ലാസ്സിലെ റിസൾട്ട് വന്നപ്പോൾ ജയിക്കാൻ വേണ്ട 210 മാർക്കിന് പകരം കിട്ടിയത് വെറും 200 മാർക്ക്.

തോറ്റത് നന്നായി എന്ന് വിചാരിക്കുമ്പോൾ വീണ്ടും പരീക്ഷ എഴുതാൻ വീട്ടുകാർ നിർബന്ധിച്ചു. പക്ഷെ പാട്ടായിരുന്നു എനിക്കിഷ്ടം. ഇത് മനസ്സിലാക്കി സുഹൃത്തായ സംഗീത സംവിധായകൻ ഔസേപ്പച്ചൻ മാഷിന്റെ അടുത്ത് കൊണ്ടുവിട്ടു അച്ഛൻ. ഒരു ഗുരുകുല സമ്പ്രദായം. അദ്ദേഹത്തിനു ദേശീയ അവാർഡ് കിട്ടിയ ഒരേ കടലിലെ പാട്ടുകൾക്കൊപ്പം വരെ വർക്ക് ചെയ്തു. ‘ഈ മുപ്പത്തിയാറാം വയസ്സിലും പത്താം ക്ലാസ് എഴുതിയാൽ ഞാൻ ജയിക്കില്ല.’

നമ്മുടെ സാമ്പ്രദായിക വിദ്യാഭ്യാസത്തിനു മേലുള്ള നല്ല ഒന്നാന്തരം ഒരു അടിയാണ് ഈ ഇന്റർവ്യൂ എന്നാണ് ഇത് വായിച്ചപ്പോൾ തോന്നിയത്. ജീവിത വിജയം നേടാൻ, നിലനിൽക്കുന്ന വിദ്യാഭ്യാസ രീതിയിലൂടെ കടന്നു പോകേണ്ടതില്ലെന്നു ഗോപിസുന്ദർ തെളിയിച്ചിരിക്കുന്നു.

വീടുവെക്കുന്നതോ, വിവാഹം കഴിക്കുന്നതോ, പണമുണ്ടാക്കുന്നതോ ഒക്കെയാണ് ജീവിത വിജയത്തിന്റെ മാനദണ്ഡങ്ങൾ എന്ന് ഞാൻ വിശ്വസിക്കുന്നില്ല.

എന്നാൽ പൊതു സമൂഹം ഇതിനെയൊക്കെ വിജയങ്ങളായി പരിഗണിക്കുകയും ഇവയൊക്കെ നേടുന്നതിനു വേണ്ടി നിലനിൽക്കുന്ന ഫോർമൽ വിദ്യാഭ്യാസ രീതിക്ക് അമിത പ്രാധാന്യം നൽകുകയും കുട്ടികളെ അതിനുള്ളിൽ തളച്ചിടുകയും ചെയ്യുമ്പോൾ ഗോപി സുന്ദറിന്റെ വിജയത്തിനും അദ്ദേഹത്തിന്റെ വാക്കുകൾക്കും പ്രസക്തിയുണ്ട്.

പുറത്ത് കൊണ്ടുവരിക, പുറത്തേക്ക് എടുക്കുക എന്നൊക്കെ അർത്ഥം വരുന്ന educe എന്ന വാക്കിൽ നിന്നാണ് education എന്ന പദം ഉണ്ടായത്. വിദ്യാർത്ഥിയുടെ കഴിവുകൾ പുറത്തേക്ക് കൊണ്ടുവരാനുള്ള മാർഗ്ഗമാണ് അപ്പോൾ യഥാർത്ഥത്തിൽ വിദ്യാഭ്യാസം. എന്നാൽ നമ്മുടെ സ്കൂളുകളിലെ ക്ലാസ് മുറികളിൽ നടക്കുന്നത് പുറത്തേക്ക് എടുക്കൽ അല്ല, അകത്തേക്ക് അടിച്ചേൽപിക്കൽ മാത്രമാണ്. കണക്ക്, കെമിസ്ട്രി, ഫിസിക്സ്, ബയോളജി, സാമൂഹ്യ പാഠം, ഇംഗ്ലീഷ്, ഹിന്ദി... അങ്ങനെ താല്പര്യമുള്ളതും ഇല്ലാത്തതുമായ എല്ലാ വിഷയങ്ങളും പഠിക്കാൻ കുട്ടി നിർബന്ധിക്കപ്പെടുന്നു. ഇതിനിടയിൽ കുട്ടിയുടെ യഥാർത്ഥ കഴിവുകൾ തിരിച്ചറിയാനോ അതിനെ വളർത്താനോ സമയം കിട്ടാതെ പോകുകയും ചെയ്യുന്നു. നമ്മുടെ പ്രാഥമിക വിദ്യാഭ്യാസം A + മാത്രമായി ചുരുങ്ങി പോയിരിക്കുന്നു എന്നത് ഏറ്റവും ദയനീയമായ ഒരു വസ്തുതയാണ്. പഠിക്കാനുള്ള എല്ലാ വിഷയത്തിനും A + നേടുന്ന കുട്ടികളാണ് ഏറ്റവും സമർത്ഥർ എന്നാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം ഇപ്പോൾ പറഞ്ഞു കൊണ്ടിരിക്കുന്നത്. സ്കൂളുകളും രക്ഷകർത്താക്കളുമാണ് ഈ A + യുദ്ധത്തിലെ യഥാർത്ഥ പോരാളികൾ.



**പുറത്ത് കൊണ്ടുവരിക, പുറത്തേക്ക് എടുക്കുക എന്നൊക്കെ അർത്ഥം വരുന്ന educe എന്ന വാക്കിൽ നിന്നാണ് education എന്ന പദം ഉണ്ടായത്. വിദ്യാർത്ഥിയുടെ കഴിവുകൾ പുറത്തേക്ക് കൊണ്ടുവരാനുള്ള മാർഗ്ഗമാണ് അപ്പോൾ യഥാർത്ഥത്തിൽ വിദ്യാഭ്യാസം.**

കുട്ടികൾ പാവം ചാവേറുകൾ മാത്രം.

ഹോവാഡ് ഗാർഡനറുടെ theory of multiple intelligence പ്രകാരം ഏഴു തരത്തിലുള്ള intelligence ഉണ്ട്. linguistic intelligence, logical -mathematical intelligence ,interpersonal intelligence, Itnrapersonal, Visual-Spacial ,Bodily-kinesthetic and musical intelligence . സാധാരണ ഗതിയിൽ ഒരു കുട്ടിക്ക് ഇതിൽ ഏതെങ്കിലും ഒന്നോ രണ്ടോ intelligence ആണ് ഉണ്ടാകുക. ഭാഷാപരമായ കഴിവ് ഉള്ള കുട്ടിക്ക് ചിലപ്പോൾ mathematical intelligence തീരെ ഇല്ല എന്ന് വരാം. അതുപോലെ bodily intelligence ഉള്ള കുട്ടിക്ക് musical intelligence ഉണ്ടാകണമെന്നില്ല . എന്നാൽ നിലനിൽക്കുന്ന വിദ്യാഭ്യാസ സാഹചര്യത്തിൽ mathematical intelligence തീരെ ഇല്ലാത്ത കുട്ടിയും $(a+b)^2$ കാണാതെ പഠിച്ചു പരീക്ഷക്ക് ഛർദ്ദിച്ചു വക്കേണ്ട ഗതികേടിലാണ്. bodily intelligence കൂടുതൽ ഉള്ള കുട്ടി ശരീരത്തിന്റെ സാധ്യതകൾ യാതൊരു വിധത്തിലും ഉപയോഗിക്കാൻ കഴിയാതെ ആറേഴു പിരീഡ് ക്ലാസ്സ് മുറിക്കുള്ളിൽ തളച്ചിടപ്പെടുകയും ചെയ്യുന്നു. ഗാർഡനറുടെ തിയറി നമ്മുടെ ബി.എഡുകാർക്ക് കാണാതെ പഠിക്കാനും റെക്കോർഡിൽ എഴുതാനും മാത്രമുള്ള ഒന്നായി ഇപ്പോഴും അവശേഷിക്കുന്നു.

തന്റെ കഴിവിനും ബുദ്ധിക്കും അനുയോജിച്ച, താല്പര്യമുള്ള വിഷയം പഠിക്കാനുള്ള അവകാശം ഓരോ കുട്ടിക്കും നൽകുക. താല്പര്യമില്ലാത്ത വിഷയം പഠിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യവും നൽകുക. ഈ അടിസ്ഥാനപരമായ മാറ്റമാണ് നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ആദ്യം ഉണ്ടാകേണ്ടത്.

കവർസ്റ്റോറി



# ലിംഗപദവീനാട്യങ്ങളുടെ കലാലയ പരിസരം



നിഷി ജോർജ്ജ്

**സ്ത്രീവാദചിന്തകളുടെ** രണ്ടാം ഘട്ടത്തിൽ തന്നെ ലിംഗപദവീപരമായ സ്വത്വം (gender) സാംസ്കാരിക നിർമ്മിതിയാണെന്ന് വിശദീകരിക്കപ്പെടുന്നുണ്ട്. മൂന്നാംഘട്ട സ്ത്രീവാദം ലിംഗസ്വത്വ (sex)ത്തെ തന്നെ സാംസ്കാരിക നിർമ്മിതിയായി വിലയിരുത്തുന്നു. ഗേ, ലെസ്ബിയൻ പഠനങ്ങളിലുണ്ടായ പുരോഗതിയുമായി ബന്ധപ്പെട്ട് മനുഷ്യന്റെ അടിസ്ഥാന ലൈംഗികപ്രേരണ ഭിന്നലൈംഗികത (hetero sexuality) ആണെന്ന നിലപാട് മാറുകയും സ്ത്രീ/പുരുഷൻ എന്നീ രണ്ട് സാങ്കല്പിക അറ്റങ്ങൾക്കു പുറമേ ഇവയ്ക്കിടയിലുള്ള അനേകം ഏറ്റക്കുറച്ചിലുകൾ സാധ്യമാണെന്ന കാഴ്ചപ്പാടുകൾ വികസിച്ചുവരികയും ചെയ്തു. ജീവശാസ്ത്രപരമായ പ്രത്യേകതകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സ്ത്രീ/പുരുഷൻ എന്ന ഉറപ്പിക്കലിനെ തന്നെ ഇത്തരം പഠനങ്ങൾ പ്രശ്നവത്കരിച്ചു.

സെക്സിങ് ദി ബോഡി: ജെൻഡർ പൊളിറ്റിക്സ് ആൻഡ് ദി കൺസ്ട്രക്ഷൻ ഓഫ് സെക്ഷ്വാലിറ്റി (sexing the body: Gender politics and the construction of sexuality) എന്ന കൃതിയിൽ സ്ത്രീ, പുരുഷൻ എന്നീ രണ്ടു സാധ്യതകൾക്കിടയിലുണ്ടാകുന്ന വ്യത്യസ്തകളെ എങ്ങനെയാണ് ഇവയിലൊന്നായി അടയാളപ്പെടുത്താൻ സമൂഹം ശ്രമിക്കുന്നതെന്നും സ്ത്രീലിംഗത്തെക്കുറിച്ചും പുല്ലിംഗത്തെക്കുറിച്ചുമുള്ള സാമൂഹ്യധാരണകൾ എങ്ങനെയാണ് ജനനം മുതൽ തന്നെ ഈ ഉറപ്പിക്കലുകളുടെ അടിസ്ഥാനമായിത്തീരുന്നതെന്നും പറഞ്ഞുകൊണ്ട് ലിംഗസ്വത്വമെന്നത് ജീവശാ




സ്ത്രപരമായ വിഭജനമല്ലെന്നും സാംസ്കാരികനിർമ്മിതിയാണെന്നും ഫൗസ്റ്റോ സ്റ്റെർലിങ് (Fausto sterling) വിശദീകരിക്കുന്നു.

ജെന്റർ ട്രബിൾ : ഫെമിനിസം ആന്റ് സബ്‌വേർഷൻ ഓഫ് ഐഡന്റിറ്റി (gender trouble : feminism and subversion of identity) എന്ന കൃതിയിൽ ഘടനാവാദാനന്തര സ്ത്രീവാദചിന്തകയായ ജൂഡിത്ത് ബട്‌ലർ (Judith Butler) ലിംഗപദവിയുടെ നാട്യപരത (gender perform activity)യെക്കുറിച്ചുള്ള തന്റെ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്നു. സാമൂഹ്യയാഥാർത്ഥ്യമെന്നത് ഭാഷ, ആംഗ്യങ്ങൾ തുടങ്ങിയ എല്ലാത്തരം പ്രതീകാത്മക സാമൂഹ്യചിഹ്നങ്ങളിലൂടെയും നിരന്തരമായി സൃഷ്ടിക്കപ്പെടുന്ന പ്രതീതിയാണെന്ന് ബട്‌ലർ കരുതുന്നു. ലിംഗസ്വഭാവത്തെക്കുറിച്ചുള്ള മുൻധാരണകളാണ് ലിംഗസ്വത്വത്തെ നിർണ്ണയിക്കുന്നതെന്ന് വിലയിരുത്തുന്ന ബട്‌ലർ നാടകത്തിലെ അഭിനയത്തോടാണ് ഇതിനെ താരതമ്യപ്പെടുത്തുന്നത്. നടിയോ നടനോ കഥാപാത്രമാകുന്നതു പോലെയാണ് വ്യക്തികൾ സ്ത്രീയോ പുരുഷനോ ആയിത്തീരുന്നത്. ആൺ, പെൺ വിഭജനത്തെ സൃഷ്ടിക്കുന്നതിലും ശ്രേണീബദ്ധമായി ഉറപ്പിക്കുന്നതിലും ഇത്തരം നാട്യങ്ങൾക്ക് വലിയ പങ്കുണ്ട്.

**വീട് സ്ത്രീയുടേയും പുറംലോകം പുരുഷന്റേതുമായി തീരുന്നതുപോലെ ക്ലാസ്സ്മുറികൾ പെൺകുട്ടികളുടേതും ക്യാമ്പസ്സിന്റെ തുറസ്സുകൾ ആൺകുട്ടികളുടേതുമാണ്. വീടിനു പുറത്തേക്കുള്ള സ്ത്രീയുടെ സഞ്ചാരങ്ങൾ വീട് എന്ന സ്ഥാപനത്തിന്റെ തകർച്ചയെക്കുറിച്ചുള്ള ഭയങ്ങളെ ഉത്പാദിപ്പിക്കുന്നതുപോലെ ക്ലാസ്സ്മുറികൾക്ക് പുറത്തേക്കുള്ള പെൺനടത്തങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അച്ചടക്കത്തെ തകർത്തുകളയുമെന്ന ഭയത്തെ സൃഷ്ടിക്കുന്നു.**

വിദ്യാഭ്യാസസ്ഥാപനങ്ങൾ അധീശവ്യവഹാരങ്ങളെ ഉറപ്പിച്ചെടുക്കുന്നതിൽ വളരെ പ്രധാനമായ പങ്കുവഹിക്കുന്ന പ്രത്യയശാസ്ത്ര ഉപകരണങ്ങളാണ്. വീട്ടിലേയും സമൂഹത്തിലേയും തൊഴിൽവിഭജനങ്ങളുടെ അധികാരബന്ധങ്ങളുടെ തുടർച്ച തന്നെയാണ് വിദ്യാഭ്യാസസ്ഥാപനങ്ങളിലും കാണപ്പെടുന്നത്. വീട് സ്ത്രീയുടേയും പുറംലോകം പുരുഷന്റേതുമായി തീരുന്നതുപോലെ ക്ലാസ്സ്മുറികൾ പെൺകുട്ടികളുടേതും ക്യാമ്പസ്സിന്റെ തുറസ്സുകൾ ആൺകുട്ടികളുടേതുമാണ്. വീടിനു പുറത്തേക്കുള്ള സ്ത്രീയുടെ സഞ്ചാരങ്ങൾ വീട് എന്ന സ്ഥാപനത്തിന്റെ തകർച്ചയെക്കുറിച്ചുള്ള ഭയങ്ങളെ ഉത്പാദിപ്പിക്കുന്നതുപോലെ ക്ലാസ്സ്മുറികൾക്ക് പുറത്തേക്കുള്ള പെൺനടത്തങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അച്ചടക്കത്തെ തകർത്തുകളയുമെന്ന ഭയത്തെ സൃഷ്ടിക്കുന്നു. പെൺപള്ളിക്കൂടങ്ങൾക്കോ പെൺകലാശാലകൾക്കോ ഈ ദൃശ്യവും അദൃശ്യവുമായ ബലതന്ത്രങ്ങളെ

മറികടക്കാനുള്ള ശേഷിയില്ലെങ്കിലും അവളുടെ മാനസികവികാസത്തെയും ചലനസ്വാതന്ത്ര്യത്തെയും ഒതുക്കുന്ന പരിമിത ഇടങ്ങളെ കുറേക്കൂടി വിസ്തൃതമായ വൃത്തങ്ങളായി വലിച്ചുനീട്ടാൻ ഇവക്ക് കഴിയുന്നുണ്ട്.

സ്ത്രീകൾ മാത്രമുള്ള കൂട്ടങ്ങളിൽ നിന്നു വ്യത്യസ്തമായി സ്ത്രീയും പുരുഷനുമടങ്ങുന്ന കൂട്ടങ്ങളിൽ ലിംഗസ്വത്വത്തോടും ലിംഗപദവീസ്വത്വത്തോടും ബന്ധപ്പെട്ടുള്ള ബലപ്പെടലുകൾ കൂടുതൽ പ്രകടമാണ്. തൊഴിൽ വിഭജനത്തിൽ, വസ്ത്രധാരണത്തിൽ, ശാരീരികചലനങ്ങളിൽ, സ്വഭാവത്തിൽ എല്ലാം അംഗീകൃത സ്ത്രീസങ്കല്പത്തോട് താദാത്മ്യം പ്രാപിച്ച് സ്ത്രീയും അംഗീകൃത പുരുഷസങ്കല്പത്തോട് താദാത്മ്യം പ്രാപിച്ച് പുരുഷനും വളരുന്നു. സ്ത്രീകളുടെ മാത്രമോ പുരുഷന്മാരുടെ മാത്രമോ ആയ കൂട്ടങ്ങളിൽ സ്ത്രീക്കും പുരുഷനുമിടയിലെ വ്യത്യാസങ്ങളെക്കുറിച്ചുള്ള മുൻധാരണകളെ കേന്ദ്രീകരിച്ചുകൊണ്ടല്ലാതെയുള്ള വ്യക്തിത്വ വികാസത്തിന് കൂടുതൽ അവസരങ്ങളുണ്ടാകുന്നുണ്ട്. പെൺകുട്ടികൾ മാത്രമുള്ള വീടുകളിൽ, പെൺകുട്ടികൾ മാത്രം പഠിക്കുന്ന സ്ഥാപനങ്ങളിൽ, പെൺകുട്ടികൾ മാത്രം ജോലി ചെയ്യുന്ന ഇടങ്ങളിൽ സ്ത്രീയെന്ന സാംസ്കാരിക നിർമ്മിതി കൂറേക്കൂടി സ്വതന്ത്രമായ ഒരന്തരീക്ഷത്തെ അനുഭവിച്ചറിയുന്നുണ്ട്.

പത്തുവർഷം ആൺകുട്ടികളോടൊപ്പം പഠിച്ചശേഷമാണ് ഞാൻ പ്രീഡിഗ്രിക്കു കോഴിക്കോട് പ്രൊവിഡൻസ് വിമൻസ് കോളേജ് ജീവിതം വ്യത്യസ്തമായ അനുഭവമായിരുന്നു. ആൺകുട്ടി, പെൺകുട്ടി എന്നീ നിലകളിലുള്ള ശാരീരികവും മാനസികവുമായ രൂപപ്പെടലിനുള്ള പ്രേരണകളും മാതൃകകളും ചെറിയ ക്ലാസ്സുകളിൽ തന്നെ കുട്ടികൾക്ക് കിട്ടുന്നുണ്ട്. കായിക ശേഷി കൂടുതലായി വേണ്ടിവരുന്ന സാഹചര്യങ്ങളിലും സംഘാടനമികവും നേതൃത്വപാടവവും പ്രകടിപ്പിക്കേണ്ടുന്ന സാഹചര്യങ്ങളിലും ആൺകുട്ടികളാണ് കൂടുതലായി പരിഗണിക്കപ്പെടുന്നത്.



പെൺകുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളുകളിലും കോളേജുകളിലും ആൺകുട്ടികൾ സാധാരണയായി ചെയ്യാറുള്ള ഇത്തരം കാര്യങ്ങൾ ചെയ്യാനുള്ള അവസരം പെൺകുട്ടികൾക്കുണ്ടാവുന്നു. വൈസ് ചെയർമാന്റെയോ ജോയിന്റ് സെക്രട്ടറിയുടെയോ ആലങ്കാരികസ്ഥാനങ്ങളല്ലാതെ കഴിവും പ്രയത്നവും ആവശ്യമുള്ള, വ്യക്തിത്വവികസനത്തിനുതകുന്ന മെച്ചപ്പെട്ടറോളുകൾ ചെയ്യാനുള്ള സാധ്യതകൾ പെൺകുട്ടികൾക്ക് ലഭിക്കുന്നു. അവരത് നന്നായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഉൾവലിഞ്ഞും മടിച്ചും നിൽക്കുകയും അത്തരം റോളുകൾ തങ്ങളുടേതല്ലെന്ന് ബോധ്യത്തെ മുറുകെപ്പിടിക്കുകയും ചെയ്യുന്നവർ ഉണ്ടെങ്കിലും സാഹചര്യങ്ങൾക്കനുസരിച്ച് വളരാനുള്ള ശേഷി തന്നെയാണ് കൂടുതൽ പ്രകടമായി കണ്ടത്. ആൺകുട്ടികളില്ലാത്തതിനാൽ ഏതെങ്കിലുമൊരു കാര്യം നന്നായി നടന്നില്ല എന്നു പറയേണ്ട സാഹചര്യം ഉണ്ടാകാത്ത വിധത്തിൽ പ്രഗത്ഭരായ ധാരാളം പെൺകുട്ടികൾ വിമൻസ് കോളേജ് ക്യാമ്പസിൽ ഉണ്ടായിരുന്നു. പിൽക്കാലങ്ങളിൽ പുറം ലോകം എവിടെയാണ് അവരെയെല്ലാം ഒളിപ്പിച്ചുവെച്ചിരിക്കുന്നതെന്ന് അത്ഭുതത്തോടെ ആലോചിച്ചിട്ടുണ്ട്.

ഒരു മിക്സഡ് കോളേജിന്റെ അന്തരീക്ഷത്തിൽ പലപ്പോഴും അസാധ്യമായ വിധത്തിൽ പെൺകുട്ടികൾ വിമൻസ് കോളേജ് ക്യാമ്പസിൽ ഒച്ചവെച്ച് നടന്നു. കാന്റീനിലും വരാന്തകളിലും ഒറ്റക്കും കൂട്ടായും കറങ്ങി നടന്നു. മതിലിനുമുകളിൽ വലിഞ്ഞു കയറി, ക്യാമ്പസിന്റെ പിന്നാമ്പുറങ്ങളിൽ ഗവേഷണം നടത്തി, മരത്തണലുകളിൽ പൊട്ടിച്ചിരിച്ച്, ചിലപ്പോഴൊന്നു മയങ്ങി (ഒരു മിക്സഡ് കോളേജ് അന്തരീക്ഷം ആ ഉറക്കത്തെ എങ്ങനെ കാണുമെന്ന് ആലോചിച്ചു നോക്കുക). ഹോസ്റ്റലിൽ രാത്രിഭക്ഷണത്തിനു ശേഷമുള്ള ഇടവേളകളിൽ ഇരുട്ടിലൂടെ നടന്നു. സെമിത്തേരിയുടെ വിജനതയിൽ കറങ്ങി ധൈര്യത്തെക്കുറിച്ചൊരു ആത്മപരിശോധന നടത്തി, ഇടവഴികളിൽ വെറും നിലത്ത് നക്ഷത്രങ്ങളെണ്ണിക്കിടന്നു. ഹോസ്റ്റൽ തുറക്കാൻ വൈകിയ വൈകുന്നേരങ്ങളിൽ വലതുവശത്തെ ഒഴിഞ്ഞൊരു കൊച്ചുമുറിയുടെ മുകളിലൂടെ വലിഞ്ഞു കയറി മുകൾ നിലയിലെ വരാന്തയിലേക്ക് സാഹസി

കമായി കയറി. നിയന്ത്രണങ്ങളുടെ പേരിൽ വാർഡനോട് കലഹിച്ചു.

ഒരു ബെല്ലിൽ നിന്ന് മറ്റൊരു ബെല്ലിലേക്കുള്ള ദൂരത്തിനിടയിൽ അച്ചടക്കത്തിന്റെ കടുപ്പം കുറഞ്ഞ ഇടവേളകളിൽ, കിട്ടിയ സ്വാതന്ത്ര്യത്തെ പരമാവധി ഉപയോഗിച്ചു. ചില മിണ്ടാപ്പൂച്ചകൾ പകൽനേരങ്ങളിൽ പതുങ്ങിപ്പതുങ്ങി പുറത്തുകടന്ന് നഗരം ചുറ്റി, കടൽ കണ്ട്, സിനിമ കണ്ട് തിരിച്ചു വന്ന് വീരകഥകൾ പറഞ്ഞു. പെൺ-പെൺ സൗഹൃദങ്ങൾ ചിലപ്പോൾ സൗഹൃദങ്ങൾക്കപ്പുറത്തേക്ക് വളരുകയും ഗോവണിപ്പടികൾക്കു താഴെയും വരാന്തകളിലും ബാത്ത്റൂമുകൾക്കടുത്തും രാത്രികാലങ്ങളിൽ ഏറെ നേരം സംസാരിച്ചു നിന്നവർ താക്കീത് ചെയ്യപ്പെടുകയും ചെയ്തു. ഇത്തരം ബന്ധങ്ങൾ ജൂനിയേഴ്സിനും സീനിയേഴിനും ഇടയിലാണ് രൂപപ്പെട്ടത്. ആൺ-പെൺ ബന്ധങ്ങളിലെ പരിചിത റോളുകളിലേക്ക് അവർ രൂപഭാവങ്ങൾ മാറി ചുരുങ്ങുകയോ വികസിക്കുകയോ ചെയ്തു. എല്ലാത്തിനുമൊടുവിൽ വർഷാന്ത്യ പരീക്ഷകളിൽ മികച്ച വിജയം നേടി പലരും പലരേയും ഞെട്ടിച്ചു.

വിമൻസ്കോളേജിലെ സ്വതന്ത്രജീവിതവും സ്ത്രീവാദ ചിന്തകളുമായി പരിചയപ്പെടാൻ ഇടയായ സാഹചര്യവും പില്ക്കാലജീവിതവഴികളെ തീരുമാനിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ആ ലോകത്തനുഭവിച്ചത് സ്വാതന്ത്ര്യമാണെന്ന തോന്നൽ ഉറപ്പിക്കപ്പെട്ടത് അതിന്റെ തുടർച്ചയായി ഒരു മിക്സഡ് കോളേജിൽ ബിരുദപഠനത്തിനായി ചേർന്നപ്പോഴായിരുന്നു. ശരീരചലനങ്ങളിൽ, സംസാരത്തിൽ, പ്രവർത്തികളിൽ എങ്ങനെ ഒതുങ്ങണമെന്ന പാഠങ്ങളായിരുന്നു, ഉപദേശങ്ങളായിരുന്നു ഏറെ കേൾക്കേണ്ടി വന്നത്. ആൺകുട്ടികൾക്കായി അലിഖിതമായി സംവരണം ചെയ്യപ്പെട്ട




ഇടങ്ങളിലേക്ക് പ്രവേശിച്ചത് സംഘർഷങ്ങളുണ്ടാക്കി, കുപ്രസിദ്ധിയും. കൂടെ ഉണ്ടായിരുന്ന പെൺകൂട്ടുകാരും കൂസാതെ നിന്നതിനാൽ കാമ്പസിന്റെ പുറംലോകത്തിലെ അദൃശ്യമായ വിലക്കുകളെ വകവെച്ചില്ല. ഒരു പെൺകലാലയം തന്ന സ്വാതന്ത്ര്യാനുഭവങ്ങളാണ് മിക്സഡ് കോളേജിന്റെ സ്ത്രീശരീരഭാഷയെ നിരസിക്കാനുള്ള ഊർജ്ജമായത്.

ബിരുദപഠനം നടത്തിയ പയ്യന്നൂർ കോളേജിൽ വർഷങ്ങൾക്ക് ശേഷം അധ്യാപികയായി പോയപ്പോൾ ക്യാമ്പസിന്റെ പുറംലോകങ്ങൾ ഇപ്പോൾ തെരഞ്ഞെടുപ്പുകാലങ്ങളിൽ മാത്രമേ സജീവമാകാറുള്ളൂ എന്നുതോന്നി. ആൺകുട്ടികൾ കുറഞ്ഞുവരുന്ന ക്യാമ്പസുകൾ സ്കൂളിലെ കോപ്പിബുക്ക് ജീവിതത്തിന്റെ തുടർച്ചകളായി തീരുന്നുണ്ട് എന്നും. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഇടയിലുണ്ടാവുന്ന ആരോഗ്യകരമായ ബന്ധങ്ങൾ സഹജീവനത്തിന്റെ പൊതു പരിസരത്ത് തീർച്ചയായും ഉപയോഗപ്രദമായ ഒരു കൈപ്പുസ്തകം തന്നെയാണ്. മറിച്ച് പെൺകുട്ടികൾ മാത്രമുള്ള കോളേജുകളിലെ പഠനം ആണും പെണ്ണുമടങ്ങുന്ന പൊതുപരിസരത്തെ ആത്മവിശ്വാസത്തോടെ നേരിട്ട് വിജയിക്കുന്നതിന് സഹായകരമാകണമെന്നുമില്ല.

പെൺകുട്ടികൾ മാത്രമുള്ള കലാലയപരിസരങ്ങൾ അവരിൽ നേതൃഗുണവും സംഘാടനശേഷിയും സ്വാതന്ത്ര്യബോധവും ആത്മവിശ്വാസവും വളർത്താൻ കൂടുതൽ സഹായകരമാണ് എന്ന അഭിപ്രായം ഇപ്പോഴും മാറിയിട്ടില്ല. എന്നാൽ പൊതു ലോകപരിസരം പരിചിതവേഷങ്ങളിലല്ലാതെ ഇവരെ സ്വീകരിക്കാൻ വികസിച്ചിട്ടില്ല എന്ന യാഥാർത്ഥ്യവും നിലനിൽക്കുന്നു. ലിംഗപദവി നാട്യങ്ങളെ ഉപേക്ഷിച്ചു കളയുന്നതിലൂടെ പൊതു പരിസരത്ത് ഒരിടം കണ്ടെത്തുക എന്നത് എളുപ്പമോ പ്രയാസമോ ആയിത്തീരാം. സ്ത്രീ സഹജമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ചിഹ്നങ്ങളേയും ചിന്തകളേയും സാംസ്കാരിക നിർമ്മിതികളായി തിരിച്ചറിയാൻ സഹായിക്കുന്ന ഒരന്തരീക്ഷം പെൺ കലാലയങ്ങളിൽ ഉണ്ടാകുന്നുണ്ട്. എന്നാൽ ഇത് പിൽക്കാല ജീവിതത്തെ ശുഭാന്ത്യമാക്കണമെന്നില്ല. സ്വാഭാവികത/അഭിനയം എന്നിവക്കിടയിലെ അതിരുകൾ അവ പ്രയോഗിക്കപ്പെടുന്ന പരിസരങ്ങൾക്കനുസരിച്ച് മാറ്റി വരക്കപ്പെട്ടു കൊണ്ടേയിരിക്കാം എന്നതിനാൽ ഇതിനെ തിരിച്ചറിയുക എന്ന ജാഗ്രത പോലും ഒരു സമര സന്നാഹമാണ്.

കവർസ്റ്റോറി



വിനയ

# വിദ്യാലയങ്ങളിലെ അപ്രാപ്യമായ ഇടങ്ങൾ

**തൃശ്ശൂർ** ജില്ലയിൽ ഗാർഗി സ്ത്രീകൂട്ടായ്മ എന്ന സംഘടനയുടെ നേതൃത്വത്തിൽ 'എന്റെ ആരോഗ്യം എന്റെ ആവശ്യം' എന്ന മുദ്രാവാക്യം ഉയർത്തി വീട്ടമ്മമാർക്കായ് വോളിബോൾ പരിശീലനം നടത്തിവരുന്നുണ്ട്. ആയതിന്റെ ഭാഗമായ് ജില്ലയുടെ വിവിധയിടങ്ങളിലായ് 300 ഓളം സ്ത്രീകൾ ഇന്ന് കളിസ്ഥലങ്ങളിലുണ്ട്.

ഈ ടീമുകളുടെ രൂപീകരണഘട്ടത്തിൽ സംഘാടകർ നേരിട്ട മുഖ്യ പ്രശ്നം എവിടെ കളിക്കും എന്നതായിരുന്നു.എല്ലാ പൊതുയിടങ്ങളും ഒഴിവിടങ്ങളും ആൺകുട്ടികളുടേയും, പുരുഷന്മാരുടേയും കൈകളിലാണ്.പിന്നെ അവരെങ്ങനെ കളിക്കും?

സ്കൂൾ കോളേജ് തലം മുതൽ തുടർന്നുവരുന്ന ഈ പതിവ് പൊതു ഇടങ്ങൾ മാത്രമല്ല കായിക വിനോദവും പുരുഷനുമാത്രം അവകാശപ്പെട്ടതാണെന്ന പൊതുബോധം സമൂഹത്തിൽ ഉണ്ടാക്കിയിട്ടുണ്ട്.

ജില്ലയിൽ തന്നെ പെൺകുട്ടികളെ ഫുട്ബോൾ കളിപ്പിക്കുക എന്ന ലക്ഷ്യത്തിൽ രൂപീകൃതമായ സംഘടനയാണ്. ARCHA ഈ രണ്ടു സംഘടനകളുടേയും മുഖ്യ പ്രവർത്തകരിലൊരാൾ എന്ന നിലയിൽ വിവിധ



സ്കൂളുകളിലെത്തുമ്പോൾ പെൺകുട്ടികൾ ഭീതിയോടെ ഞങ്ങളോട് ചോദിക്കുന്നത് എവിടെ കളിക്കും എന്നാണ്.

ഓരോ സ്ക്കൂളിലും, കോളേജിലും പെൺകുട്ടികൾക്ക് നിഷിദ്ധമായ നിരവധി സ്ഥലങ്ങൾ ഉണ്ട്. അതിലൊന്നു മാത്രമാണ് കളിസ്ഥലങ്ങൾ അഥവാ ഗ്രൗണ്ടുകൾ. സ്ഥിരമായ് പെൺകുട്ടികളെ ഭീതിയിൽ തളച്ചിടാൻ ഇത്തരം സ്ഥാപനങ്ങൾ നടത്തുന്ന കുതന്ത്രങ്ങൾ പൊളിക്കുവാൻ കൃത്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

പെൺകുട്ടിക്കു നിഷിദ്ധമായ ഒരു പൊതു ഇടവും ഉണ്ടാകാൻ പാടില്ല എന്ന സാമൂഹികബോധം ഉയർന്നു വരേണ്ടതുണ്ട്.

സ്ത്രീകൾക്കും പെൺകുട്ടികൾക്കും നിഷിദ്ധമായ ഇടങ്ങൾ ആൺകുട്ടികൾക്കും പുരുഷന്മാർക്കും നിർബന്ധമായും അനുവദിച്ചു കൊടുക്കാതിരിക്കാൻ സ്ത്രീകളും പെൺകുട്ടികളും സംഘടിതമായ് മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു.. എന്തുകൊണ്ട് സ്ത്രീകളെതിർക്കുന്നു എന്ന ചോദ്യം സമൂഹത്തിൽ നിന്നും ഉയർന്നു വരുമ്പോൾ മാത്രമേ കാരണം പൊതു സമൂഹത്തെ അറിയിക്കാനും പരിഹാരം തേടാനും സാധിക്കൂ.

പൊതുയിടങ്ങളിലെ സ്ത്രീ സാന്നിധ്യം ശത്രുതയോടെ കാണുന്ന പുരുഷമനോഭാവത്തെ അങ്ങോട്ടു കടന്നുചെന്ന് കൊണ്ടുമാത്രമേ നിർവ്വീര്യമാക്കാനൊക്കൂ. അതിനായ് നമുക്ക് കൈകോർക്കാം. സ്ത്രീകൾക്കായ് ഗാർഗിയും, പെൺകുട്ടികൾക്കായ് ആർച്ചയും നിങ്ങളോടൊപ്പമുണ്ട്.





# വിഷമഴയേറ്റവരുടെ വിദ്യാഭ്യാസപ്രശ്നങ്ങൾ

മുനീസ അമ്പലത്തറ

**മനുഷ്യമനസ്സിൽ** അന്തർലീനമായി കിടക്കുന്ന കഴിവുകളെ പുറത്തുകൊണ്ടുവരിക എന്നതാണ് വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ പരിഭവിക്കാനും പരാതി പറയാനുമറിയാത്ത ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന ഒരു കൂട്ടം ജനതക്ക് തങ്ങളുടെ കഴിവുകൾ അടിച്ചമർത്താനുള്ള വേദിയായി മാറിക്കഴിഞ്ഞിരിക്കുകയാണ് ഇവർക്ക് വേണ്ടിക്കൂടിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വികലാംഗർ എന്ന് സംബോധന ചെയ്യരുതെന്നും സാധാരണകുട്ടികളോടൊപ്പം ഇവരെ വിദ്യാഭ്യാസം ചെയ്യിപ്പിക്കണമെന്നും നിയമം അനുശാസിക്കുന്നു. ഇത്തരം നിയമങ്ങൾ കടലാസിലെ കേവലം എഴുത്തുകുത്തായി മാറുന്നു എന്നതാണ് യഥാർത്ഥ വസ്തുത. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ സംരക്ഷിക്കുകയും അവരെ ജീവിതത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും ചെയ്യുക എന്നത് ഒരു പരിഷ്കൃതസമൂഹത്തിന്റെ കടമയാണ്. 'വികലാംഗർ' എന്ന പദത്തെ ശാരീരികവും മാനസികവുമായ




വെല്ലുവിളികൾ നേരിടുന്നവർ (Physically & Mentally Challenged) എന്ന് പേര് മാറ്റിയതു കൊണ്ടോ അവരെ പൊതുവിദ്യാലയത്തിൽ പ്രവേശിപ്പിച്ചതു കൊണ്ടോ മാത്രം ഈ കടമകൾ നിർവ്വഹിക്കപ്പെടുന്നില്ല.

സാധാരണകുട്ടികൾക്കൊപ്പം വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്നുണ്ടെങ്കിലും പലയിടങ്ങളിലും ഇവർക്കാവശ്യമായ പരിശീലനം നൽകുന്നില്ല എന്നു മാത്രമല്ല അവഗണനയുടെ കയ്പ്പുനീരു കുടിച്ച് പടിയിറങ്ങുകയാണ് പതിവ്. സാധാരണ സ്കൂളിലെ നീണ്ട പത്തു വർഷത്തെ വിദ്യാഭ്യാസത്തിനു ശേഷം സ്പെഷ്യൽ സ്കൂളിലേക്ക് തള്ളിവിടേണ്ട സാഹചര്യം അത്യന്തം വേദന ഉളവാക്കുന്നതാണ്.


ഭരണകൂടം നടത്തിയ രാസയുദ്ധത്തിന്റെ ദുരിതംപേറുന്നവർ ജീവിക്കുന്ന കാസർഗോഡ് ഏഴ് ബഡ്സ് സ്കൂളുകളും പതിനൊന്ന് സ്പെഷൽ സ്കൂളുകളും സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിൽ ഭൂരിഭാഗവും ഇത്തരം കുട്ടികളെ മണിക്കൂറുകളോളം പാർപ്പിക്കുന്ന താത്കാലികകേന്ദ്രമെന്നേ പറയാൻ കഴിയൂ. നിറം മങ്ങിയ ഇവരുടെ മനസ്സിലേക്ക് ഇത്തിരി വെളിച്ചം വീശാൻ ഇവയ്ക്ക് കഴിയുന്നില്ലായെങ്കിൽ ഇവയെ വിദ്യാലയങ്ങൾ എന്നു വിളിക്കുന്നത് ഈ കുട്ടികളെ അവഹേളിക്കുന്നതിന് തുല്യമല്ലേ?

വിഷദുരന്തത്തിൽ ജീവിതം തകർന്ന ജില്ലയിലെ ഒരു കൂട്ടം കുട്ടികൾക്ക് സമ്മാനമായി നൽകിയതാണത്രേ ഏഴ് ബഡ്സ് സ്കൂളുകൾ. കാലിത്തൊഴുത്തിലും കുടുസ്സുമുറികളിലും പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളെ വിഷമഴക്ക് നേരെ പിടിച്ച കീറക്കുടയെന്ന് വിളിക്കാനേ തരമുള്ളൂ. വർഷം നാല് പിന്നിട്ടിട്ടും അറിവിന്റെ ഒരു ചെറുതിരി കൊളുത്താനുള്ള സാഹചര്യം ഇവിടെ അധികൃതർ സൃഷ്ടിച്ചിട്ടില്ല. രജിസ്ട്രേഷൻ പുതുക്കി നല്കാതെയും ഗ്രാൻഡ് അനുവദിക്കാതെയും ജീവനക്കാർക്ക് തുച്ഛമായ വേതനം നല്കിയും ഇത്തരം വിദ്യാഭ്യാസം സ്ഥാപനങ്ങളെയും ജീവനക്കാരെയും അതിലുപരി കുട്ടികളെയും അപഹാസ്യരാക്കുകയാണ് ചെയ്യുന്നത്. എഴുത്തും വായനയും അറിയുക അതോടൊപ്പം ഒരുപിടി ബിരുദങ്ങൾ വാരിക്കൂട്ടുക എന്നതാണ് വിദ്യാഭ്യാസം എന്ന

**വിഷദുരന്തത്തിൽ ജീവിതം തകർന്ന ജില്ലയിലെ ഒരു കൂട്ടം കുട്ടികൾക്ക് സമ്മാനമായി നൽകിയതാണത്രേ ഏഴ് ബഡ്സ് സ്കൂളുകൾ. കാലിത്തൊഴുത്തിലും കുടുസ്സുമുറികളിലും പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളെ വിഷമഴക്ക് നേരെ പിടിച്ച കീറക്കുടയെന്ന് വിളിക്കാനേ തരമുള്ളൂ.**



തെറ്റായ ധാരണയാണ് ഇത്തരം കുട്ടികളുടെ വിദ്യാഭ്യാസത്തിനുനേരെ കണ്ണടക്കാൻ സമൂഹത്തെ പ്രേരിപ്പിക്കുന്നത്. തങ്ങളുടേതല്ലാത്ത കുറ്റംകൊണ്ട് സമൂഹത്തിലെ ചോദ്യചിഹ്നമായി മാറിയ ഇവരെ മുഖ്യധാരയിൽ കൊണ്ടുവരേണ്ടതിന്റെ ഉത്തരവാദിത്വം സമൂഹത്തിനും വിശിഷ്യ ഭരണകൂടത്തിനുമാണ്. എക്കാലവും അറിവില്ലാത്തവരെന്ന് മുദ്ര കുത്തപ്പെടാൻ ഇവരെ വിട്ടുകൊടുക്കരുത്. ഏതൊരു വ്യക്തിക്കും വിദ്യാഭ്യാസം ചെയ്യാൻ അവകാശമുള്ളതു പോലെ തന്നെ വെല്ലുവിളികൾ നേരിടുന്നവർക്കും വിദ്യ അഭ്യസിക്കുവാനും അവരുടെ കഴിവിനനുസരിച്ച് വിദ്യാസമ്പന്നരാകുവാനുമുള്ള അവകാശം ഉണ്ടെന്ന വസ്തുത അറിവുള്ളവരെന്നഹങ്കരിക്കുന്ന നാം, വിശാലമായ ക്ലാസ്മുറികളും ഇത്തരം കുട്ടികളുടെ ശേഷി അനുസരിച്ചുള്ള ഇരിപ്പിടങ്ങളും പഠനോപകരണങ്ങളും കളിസ്ഥലങ്ങളും മനോഹരമായ പൂന്തോട്ടങ്ങളും അഞ്ചുകുട്ടികൾക്ക് ഒരു അദ്ധ്യാപികയെന്ന കണക്കിന് അദ്ധ്യാപകരെയും നിയമിച്ച് സ്കൂളുകളുടെ വികസനം ഉറപ്പുവരുത്തണം. സ്കൂളിനോട് ചേർന്ന് വിവിധ രോഗങ്ങൾകൊണ്ട് കഷ്ടപ്പെടുന്ന കുട്ടികളെ പരിശോധിക്കുവാനുള്ള ആശുപത്രികളും അമ്മമാർക്ക് തൊഴിൽ ചെയ്യുവാനുള്ള കേന്ദ്രങ്ങളും ഉണ്ടാവണം. സംഗീതവും ചിത്രകലയും മറ്റ് കരകൗശലവിദ്യകളും പഠിപ്പിച്ച് താളം തെറ്റിയ മനസ്സുകളെ പുതിയ ജീവിതത്തിലേക്ക് കൈപിടിച്ച് കൊണ്ടുവരാൻ സാധിക്കണം. എങ്കിൽ മാത്രമേ ഇവയെ വിദ്യാലയങ്ങൾ എന്ന് വിളിക്കാൻ കഴിയുകയുള്ളൂ. കാസർഗോഡ് ജില്ലയിലെ ആറ് ബഡ്സ് സ്കൂളുകളും എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലാണ്. നൂറ്റിപ്പത്തു കുട്ടികളുള്ള പെരിയ മഹാത്മ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത് കമ്മ്യൂണിറ്റിഹാളിലാണ്. ചീമേനിയിലാകട്ടെ കാലിവളർത്തലിനായി പഞ്ചായത്ത് നിർമ്മിച്ച ഷെഡ്ഡിലും രാജപുരത്ത് സ്വകാര്യ വ്യക്തിയുടെ വീട്ടിലും എൻമകജെയിൽ താത്കാലിക ഷെഡ്ഡിലുമൊക്കെയാണ് ഇത്തരം സ്കൂളുകൾ പ്രവർത്തിക്കുന്നത്. സർവ്വശിക്ഷാ അഭിയാൻ (SSA) പദ്ധതിയുടെ ഭാഗമായ ഗ്രാന്റ് പൊതുവിദ്യാലയങ്ങളുടെ വികസനത്തിനായി വൻതോതിൽ ചെലവഴിക്കപ്പെടുമ്പോഴും രജിസ്ട്രേഷൻ പുതുക്കാതെയും അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താതെയും ബഡ്സ് സ്കൂളുകൾ അവഗണിക്കപ്പെടുന്നത് എന്തുകൊണ്ടാണ്? ഹിറ്റ്ലറുടെ നേതൃത്വത്തിൽ നാസികൾ എതിരാളികളെയെന്നപോലെ അംഗപരിമിതരെയും ഉന്മൂലനം ചെയ്യുന്നതിൽ ശ്രദ്ധിച്ചിരുന്നു. ഉത്പാദനപ്രക്രിയയിൽ അംഗപരിമിതർക്ക് പങ്കുവഹിക്കാൻ കഴിയില്ല. അവരെ പോറ്റുന്നത് സമൂഹത്തിന് ബാധ്യതയാണ് എന്ന ഭ്രാന്തൻ ആശയം മുന്നോട്ട് വെച്ചുകൊണ്ടായിരുന്നു ഈ നടപടി. നമ്മുടെ ഭരണകർത്താക്കളുടെ സമീപനം ഇതോർമ്മിപ്പിക്കുന്നു. വിഷമഴയിൽ നനഞ്ഞ്, കരിപിടിച്ച ജീവിതങ്ങൾക്ക് വിദ്യയുടെ വെളിച്ചം വീശി ഒരു പുതുപുലരി വരുമെന്ന് നമുക്ക് പ്രത്യാശിക്കാം. പ്രത്യാശ ഇപ്പോഴും കൈവിട്ടിട്ടില്ല അവിടുത്തെ ദുരിതബാധിതർ.





രേഷ്മ കണ്ണൂർ

# എന്റെ ജോലി എന്താണ്?



**ഒരു** സമൂഹത്തിന്റെ രൂപവത്ക്കരണത്തിനും നിലനിൽപ്പിനും ഉള്ള പ്രധാന ഉപാധിയാണ് ഭാഷ. വ്യക്തികൾ തമ്മിൽ ഭാഷയിലൂടെയുള്ള വിനിമയങ്ങളാണ് സാമൂഹ്യമായ മൂല്യങ്ങളേയും നിയമങ്ങളേയും നിർവ്വചിക്കുന്നതും സാധ്യമാക്കുന്നതും. ഭാഷയുടെ അപഗ്രഥനം ഒരു പരിധിവരെ സാമൂഹ്യശാസ്ത്രത്തിന്റെ രീതിശാസ്ത്രം തന്നെയാണ്. സമൂഹത്തിന്റെ അബോധത്തെ തുറന്നുകാട്ടാൻ പലപ്പോഴും അത് ഉപയോഗിക്കുന്ന ഭാഷയുടെ അപഗ്രഥനം സഹായകരമാണ്. അങ്ങനെ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ഒരു അപഗ്രഥനം പോലും ഇല്ല എന്ന് നമ്മൾ ധരിച്ചുവെച്ചിരിക്കുന്ന ഭാഷാപ്രയോഗങ്ങൾ സാമൂഹികമായ തിന്മകളേയും അസമത്വങ്ങളേയും നീതിനിഷേധങ്ങളേയും സമർത്ഥമായി ഒളിച്ചുവെക്കുകയും അവയെ വ്യവസ്ഥാപിതമാക്കുകയും ചെയ്യാറുണ്ട്.

ഒരു വിവാഹവീട്ടിൽവെച്ച് ഞാൻ എന്റെയൊരു സുഹൃത്തിനേയും ഭാര്യയേയും കണ്ടുമുട്ടുകയുണ്ടായി. ബിരുദാനന്തരബിരുദത്തിന് ശേഷം വിവാഹിതയായ എന്റെ സുഹൃത്ത് മൂന്ന് മക്കളുടെ മാതാവായി, വീട്ടമ്മയായി കഴിഞ്ഞുവരികയാണ്. അവളുടെ ഭർത്താവിനോട് ഭാര്യ എന്തുചെ

സമൂഹത്തിന്റെ അബോധത്തെ തുറന്നുകാട്ടാൻ പലപ്പോഴും അത് ഉപയോഗിക്കുന്ന ഭാഷയുടെ അപഗ്രഥനം സഹായകരമാണ്. അങ്ങനെ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ഒരു അപഗ്രഥനം പോലും ഇല്ല എന്ന് നമ്മൾ ധരിച്ചുവെച്ചിരിക്കുന്ന ഭാഷാപ്രയോഗങ്ങൾ സാമൂഹികമായ തിന്മകളേയും അസമത്വങ്ങളേയും നീതിനിഷേധങ്ങളേയും സമർത്ഥമായി ഒളിച്ചുവെക്കുകയും അവയെ വ്യവസ്ഥാപിതമാക്കുകയും ചെയ്യാറുണ്ട്.

യ്യുന്നു എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ ഉത്തരം "അവൾ പണിയൊന്നും ചെയ്യുന്നില്ല" എന്നാണ്. ഈ ഉത്തരം അക്ഷരാർത്ഥത്തിൽ എന്നെ ഞെട്ടിച്ചു കളഞ്ഞു. കഴിഞ്ഞ പതിനഞ്ചു വർഷമായ് ഞാൻ ഒരു വീട്ടിലെ മുഴുവൻ ജോലികളും ചെയ്തു വരികയാണ്. ആ ജോലിയുടെ കാഠിന്യം, വിരസത, അന്യവത്ക്കരണം എന്നിവ എന്താണ് എന്നുള്ളത് ഞാൻ വിവരിക്കാതെ തന്നെ ഏത് വീട്ടമ്മക്കും അനായാസം മനസ്സിലാക്കാൻ സാധിക്കും. എന്നിട്ടും എന്തുകൊണ്ട് അത് ഒരു ജോലിയായ് അംഗീകരിക്കപ്പെടുന്നില്ല? "അവൾ ജോലിയൊന്നും ചെയ്യുന്നില്ല" എന്ന സർവ്വസാധാരണമായ, വീട്ടമ്മമാരെക്കുറിച്ച് പരക്കെ പറയപ്പെടുന്ന ഈ ഭാഷാപ്രയോഗം കടുത്ത ഒരു നീതിനിഷേധത്തെ മറച്ചുവെക്കുന്നില്ലേ? 'ജോലി' എന്നാൽ ആ 'ഹൃദയശൂന്യമായ റൊക്കം പൈസ' ഉത്പാദിപ്പിക്കുന്ന അധ്വാനം മാത്രമാണോ? വീട്ടിനകത്ത് എന്താണ് എന്റെ അധ്വാനത്തിന്റെ ഉത്പ്പന്നം. എന്തുകൊണ്ട് അത് സാമൂഹ്യമായ 'വില' കിട്ടാത്തതായി മാറുന്നു?

ഒരു പരിഷ്കൃതസമൂഹം പല തലങ്ങളിൽ വികസിതമാണ്. രാഷ്ട്രീയമായും സാമ്പത്തികമായും സാമൂഹികമായും തത്വചിന്താപരമായും അത് വലിയ മാനങ്ങൾ തേടിക്കൊണ്ടിരിക്കുന്നു. മറ്റൊരർത്ഥത്തിൽ ആദിമസമൂഹത്തിന്റെ പലതലങ്ങളിലുള്ള വളർച്ചയാണ് ഇന്നത്തെ സമൂഹം സാധ്യമാക്കിയിരിക്കുന്നത്. സാമൂഹ്യവളർച്ചയിൽ ഒരു വ്യക്തിയുടെ സ്വധീനം എന്താണ്? തീർച്ചയായും അത് അവളുടെ/അവന്റെ സ്വത്വബോധത്തിന്റെ ആവിഷ്ക്കാരമാണ്. മറ്റുള്ളവർ എങ്ങനെ എന്നെ നിർവ്വചിക്കുന്നു എന്നതല്ല, ഞാൻ എങ്ങനെ എന്നെ നിർവ്വചിക്കുന്നു എന്നതാണ് വ്യതിരിക്തമായ സ്വത്വത്തെ സാധ്യമാക്കുന്നത്. ഈ സ്വത്വം ആത്മാവിഷ്കാരപരമാണ്. അവനവനെത്തന്നെ



നിർവ്വചിക്കാൻ ഒരു അപരത്വം അത്യന്താപേക്ഷികമാണ്. വസ്തുനിഷ്ഠമായ അപരത്വമാണ് ആത്മനിഷ്ഠമായ സ്വത്വത്തെ വളർത്തുന്നത്. വിഷയിയെ നിർവ്വചിക്കുന്നതിൽ വിഷയത്തിന്റെ പങ്ക് അതാണ്. എന്നാൽ വിഷയം എന്നത് വിഷയിയെ സംബന്ധിച്ചിടത്തോളം സ്വയം നിർവ്വചനത്തിനുള്ള ഒരു വസ്തു മാത്രമാണ്. ആത്മനിഷ്ഠാപരമായ യാതൊരു ഗുണങ്ങളും ഈ വസ്തുവിൽ വിഷയി ആരോപിക്കുന്നില്ല. സ്വയം അലങ്കരിക്കാൻ വേണ്ടി കണ്ണാടിക്കുമുമ്പിൽ നിൽക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം പ്രതിബിംബം ഒരു വസ്തുമാത്രമാണ്. സ്വന്തം ദേഹാലങ്കാരത്തിനുള്ള ഒരു ഉപാധി എന്നതിൽ കവിഞ്ഞ് തന്റെ ബൗദ്ധികമോ മാനസികമോ ആയ യാതൊരു ഉണ്മയും ഈ പ്രതിബിംബത്തിൽ നമ്മൾ കാണുന്നില്ല. അത് നമ്മെ സ്വയം നിർവ്വചിക്കാനുള്ള ഒരു അപരത്വം മാത്രമാണ്.

ഒരു ആണധികാരസമൂഹത്തിൽ ഒരു സ്ത്രീയുടെ സ്ഥാനം ഈ പ്രതിബിംബത്തിന്റേതാണ്. പുരുഷന്റെ സ്വത്വം നിർവ്വചിക്കപ്പെടാനുള്ള ഒരുപാധിയായി മാത്രം സ്ത്രീയെന്ന അപരത്വം ചുരുക്കപ്പെടുന്നു. സ്വയം നിർവ്വചനത്തിനോ സ്വത്വരൂപീകരണത്തിനോ ആത്മാവിഷ്കാരത്തിനോ ഇടങ്ങളോ പഴുതുകളോ ഇല്ലാതെ അധീശത്വപരമായ ഒരു പ്രത്യയശാസ്ത്രത്തിന്റെ തടവറയിൽ ഒരു വസ്തുമാത്രമായി അവൾ ചുരുക്കപ്പെടുന്നു.

പുരുഷകേന്ദ്രീകൃതമായ ഈ പ്രത്യയശാസ്ത്രം അധീശത്വപരവും ഹിംസാത്മകവുമാണ്. അധീശത്വപരമാകുന്നത് സ്വന്തം നിലനിൽപ്പിനെ ഭരണകൂടം എന്ന രീതിയിലുള്ള അധികാരം നിലനിർത്താനും ചൂഷണോപാധികൾ സംരക്ഷിക്കാനും അത് കാണിക്കുന്ന കുടിലമായ വ്യഗ്രത കാരണമാണ്. സ്വന്തം നിലനിൽപ്പിനെ വിവിധങ്ങളായ സാമൂഹ്യമാതൃകകൾ നിർമ്മിക്കുകയും നിരന്തരമായി പുനരുത്പാദിപ്പിക്കുകയും ചെയ്തുകൊണ്ട് അത് ഊട്ടിയുറപ്പിക്കുന്നു. അധീശത്വപ

രമായ ഈ മാതൃകകൾ മൂല്യവ്യവസ്ഥകളിലൂടേയും പുരാവൃത്തങ്ങളിലൂടേയും മാധ്യമനിർമ്മിതികളിലൂടേയും മാറിവരുന്ന സാമൂഹ്യസാമ്പത്തികരൂപങ്ങൾക്കനുസൃതമായി പുനർനിർവ്വചിക്കപ്പെടുന്നു. ഹിംസാത്മകത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മുന്നേ പറഞ്ഞ ആത്മാവിഷ്കാരത്തിന്റെ ചോദനകളെ, സ്വത്വനിർണ്ണയത്തിനുള്ള അവകാശങ്ങളെ അത് മുളയിലേ നുള്ളുന്നു എന്നാണ്. ഈ പ്രത്യയശാസ്ത്രം ചമച്ചുവിടുന്ന സാമൂഹ്യമാതൃകകൾ സാർവ്വത്രികമായി അംഗീകരിക്കപ്പെടുകയും, നിയമവത്ക്കരിക്കപ്പെടുകയും ചെയ്യുന്നു. ഭരണകൂടത്തിന്റെ മർദ്ദനോപകരണങ്ങൾ ബലാത്കാരേണ നടപ്പിലാക്കുന്നു.

സ്വത്വ നിർണ്ണയാവകാശം അസാധ്യമായിത്തീർന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ സ്ത്രീത്വം അന്യവത്കരിക്കപ്പെടുന്നു. എന്തിനുവേണ്ടി എന്നറിയാത്ത, വിചിത്രം എന്നുവരെ തോന്നിയേക്കാവുന്ന ജീവിതബന്ധങ്ങളിലേക്കും നിയമത്തിന്റെ തടവറകളിലേക്കും അവൾ നയിക്കപ്പെടുന്നു. അസംബന്ധജഡിലമായ വിചാരണകളുടെ ഇരയായിത്തീരുന്നു. സമൂഹത്തിന്റെ ഓരങ്ങളിലേക്ക് സ്വയം അറിയാതെ തന്നെ മാറ്റിനിർത്തപ്പെട്ട ലോകജനസംഖ്യയുടെ പകുതിയിലധികം വരുന്ന ഒരു വർഗ്ഗത്തിന്റെ ദൈന്യാവസ്ഥയാണത്.

ഈ അന്യവത്ക്കരണവും സ്വത്വനിരാസവും ഇല്ലായ്മ ചെയ്യുന്ന ഒരു പ്രത്യയശാസ്ത്ര നിർമ്മിതി മാത്രമാണ് സ്ത്രീവിമോചനത്തിന്റെ ആദ്യപടി. നിലവിലുള്ള പുരുഷകേന്ദ്രീകൃതമായ



പ്രത്യയശാസ്ത്രങ്ങൾ അതിന്റെ പുനർനിർവ്വചനത്തിനാവശ്യമായ പൊതുഇടങ്ങളിൽ നിന്ന് സ്ത്രീയെ ബോധപൂർവ്വം മാറ്റിനിർത്തുന്നുണ്ട്. സാംസ്കാരികവും സാമൂഹികവും ഭാഷാപരവും എന്നുവേണ്ട സകലവിനിമയങ്ങളിലും അത് സ്ത്രീവിരുദ്ധത സമർത്ഥമായി ഒളിച്ചുവെച്ചിരിക്കുന്നു. ആത്മാവിഷ്കാരപരമാവേണ്ട സൗന്ദര്യാത്മകമായ സ്ത്രീലൈംഗികതയോടുള്ള അതിന്റെ സമീപനം ഈ ഹിംസാത്മകതക്കുള്ള പ്രത്യക്ഷ ഉദാഹരണമാണ്. സഞ്ചാരസ്വാതന്ത്ര്യം, വസ്ത്രധാരണ സ്വാതന്ത്ര്യം, അഭിപ്രായപ്രകടന സ്വാതന്ത്ര്യം തുടങ്ങിയ മൗലികമെന്ന് വിശേഷിപ്പിക്കാവുന്ന അവകാശങ്ങളെപ്പോലും കുടുംബങ്ങളിലും സമൂഹത്തിലും ഈ അധികാരം സ്ത്രീകൾക്ക് നിഷേധിക്കുന്നു. പൊതു ഇടങ്ങളിലേക്കുള്ള സ്ത്രീകളുടെ തികച്ചും സ്വാഭാവികമായ കടന്നുവരവുകൾ എതിർക്കപ്പെടുകയും സദാചാരവിരുദ്ധമെന്നോ അസാന്മാർഗ്ഗികമെന്നോ സംസ്കാരലോപമെന്നോ മൂല്യച്യുതിയെന്നോ മുദ്രകുത്തപ്പെടുകയും ഈ പുതിയ ശബ്ദങ്ങളെ നിശ്ശബ്ദമാക്കുകയോ പാർശ്വവത്ക്കരിക്കുകയോ ചെയ്യുകയും ചെയ്യുന്നു. പുരുഷാധികാരത്തിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് നിർമ്മിതമായ ഇത്തരം പ്രത്യയശാസ്ത്രങ്ങളുടെ പൊളിച്ചെഴുത്താണ് ഇന്നത്തെ ഉത്തരാധുനിക സമൂഹത്തിലെങ്കിലും യാഥാർത്ഥ്യമാകേണ്ടത്. ●

സ്വത്വ നിർണ്ണയാവകാശം അസാധ്യമായിത്തീർന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ സ്ത്രീത്വം അന്യവത്കരിക്കപ്പെടുന്നു. എന്തിനുവേണ്ടി എന്നറിയാത്ത, വിചിത്രം എന്നുവരെ തോന്നിയേക്കാവുന്ന ജീവിതബന്ധങ്ങളിലേക്കും നിയമത്തിന്റെ തടവറകളിലേക്കും അവൾ നയിക്കപ്പെടുന്നു. അസംബന്ധജഡിലമായ വിചാരണകളുടെ ഇരയായിത്തീരുന്നു. സമൂഹത്തിന്റെ ഓരങ്ങളിലേക്ക് സ്വയം അറിയാതെ തന്നെ മാറ്റിനിർത്തപ്പെട്ട ലോകജനസംഖ്യയുടെ പകുതിയിലധികം വരുന്ന ഒരു വർഗ്ഗത്തിന്റെ ദൈന്യാവസ്ഥയാണത്.



# പെൺകുട്ടികൾ നേരിടുന്ന പ്രശ്നം

**ഹോസ്റ്റലിൽ പഠിക്കുന്ന ആൺകുട്ടികളെ അവരുടെ ഇഷ്ടത്തിനുവിടുകയും പെൺകുട്ടികളെ അടങ്ങിയും ഒതുങ്ങിയും നടക്കാൻ ഉപദേശിക്കുകയും ചെയ്യുന്നു. എല്ലാ ക്ലബ്ബിന്റെ ലീഡർമാരും ആൺകുട്ടികൾ തന്നെ. മാർച്ച് പാസ്റ്ററുകളിലും മറ്റും ആൺകുട്ടികളെ മുന്നിൽ നിർത്തുന്നു.**



**ഹർഷ**

**അച്ചടക്കത്തിന്റെ** പേരിൽ വളരെയധികം ചട്ടക്കൂടുള്ള ഒരു സ്കൂളിലാണ് ഞാൻ പഠിക്കുന്നത്. ഇങ്ങനെയുള്ള ഒരു സ്കൂളിൽ പഠിക്കുന്നതുകൊണ്ടാവും എന്നിൽ പെൺകുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ചിന്തകൾ വരുന്നത്. ആൺകുട്ടിയും പെൺകുട്ടിയും തുല്യ ശക്തരായാണ് ജനിക്കുന്നത്. പക്ഷെ അവർ വളർന്നു വലുതാവുമ്പോൾ ആൺകുട്ടികൾ പെൺകുട്ടികളേക്കാൾ ശാരീരികമായി ശക്തരാവുന്നു. അതിനുകാരണം ആൺകുട്ടികൾക്ക് കിട്ടുന്ന കായിക വിദ്യാഭ്യാസമാണ്. ഇതേ അവസരങ്ങൾ നമ്മുടെ പെൺകുട്ടികൾക്കും കൊടുത്താൽ അവരുടെ ശാരീരികമായ അവശതകൾ പരിഹരിക്കാൻ കഴിയും. മാത്രമല്ല നമ്മുടെ പെൺകുട്ടികൾ എല്ലാത്തിൽ നിന്നും ഉൾവലിഞ്ഞു നിൽക്കുന്ന ഒരു സ്വഭാവവും പ്രകടിപ്പിക്കുന്നുണ്ട്. മതപരമായ കാരണങ്ങളാൽ സ്വന്തം വ്യക്തിത്വം കൂടി പ്രകടമാക്കാൻ  പറ്റാത്ത വസ്ത്രധാരണരീതിയുമായിട്ടാണ് അവർ ദൈനംദിന ജീവിതം നയിക്കുന്നത്. സ്കൂളുകളിൽ എന്നും മുന്നിൽ ആൺലീഡേർസ് ആണ് നിൽക്കുന്നത്. എല്ലാ വർഷവും സ്കൂൾ ലീഡേർസ് ആൺകുട്ടികളാണ്. 8ാംക്ലാസ്സ് കഴിഞ്ഞാൽ നൃത്തനൃത്ത്യങ്ങൾക്ക് ചില സ്കൂളുകളിൽ പെൺകുട്ടികൾക്ക് വിലക്ക് കൽപ്പിക്കുന്നുണ്ട്. അതുമൂലം വാർഷിക പരിപാടിയിൽ അവരുടെ സാന്നിദ്ധ്യം കുറയുന്നു. പെൺകുട്ടികൾ സ്കൂൾ വരാന്തയിൽ നിൽക്കാൻ പാടില്ല

എന്നതാണ് മറ്റൊരു നിയമം. ഗ്രൗണ്ട് കൂടുതലും ഉപയോഗിക്കാൻ ആൺകുട്ടികൾക്ക് അവസരം നൽകുന്നു.

ഹോസ്റ്റലിൽ പഠിക്കുന്ന ആൺകുട്ടികളെ അവരുടെ ഇഷ്ടത്തിനുവിടുകയും പെൺകുട്ടികളെ അടങ്ങിയും ഒതുങ്ങിയും നടക്കാൻ ഉപദേശിക്കുകയും ചെയ്യും. എല്ലാ ക്ലബ്ബിന്റെ ലീഡർമാരും ആൺകുട്ടികൾ തന്നെ. മാർച്ച് പാസ്റ്റുകളിലും



മറ്റും ആൺകുട്ടികളെ മുന്നിൽ നിർത്തുന്നു.

പിന്നെ ഭൂരിഭാഗം പേരും സ്ത്രീവിരുദ്ധമായ ചിന്താഗതികൾ പുലർത്തുന്ന കുടുംബങ്ങളിൽ നിന്നുവരുന്നതായതുകൊണ്ട് പെൺകുട്ടികളും അവരുടെ സ്വാതന്ത്ര്യത്തെക്കുറിച്ചോ, അവർ നേരിടുന്ന പ്രയാസങ്ങളെക്കുറിച്ചോ ബോധവതികളല്ല. അതുമൂലം നല്ല ആൺ സൗഹൃദങ്ങൾ ഉണ്ടാക്കുവാനുള്ള അവസരങ്ങൾ നഷ്ടപ്പെടുന്നു.

മദ്യത്തിന് അടിമപ്പെട്ട അച്ഛന്മാരുള്ള വീട്ടിലെ കുടുംബാന്തരീക്ഷം വളരെയധികം സംഘർഷഭരിതമായിരിക്കും. നമ്മുടെ പെൺകുട്ടികളുടെ മാനസികനില ഏറെക്കുറെ അവരവരുടെ കുടുംബാന്തരീക്ഷത്തെ ആശ്രയിച്ചിരിക്കും. മാനസികാരോഗ്യമില്ലാത്ത ഒരു തലമുറ ഇതുമൂലം ഇവിടെ ജീവിക്കുന്നുണ്ട്.

പുറത്തിറങ്ങി സ്വതന്ത്രമായി നടക്കാനുള്ള പെൺകുട്ടികളുടെ ആഗ്രഹങ്ങൾക്ക് വിലങ്ങുതടിയാണ് ഇന്നത്തെ നമ്മുടെ സാമൂഹ്യാന്തരീക്ഷം. ബസ്സിലും റോഡിലും എന്നുവേണ്ട സ്കൂളുകളിൽ പോലും ഒരു പെൺകുട്ടിക്ക് അവളുടെ ശരീരം ഒരു ബാധ്യതയാണെന്നും അതു സംരക്ഷിച്ചു നിർത്താൻ അവൾ എപ്പോഴും ശ്രദ്ധിക്കണമെന്നും എല്ലാവരും അവളെ ഉപദേശിക്കുന്നതുകാണാം. അവളുടെ വിലപ്പെട്ട സമയം ഉപകാരപ്രദമായ മറ്റുകാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനു പകരം അവളുടെ ശ്രദ്ധയും സമയവും ശരീരകേന്ദ്രീകൃതമായിത്തീരുന്നു.

ഒരു ജോലി തെരഞ്ഞെടുക്കാനുള്ള അവസരത്തിൽ പോലും പെൺകുട്ടിയുടെ താത്പര്യത്തിനനുസരിച്ച് ഒരു തെരഞ്ഞെടുപ്പ് നടത്താൻ അവൾക്ക് കഴിയുന്നില്ല. റിസ്കുള്ള ജോലികളിൽ നിന്നും വീട്ടുകാർ അവളെ നിരുത്സാഹപ്പെടുത്തുന്നു. കുടുംബത്തിന്റെ സുഗമമായ നടത്തിപ്പിന് പെൺകുട്ടികൾ അവരുടെ കഴിവും താത്പര്യവും ബലിയാടാക്കുന്നു. ഇതുമൂലം നമ്മുടെ രാജ്യത്തിന് മിടുക്കികളായ പെൺകുട്ടികളുടെ സേവനം പല മേഖലകളിലും കിട്ടാതാവുന്നു.

നമ്മുടെ പെൺകുട്ടികൾക്ക് ആത്മവിശ്വാസവും അവസരസമത്വവും കായികവിദ്യാഭ്യാസവും നൽകുകയാണെങ്കിൽ ഊർജ്ജസ്വലതയുള്ള ഒരു സമൂഹത്തിന്റെ നിർമ്മാണപ്രക്രിയയിൽ നമ്മുടെ പെൺകുട്ടികളുടെ പങ്ക് അസൂയാവഹമായ രീതിയിലുള്ളതായിരിക്കും. ●

ഉപ്പും മുളകും



ഗീത

# സ്ത്രീകളും വിദ്യാഭ്യാസവും



**എഴുത്തിനെപ്പറ്റിയും** വായനയെപ്പറ്റിയുമുള്ള സ്ത്രീചർച്ചകൾ കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ സജീവമായിരുന്നു. ആണധികാരലോകം പഠിച്ച പെണ്ണും പഠിക്കാത്ത പെണ്ണും തമ്മിലുള്ള വ്യത്യാസത്തെ പുനഃക്ഷേപിച്ചത് 'ഇന്ദുലേഖ' യിലൂടെയായിരുന്നു. ആ നിലക്ക് സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രമാണമാതൃകയായിത്തീർന്നു ഇന്ദുലേഖ. പഠിച്ച ഇന്ദുലേഖക്ക് കളക്ടർമാധവന്റെ ഭാര്യയാകാം പഠിക്കാത്ത കല്യാണിക്കുട്ടിക്ക് സൂരിനമ്പൂരിപ്പാടിന്റെ സംബന്ധക്കാരിയാകേണ്ടി വരുന്നു എന്നതായിരുന്നു പ്രധാനപാഠം. സ്ത്രീവിദ്യാഭ്യാസത്തെ സംബന്ധിച്ച ഈ സാമൂഹ്യപാഠം കേരളീയ സമൂഹത്തിൽ ഒട്ടേറെ ഒച്ചപ്പാടുകളുണ്ടാക്കി. പുരുഷന്മാർ മാത്രമല്ല സ്ത്രീകളും നേരിട്ട് വിദ്യാഭ്യാസചർച്ചകളിൽ പങ്കെടുത്തു തുടങ്ങി.

ആദ്യകാല സ്ത്രീമാസികകളായിരുന്ന ശാരദ, മഹിള, ശ്രീമതി, വനിതാകുസുമം, മനോരമ മാസിക തുടങ്ങിയവയിൽ സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചുള്ള സജീവചർച്ചകൾ നടന്നു. ശാരദയുടെ ആദ്യലക്കത്തിലെ ആദ്യലേഖനം തന്നെ 'സ്ത്രീവിദ്യാഭ്യാസം' ആയിരുന്നു. ടി.അമ്മുക്കുട്ടിഅമ്മയുടെ ആ ലേഖനത്തെത്തുടർന്ന് മലയാളികളും സ്ത്രീവിദ്യാഭ്യാസവും, നമ്മുടെ സ്ത്രീകളും ഇംഗ്ലീഷ് വിദ്യാഭ്യാസവും(ടി.അമ്മുക്കുട്ടിഅമ്മ), സ്ത്രീകൾക്ക് വേണ്ടതായ വിദ്യാഭ്യാസം (കെ.പത്മാവതി അമ്മ), സ്ത്രീ വിദ്യാഭ്യാസം (സി.രുഗ്മിണി അമ്മ) എന്നിങ്ങനെ 1905 മു

തൽ 1909 വരെ ശാരദ മാസിക യിൽ ധാരാളം സ്ത്രീകൾ വിദ്യാഭ്യാസത്തെപ്പറ്റി ലേഖനങ്ങളെഴുതി. വ്യത്യസ്ത നിലപാടുകൾ അവർ മുൻവെച്ചു. മനോരമത്തമ്പുരാട്ടിയുടെ പിൻമുറക്കാരായിരുന്നു ആ മാസികയുടെ നടത്തിപ്പുകാർ. ബി കല്യാണിഅമ്മയുടെ സ്ത്രീവിദ്യാഭ്യാസത്തിന്റെ മാതൃക എന്ന ദീർഘലേഖനത്തോടെയായിരുന്നു പ്രസ്തുതമാസിക തുടങ്ങിയത്. അതോടു കലഹിച്ചുകൊണ്ട് മിസിസ് പി.കെ.വാര്യർ 'ആധുനികസ്ത്രീവിദ്യാഭ്യാസവിമർശനം' എന്ന ലേഖനമെഴുതി. മലയാളമാസികയുടെ ഒന്നിലേറെ ലക്കങ്ങളിൽ ഈ സംവാദം തുടർന്നതായി കാണാം. വനിതാകുസുമം, ലക്ഷ്മിബായി, മഹിള മംഗളോദയം തുടങ്ങിയ മാസികകളിലും സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ചർച്ചകൾ തുടർന്നതായി കാണാം. പുരുഷന്മാർക്ക് വിദ്യാഭ്യാസം വേണോ വേണ്ടയോ എന്നതിനെപ്പറ്റി ചർച്ചകൾ അന്ന് നടന്നില്ല. എന്നാൽ സ്ത്രീയുടെ കാര്യം വരുമ്പോൾ മാത്രം എന്തുകൊണ്ട് ഇങ്ങനെയൊരു ചർച്ച നടക്കുന്നുവെന്ന് അന്നുതന്നെ ടി.അമ്മുക്കുട്ടി അമ്മ (നമ്മുടെ സ്ത്രീകളും ഇംഗ്ലീഷ് വിദ്യാഭ്യാസവും, ശാരദാ മാസിക പുസ്തകം 1 ലക്കം 1) ഉന്നയിക്കുകയുണ്ടായി. ഇന്നും തത്തുല്യമായ അവസ്ഥകൾ നിലനിൽക്കുന്നുവെന്നത് ശ്രദ്ദേയമാണ്.

കാലാകാലമായി എങ്ങനെയാണു പെണ്ണുങ്ങൾ വിദ്യാഭ്യാസത്തിൽ ഇടപെട്ടത്. പുരുഷന്മാർ നിശ്ചയിക്കുന്ന പാഠ്യപദ്ധതികളിലൂടെയും പാഠപുസ്തുകങ്ങളിലൂടെയുമായിരുന്നു സ്തീകൾ സ്വന്തം ചരിത്രബോധവും വിജ്ഞാനവും ആർജ്ജിച്ചത്. സ്വാഭാവികമായും അത് സ്ത്രീകളെ മായ്ച്ചുകളയുന്ന പാഠങ്ങളായിരുന്നു അങ്ങനെ തങ്ങൾക്കു തന്നെ എതിരായ യുക്തികൾ രൂപീകരിക്കാനും പ്രയോഗിക്കാനും സ്ത്രീകൾ കാലാകാലമായി പഠിച്ചു വരികയായിരുന്നു.

## കാലാകാലമായി എങ്ങനെയാണു പെണ്ണുങ്ങൾ വിദ്യാഭ്യാസത്തിൽ ഇടപെട്ടത്. പുരുഷന്മാർ നിശ്ചയിക്കുന്ന പാഠ്യപദ്ധതികളിലൂടെയും പാഠപുസ്തുകങ്ങളിലൂടെയുമായിരുന്നു സ്തീകൾ സ്വന്തം ചരിത്രബോധവും വിജ്ഞാനവും ആർജ്ജിച്ചത്. സ്വാഭാവികമായും അത് സ്ത്രീകളെ മായ്ച്ചുകളയുന്ന പാഠങ്ങളായിരുന്നു. അങ്ങനെ തങ്ങൾക്കു തന്നെ എതിരായ യുക്തികൾ രൂപീകരിക്കാനും പ്രയോഗിക്കാനും സ്ത്രീകൾ കാലാകാലമായി പഠിച്ചു വരികയായിരുന്നു.

ഏതു വിജ്ഞാനമേഖലയെടുത്തു പരിശോധിച്ചാലും ഇത് സാധുവാണെന്നു കാണാം. അതുകൊണ്ടുതന്നെ പ്രാഥമിക വിദ്യാഭ്യാസതലം തൊട്ട് ഉന്നതവിദ്യാഭ്യാസമേഖല വരെ പഠിപ്പിക്കപ്പെട്ട പാഠങ്ങൾ സ്ത്രീവിരുദ്ധം കൂടിയായി മാറി. ഓരോ മേഖല എടുത്തു പരിശോധിച്ചാലും ഇത് സാധുവാണെന്നു കാണാം. "വിശക്കുമ്പോൾ അമ്മ പാൽ തരും എന്ന പഴയ രണ്ടാംക്ലാസ്സിലെ പാഠം മാറ്റിയതുകൊണ്ടു മാത്രം തീരുന്ന പ്രശ്നമല്ല ഇത്. സ്ത്രീകളെഴുതിയ സ്ത്രീകളെപ്പറ്റി എഴുതപ്പെട്ട എത്രകാര്യങ്ങൾ പൊതുവിദ്യാഭ്യാസം പരിഗണിച്ചിട്ടുണ്ടെന്ന് പരിശോധിച്ചാൽ ഇത് വ്യക്തമാകും.

ഇപ്പോൾ കേരളത്തിൽ സ്കൂൾ തലം വിട്ടാൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും മെഡിക്കൽ എഞ്ചിനീയറിംഗ് മേഖലയിലും പഠിക്കുന്ന പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ എത്രയോ ഇരട്ടിയാണ്. മെഡിക്കൽ വിദ്യാഭ്യാസമേഖലയിലെ അളവുപരമായ ഈ 'സ്ത്രീമുന്നേറ്റം' കണ്ട് ചില സംഘടനകൾ പ്രസ്തുതമേഖലയിൽ ആൺകുട്ടികൾക്ക് സംവരണം വേണമെന്ന വാദം വരെ അടുത്തകാലത്ത് ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചു. സ്കൂൾതലത്തിൽ കൂടെയുണ്ടായിരുന്ന ആൺകുട്ടികൾ കോളേജ് തലത്തിൽ എവിടെപ്പോവുന്നുവെന്നന്വേഷിക്കുക. അധികാരത്തിന്റേയും പണത്തിന്റേയും കയ്യാളുകളായി അവർ മാറിയിട്ടുണ്ടെന്നു കാണാം. പാഠ്യപദ്ധതികൾ തികച്ചും പുരുഷപരം തന്നെയായി തുടരുന്നതിനാൽ പഠിച്ച ഇന്ദുലേഖമാർ പഠിക്കാത്ത സൂരിനമ്പൂതിരിപ്പാടുമാരോടൊപ്പം ജീവിതം പങ്കിടുന്ന/പങ്കിടേണ്ട അവസ്ഥയിലാണ് പുതിയ കാലം എത്തിനിൽക്കുന്നത്.

എന്താണ് ഇതിനുള്ള പരിഹാരം? വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആസൂത്രണരംഗങ്ങളിൽ സ്ത്രീകൾ സ്ത്രീപക്ഷത്തുനിന്ന് ബോധപൂർവ്വം തന്നെ ഇടപെടേണ്ടിയിരിക്കുന്നു. പാഠ്യപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും കോഴ്സുകൾ സംവിധാനം ചെയ്യുന്നതിലുമുള്ള സ്ത്രീപ്രാതിനിധ്യം ഇക്കാര്യത്തിൽ വളരെ പ്രധാനമാണ്. അതോടൊപ്പം തന്നെ പഴയ കൊളോണിയൽ മൂല്യങ്ങളിൽ നിന്ന് വിദ്യാഭ്യാസത്തെ വിടുതി ചെയ്യുന്നതിനുള്ള അധികബാധ്യതകൂടി ഇന്ന് സ്ത്രീകൾക്കുണ്ട്. ഏറ്റവും പ്രാഥമിക നടപടി വിദ്യാഭ്യാസം -പ്രൊഫഷണൽ രംഗങ്ങളിലുൾപ്പെടെ-മാതൃഭാഷയിലായിരിക്കുക എന്നതാണ്. മാതൃഭാഷയിലൂന്നിയ വിദ്യാഭ്യാസപദ്ധതികളെപ്പറ്റി നമ്മുടെ മുത്തശ്ശിമാർ നടത്തിയ മാസികചർച്ചകൾ വീണ്ടെടുക്കുകയും തുടരുകയും വേണ്ടുന്ന ചരിത്രസന്ദർഭമാണിത്.

ലേഖനം



# ഇരയാക്കപ്പെടുന്ന ബാല്യങ്ങൾ

**രശ്മി ജി.**

**സ്ത്രീ** ലൈംഗിക ചൂഷണങ്ങളെക്കുറിച്ച് ഏറെ വ്യാകുലപ്പെടുന്ന സമൂഹത്തിൽ ബാലലൈംഗിക ചൂഷണങ്ങളും ധാരാളമായി അരങ്ങേറുന്നുണ്ട്. വർത്തമാന കാല സാമൂഹ്യവ്യവസ്ഥിതികളെ മുൻനിറുത്തി പരിശോധിച്ചാൽ സ്ത്രീപീഡനങ്ങളേക്കാൾ ബാല ലൈംഗികപീഡനങ്ങൾ കൂടുതലാണെന്ന് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ തെളിയിക്കുന്നു. മുൻകാലങ്ങളിൽ പെൺകുട്ടികൾ മാത്രമായിരുന്നു പീഡനത്തിന് ഇരയായിരുന്നതെങ്കിൽ ഇപ്പോൾ ചെറിയ ആൺകുട്ടികളും ലൈംഗിക ചൂഷണത്തിന്റെ ഇരകളാണ്.

ബാലലൈംഗിക പീഡനങ്ങളിൽ സമീപകാലത്ത് ഒടുവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത് നാദാപുരത്തെ സംഭവമായിരുന്നു. ഇതിനു മുമ്പ് റിപ്പോർട്ട് ചെയ്യപ്പെടുകയും അന്വേഷണങ്ങൾ നടക്കുകയും ചെയ്ത കേസുകൾ അനവധിയുണ്ട്. ഒരു ദിവസത്തെ സെൻസേഷണൽ ന്യൂസിനപ്പുറം ഇത്തരം കാര്യങ്ങളുടെ പിൻതുടർച്ചകൾ ഒരു മാധ്യമങ്ങളും അന്വേഷിക്കാറില്ല. സ്റ്റോറിക്ക് ദാരിദ്ര്യമനുഭവപ്പെടുമ്പോൾ മാത്രം .... കേസിലെ ഇരയുടെ അവസ്ഥയെന്ത് എന്നൊരന്വേഷണം നടത്തി ആ വിഷയത്തെ എന്നെന്നേയ്ക്കുമായി മാധ്യമങ്ങൾ കുഴിച്ചു മൂടിക്കഴിയും. ഇരയുടെ ദൈന്യങ്ങളും വേട്ടക്കാരന്റെ കുറ്റബോധവും ചർച്ച ചെയ്യുന്നതിനപ്പുറം

ബാലലൈംഗികപീഡനങ്ങളുടെ യഥാർത്ഥ വസ്തുതകൾ മാധ്യമങ്ങളും ആക്ടിവിസ്റ്റുകളും അന്വേഷിക്കുന്നില്ല. സ്കൂളിലേക്കു യാത്രയാകുന്ന ആൺകുട്ടി / പെൺകുട്ടി സുരക്ഷിതരായി സ്കൂളിലെത്തുകയും അധ്യയനം കഴിഞ്ഞ് സുരക്ഷിതരായി തിരിച്ചു വീട്ടിലെത്തണമെന്നും മാതാപിതാക്കൾക്ക് ആഗ്രഹിക്കുവാൻ മാത്രമേ കഴിയൂ. സ്വകാര്യ ബസുകളിലെ യാത്ര സുരക്ഷിതമല്ലാത്തതുകൊണ്ട് സ്കൂൾ ബസ്സിൽ യാത്ര ക്രമീകരിച്ചാലും സികനിലകളുമാണ്. അച്ഛനുമമ്മയും കുട്ടികളോടു സൗഹാർദ്ദപൂർവ്വം വിവരങ്ങൾ തിരക്കുകയും മറ്റുള്ളവർ എങ്ങനെയൊക്കെ പെരുമാറിയാൽ അതു മോശമാകുമെന്നും മറ്റുള്ളവരുടെ നല്ല ഇടപെടലുകൾ എന്തൊക്കെയാണെന്നും പറഞ്ഞു മനസിലാക്കുകയും ചെയ്യണം. നിത്യേന കുടുംബകലഹവും പ്രശ്നങ്ങളും അരങ്ങേറുന്ന വീട്ടിലെ കുട്ടികൾക്ക് തങ്ങളുടെ അരക്ഷിതാവസ്ഥ മറ്റുള്ളവരെ പറഞ്ഞു ബോധ്യപ്പെടുത്താനുള്ള സാഹചര്യങ്ങളുമുണ്ടാ



കണം. ലൈംഗികാതിക്രമങ്ങളെക്കുറിച്ചും ചൂഷണങ്ങളെക്കുറിച്ചും കൃത്യമായ രീതിയിൽ മാതാപിതാക്കൾക്കൊപ്പം അധ്യാപകരും കുട്ടികളെ ബോധവത്ക്കരിക്കേണ്ടതുണ്ട്.

ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ചു വരുമ്പോൾ അതിൽ നടപടികളെടുക്കണമെന്നു മുറവിളി കൂട്ടുന്നവർ പക്ഷേ സ്കൂളുകളിലെ ലൈംഗിക വിദ്യാഭ്യാസത്തെ അന്ധമായി എതിർത്തു കൊണ്ട് ഭാരതീയ പാരമ്പര്യത്തെ ഉദ്ഘോഷിക്കുകയും ചെയ്യും ആഗോളവത്ക്കരണത്തിന്റെ കടന്നുകയറ്റങ്ങളാണ് സകല പ്രശ്നങ്ങൾക്കും കാരണമെന്നു പറഞ്ഞ് സമാധാനിക്കുവാനും ചർച്ചാക്ലാസുകൾ സംഘടിപ്പിക്കുവാനും ഇക്കൂട്ടർ ഉത്സാഹിച്ചുകളയും. ദുരന്തങ്ങൾ ഉണ്ടായതിനു ശേഷം പ്രതിവിധികൾ തേടുന്നതിനപ്പുറം ദുരന്തങ്ങൾ സംഭവിക്കാതെ നോക്കുന്നതാണ് ഉത്തമമായ മാർഗ്ഗം.

അവിടെയും പീഡന സാധ്യതകളുണ്ടെന്ന് സമീപകാല സംഭവങ്ങൾ തെളിയിക്കുന്നു. സുരക്ഷിതമല്ലാത്ത കുടുംബബന്ധങ്ങളിൽ നിന്നു വരുന്ന കുട്ടികളിൽ പലരുമാണ് സഹപാഠികളുടെയോ, സാമൂഹ്യവിരുദ്ധരുടെയോ ലൈംഗിക ചൂഷണങ്ങൾക്കിരയാകുന്നത്. പലപ്പോഴും ഇത്തരം വിവരങ്ങൾ പുറത്തറിയാൻ താമസിക്കുന്നതിനുള്ള കാരണം കുട്ടികളുടെ ഭയവും തകർന്ന മാന

**ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം**

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിയമങ്ങൾ ഭരണഘടന വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും നിരവധിയായ ചൂഷണങ്ങൾക്ക് കുട്ടികൾ വിധേയരാകുന്നു. ഇത്തരം സാഹചര്യത്തിൽ നിലവിലുള്ള നിയമങ്ങളെ ശക്തിപ്പെടുത്തുവാനും കുട്ടികൾക്ക് സംരക്ഷണം നല്കുന്നതിനുമായി ഇന്ത്യൻ

പാർലമെന്റ് നിയമത്തിന് രൂപം കൊടുത്തു. ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം (Protection of Children from Sexual Offences Act, 2012) 2012 ജൂൺ 19ന് പ്രാബല്യത്തിൽ വന്നു. ഈ നിയമപ്രകാരം പതിനെട്ടു വയസിൽ താഴെയുള്ള കുട്ടികൾക്ക് മതിയായ സംരക്ഷണം ലഭിക്കുന്നതാണ്. ഈ നിയമത്തിൽ ആൺ-പെൺ വ്യത്യാസമില്ലാതെ 'കുട്ടി' (Child) എന്ന പരിഗണനയാണ് നല്കുന്നത്. ലൈംഗികാതിക്രമങ്ങൾ നടത്തുന്ന കുറ്റവാളികൾക്ക് ശിക്ഷ നല്കുക, നടപടി ക്രമങ്ങൾക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുക, നടപടി ക്രമങ്ങളിൽ ശിശു സൗഹാർദ നടപടികൾ സ്വീകരിക്കുക എന്നിവയും ഈ നിയമം ലക്ഷ്യമിടുന്നുണ്ട്.

ലൈംഗിക പീഡനങ്ങൾക്കിരയാകുന്ന കുട്ടികളെ പൊതുസമൂഹത്തിന്റെ മുന്നിൽ തുറന്നു കാട്ടി ആഘോഷിക്കുന്ന മാധ്യമങ്ങൾ 'ഇരയുടെ' എന്നെങ്കിലും നല്ലതായി ജീവിക്കാനുള്ള അവസരത്തിന്റെ കടയ്ക്കൽ കത്തിവെച്ച് അത് എന്നെന്നേയ്ക്കുമായി തകർത്തു കളയുന്നു. പൊതുസമൂഹത്തിന്റെ സഹതാപങ്ങളും പരിഹാസങ്ങളും ശാരീരിക-മാനസിക പീഡനങ്ങളുടെ ആഘാതങ്ങളും കൂടി കുട്ടികളെ മാനസിക വിഭ്രാന്തിയിലോ ആത്മഹത്യയിലോ മാത്രമാണ് എത്തിക്കുക. പീഡനത്തിന് ഇരയാകുന്ന കുട്ടികളുടെ ഏറ്റവും വലിയ ദുരന്തമാണ് കോടതി നടപടി ക്രമങ്ങൾ. ദീർഘകാലയളവുകളിലുള്ള നടപടിക്രമങ്ങൾ, ബാലമനസുകളെ തകർക്കുന്ന രീതിയിലുള്ള ചോദ്യങ്ങൾ, ഇടപെടലുകൾ തുടങ്ങിയവ കുട്ടികളുടെ മനസ്സിനെ ക്ഷതമേൽപ്പിക്കുകയും ജീവിതത്തിൽ തിരിച്ചെത്താനുള്ള ആഗ്രഹങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം ദുരന്തങ്ങളെ ഒഴിവാക്കുന്നതിനായി സൗഹാർദ്ദപരമായി കുട്ടിയുടെ മൊഴികൾ രഹസ്യമായി രേഖപ്പെടുത്തുകയും ആക്രമണ സ്വഭാവമുള്ളതും സ്വഭാവഹത്യ നടത്തുന്നതുമായ ചോദ്യങ്ങളെ ഒഴിവാക്കുകയും ചെയ്യണമെന്ന് ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമം ലക്ഷ്യമിടുന്നു.

**സുശക്തമായ നിയമസംവിധാനങ്ങളുണ്ടെങ്കിലും നമ്മുടെ സമൂഹത്തിലെ കുട്ടികൾ ലൈംഗിക ചൂഷണങ്ങൾക്കിരയായിക്കൊണ്ടിരിക്കുന്നു. ലൈംഗികാതിക്രമങ്ങൾ നടത്തുന്നവർക്ക് കഠിനമായ ശിക്ഷകൾ നൽകാത്തതും പലവ്യക്തികളെയും സാഹചര്യത്തെളിവുകളുടെ അഭാവത്തിൽ കോടതി പ്രതിസ്ഥാനത്തുനിന്ന് വിട്ടയയ്ക്കുന്നതും നിയമത്തിനുള്ളിലെ ദുർബലതകളെ വെളിപ്പെടുത്തുന്നു.**

### സംരക്ഷിക്കപ്പെടേണ്ട ബാല്യങ്ങൾ

സുശക്തമായ നിയമസംവിധാനങ്ങളുണ്ടെങ്കിലും നമ്മുടെ സമൂഹത്തിലെ കുട്ടികൾ ലൈംഗിക ചൂഷണങ്ങൾക്കിരയായിക്കൊണ്ടിരിക്കുന്നു. ലൈംഗികാതിക്രമങ്ങൾ നടത്തുന്നവർക്ക് കഠിനമായ ശിക്ഷകൾ നൽകാത്തതും പലവ്യക്തികളെയും സാഹചര്യത്തെളിവുകളുടെ അഭാവത്തിൽ കോടതി പ്രതിസ്ഥാനത്തുനിന്ന് വിട്ടയയ്ക്കുന്നതും നിയമത്തിനുള്ളിലെ ദുർബലതകളെ വെളിപ്പെടുത്തുന്നു. അനാഥാലയങ്ങൾ, ചിൽഡ്രൻസ് ഹോമുകൾ തുടങ്ങിയയിടങ്ങളിലെ കുട്ടികളെ അതിന്റെയൊക്കെ നടത്തിപ്പുകാർ തന്നെ ചൂഷണം ചെയ്യുന്ന സംഭവങ്ങളും വിരളമല്ല. ഇതിനൊക്കെ മാറ്റമുണ്ടാകണമെങ്കിൽ കൃത്യമായ രീതിയിൽ നമ്മുടെ സമൂഹവും നീതിന്യായ സംവിധാനങ്ങളും മാറേണ്ടതുണ്ട്. സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബത്തിനുള്ളിലെ വ്യക്തിബന്ധങ്ങൾ പരമാവധി ശക്തിപ്പെടുത്തുകയും മാതാപിതാക്കൾ കുട്ടികൾക്കാവശ്യമായ സ്നേഹവും സംരക്ഷണവും നല്കുകയും ചെയ്യുക. നവമാധ്യമങ്ങളിലെ ചതിക്കുഴികൾ കൃത്യമായി കുട്ടികളെ ബോധവത്ക്കരിക്കുകയും അവയിലെ നല്ല ഘടകങ്ങളെ മാത്രം സ്വീകരിക്കുവാൻ ശീലിപ്പിക്കുകയും ചെയ്യുക. പൊതുസമൂഹത്തിലെ 'അനാവശ്യ ഇടപെടലുകാർ' കടന്നു വരുമ്പോൾ അത്തരത്തിലുള്ളവരെ ഒഴിവാക്കുവാൻ കുട്ടികളെ പഠിപ്പിക്കുക. ഇവയൊക്കെ അനിവാര്യമായ കാര്യങ്ങൾ തന്നെയാണ്. ഒരു പാടു സംരക്ഷണ വലയങ്ങൾ ഭേദിച്ചു കുട്ടികളെ ലൈംഗിക ചൂഷണത്തിനിരയാക്കുന്ന കൊടുംകുറ്റവാളികളെ നീതിയുടെ ദയാദാക്ഷിണ്യങ്ങളില്ലാതെ കഴുവിലേറ്റുവാൻ നിയമസംവിധാനങ്ങളും ഭരണകൂടവും തയ്യാറാകണം. ഇത്തരം കുറ്റകൃത്യങ്ങൾ തടയുവാൻ പാശ്ചാത്യരാജ്യങ്ങളിലേതു പോലുള്ള കഠിന നിയമങ്ങൾ തന്നെയാണാവശ്യം. ദുർബലനിയമങ്ങളുടെ പഴുതുകൾ തേടി രക്ഷപെടുന്നവർ സമൂഹത്തിന്റെ മുമ്പിൽ നില്ക്കുമ്പോൾ ഇന്നാട്ടിലെ നിയമസംവിധാനങ്ങളെ കുറ്റവാളികൾക്കു ഭയമില്ലാതെ പോകുന്നു. സമൂഹത്തിലെ ശിക്ഷാവിധികളെ ഭയക്കുന്നവർ കുറ്റകൃത്യങ്ങളിലേക്കു കടന്നുകയറുകയില്ല. വരുംകാലത്തിന്റെ ഭാവി നിർണ്ണയിക്കേണ്ടുന്ന ബാല്യങ്ങളെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും കടമയാണ്.

**അവലംബം**

സ്ത്രീയും നീതിയും- കേരള സംസ്ഥാന ലീഗൽ സർവ്വീസ് അഥോറിറ്റി.

കഥ

അനിത കിളിയൂർ

# ഒരു പനിനീർപ്പൂവിന്റെ വിശദീകരണം



**നന്ദൻ**, എന്തുകൊണ്ടാണ് നിങ്ങളെന്നെ ഈ നിലയിൽ വലിയ ചങ്ങലകളാൽ ബന്ധിച്ച് വീടിനുള്ളിൽ പൂട്ടിവെച്ചിരിക്കുന്നത്. എത്രനേരമാണ് ഈ ചങ്ങലക്കാലുകൾ വലിച്ച് ഞാൻ ഈ മുറിക്കുള്ളിൽ കഴിയുക. ഈ നിലയിൽ എന്നെ തനിച്ചാക്കി കടന്നുകളയാൻ നിങ്ങൾക്കെങ്ങനെയാണ് സാധിക്കുന്നത്. പുറത്ത് ഇരുട്ട് കനത്തു തുടങ്ങി. നിങ്ങളിനിയും വന്നെത്തിയിട്ടില്ല. നോക്കൂ നന്ദൻ, നിങ്ങൾ കരുതുന്നതുപോലെ എനിക്ക് വലിയ അസുഖമൊന്നും ഇല്ല. പിന്നെ, ഇടയ്ക്കിടെ വന്നുചേരുന്ന മറവികൾ. അതെന്നെയും അലോസരപ്പെടുത്തുന്നു. കുറേ ഏറെ മറന്നു തുടങ്ങുമ്പോൾ ഞാൻ എന്റെ ഓർമ്മകളിലേക്ക് തിരിച്ച് മടങ്ങുന്നു. നിങ്ങൾ പറയുന്നതുപോലൊന്നും സംഭവിക്കില്ല നന്ദൻ. നിങ്ങളെ കൂടാതെ ഞാൻ എവിടേക്കാണ് ഓടിപ്പോവുക?

നിങ്ങൾക്ക് ഓർമ്മയുണ്ടോ? എന്റെ ഡിഗ്രി പഠനകാലത്താണ് നിങ്ങളുടെ വിവാഹാലോചന

വരുന്നത്. കൽപനകൾ അച്ഛന്റേതായിരുന്നു. എന്റെ പഠനമോഹങ്ങൾ അവിടെ അവസാനിച്ചു. ഒരു സുഹൃത്തിനെ പോലെ ചിരിച്ച നിങ്ങളെ കണ്ടമാത്രയിൽ തന്നെ എനിക്കിഷ്ടമായി. നിങ്ങൾ അന്നു ധരിച്ച ഇളംനീലയിൽ വെളുത്തകള്ളികളുള്ള ഷർട്ടും നീലക്കരമുണ്ടും ഇന്നും ഞാൻ മറന്നിട്ടില്ല. കല്യാണം കഴിഞ്ഞുള്ള ആദ്യനാളുകൾ, എത്ര രസകരമായിരുന്നു നമ്മുടെ ജീവിതം. അന്നൊക്കെ ഞാൻ പറയുന്ന തമാശകൾ കേട്ട് നിങ്ങൾ ചിരിക്കുമായിരുന്നു. അവ എത്ര വിലകുറഞ്ഞവയാണെങ്കിലും. നന്ദൻ നിങ്ങളെത്ര സുന്ദരനാണ്. നിങ്ങൾ ചിരിക്കുന്നതു കാണാൻ എത്ര ഭംഗിയാണ്. നാൽപതു കഴിഞ്ഞയാളാണ് നിങ്ങളെന്ന് തോന്നുകേ ഇല്ല. പ്രായമായ അച്ഛനേം അമ്മേം തനിച്ചാക്കി നഗരത്തിലെ ഈ വലിയ കെട്ടിടത്തിൽ വന്നു താമസിക്കുന്നതിൽ താത്പര്യമില്ലാതിരുന്നിട്ടും നിങ്ങളുടെ ബിസിനസ് സൗകര്യത്തിനു വേണ്ടിയല്ലേ എന്ന് മാത്രമേ കരുതിയുള്ളൂ. നിങ്ങളുടെ സന്തോഷങ്ങളായിരുന്നു എന്റെ സന്തോഷം.

എല്ലാ ദിവസവും നിങ്ങൾ ജോലിക്കു പോകുമ്പോൾ ഞാനീ വീട്ടിൽ തനിച്ചാണെന്ന കാര്യം നിങ്ങൾ ചിന്തിക്കാറുണ്ടോ. നിങ്ങളുടെ കാർ ഈ മുറ്റം കടന്നുപോകുമ്പോൾ, എന്റെ കണ്ണെത്തുന്നിടത്തോളം ഞാൻ നോക്കി നിൽക്കും. എത്രയോ ദിവസങ്ങൾ അങ്ങനെ തന്നെ നിന്ന് ഞാൻ കരഞ്ഞു പോയിരുന്നു. പിന്നെ, വലിയ ഉറക്കത്തിൽ നിന്നോണം ഞെട്ടി ഉണർന്ന് നിങ്ങൾക്കു വേണ്ടി രുചികരമായ വിഭവങ്ങൾ ഒരുക്കാൻ ഞാൻ വെമ്പൽ കൊള്ളും. അയൽപക്കത്തെ യൂണിഫോമണിഞ്ഞ കുഞ്ഞുങ്ങൾ അച്ഛന്റെ ബൈക്കിന് മുമ്പിലും പിറകിലുമായിരുന്ന് സ്കൂളിലേക്ക് യാത്രയാകുമ്പോൾ അവരുടെ അമ്മ അടുത്തേക്ക് ചെന്ന് കുഞ്ഞുമുഖങ്ങളിലെ

**കാണാനും പറയാനും കേൾക്കാനും ആരും ഇല്ലാതായപ്പോൾ ഞാനീ വീട്ടിലെ ഓരോ വസ്തുക്കളോടും വർത്തമാനം പറയാൻ തുടങ്ങി. അടുക്കളയിലെ പാത്രങ്ങളോടും മേശയോടും അടുപ്പിനോടും തീയോടും വെള്ളത്തോടും വെളിച്ചത്തോടും ഒക്കെ. നന്ദൻ വളരെ നിശബ്ദമായ് ശ്രദ്ധിച്ചാലറിയാം ഇവയൊക്കെ പരസ്പരം എന്തൊക്കെയോ സംസാരിക്കുന്നുണ്ട്.**

അധികമായ പൗഡർ ഒപ്പിയെടുക്കുമ്പോൾ, അവസാന മിനുക്കുപണിയെന്നോണം തലമുടി മാടിയൊതുക്കുമ്പോൾ എന്നിലെ അമ്മയും കൊതിക്കാറുണ്ട് നന്ദൻ കുഞ്ഞിക്കാലടികളെ, നനുത്തപുഞ്ചിരികളെ... “ഇപ്പോ വേണ്ട, സമയമുണ്ടല്ലോ ഇനിയും” എന്നുപറഞ്ഞ് രണ്ടു തവണയാണ് നിങ്ങളെന്നുള്ളിലെ കുഞ്ഞുസ്പന്ദനങ്ങളെ കൊന്നുകളഞ്ഞത്. ഭാഗ്യക്കേടുകൊണ്ടാകാം പിന്നീടങ്ങനെയൊന്നും സംഭവിച്ചില്ല. നിങ്ങൾക്കു നിങ്ങളുടെ ബിസിനസ്സായിരുന്നു എല്ലാം.

പിന്നെ പിന്നെ വീട്ടിൽ പണികളൊന്നും ഇല്ലാതായി. ഇസ്തിരിയിട്ട തുണികൾ വീണ്ടും ഇസ്തിരിയിടുക. അലക്കിയവ വീണ്ടും അലക്കുക. ചില ദിവസങ്ങൾ അങ്ങനെയും കടന്നുപോയി. ഒന്നും ചെയ്യാനില്ലാതെ എത്രയോ ദിവസങ്ങൾ. അവ എന്നെ ഭ്രാന്ത് പിടിപ്പിക്കുമെന്ന് തോന്നി. ചിലപ്പോഴൊക്കെ ഞാനെന്റെ കുട്ടിക്കാലത്തെക്കുറിച്ചോർത്തു. കുട്ടിക്കാലത്ത് ഞാനുപയോഗിച്ച ഉടുപ്പുകൾ, കുഞ്ഞിച്ചെരിപ്പുകൾ, സ്ലെയ്റ്റ്, കല്ലുപെൻസിൽ, എന്റെ കൂട്ടുകാർ. എല്ലാം നഷ്ടപ്പെട്ട് ഞാൻ തനിച്ചായപോലെ തോന്നി. എങ്കിലും ഞാൻ നമ്മുടെ ജീവിതമോർത്ത് വിഷമങ്ങളൊക്കെ ഉള്ളിലൊതുക്കി. ഏകാന്തതയുടെ വലിയ ആഴങ്ങളിലേക്ക് വലിച്ചെറിയപ്പെട്ടപ്പോൾ ഞാനെന്റെ സ്വപ്നങ്ങളെ, കിനാവുകളെ താലോലിച്ചു. കാണാനും പറയാനും കേൾക്കാനും ആരും ഇല്ലാതായപ്പോൾ ഞാനീവീട്ടിലെ ഓരോ വസ്തുക്കളോടും വർത്തമാനം പറയാൻ തുടങ്ങി. അടുക്കളയിലെ പാത്രങ്ങളോടും മേശയോടും അടുപ്പിനോടും തീയോടും വെള്ളത്തോടും വെളിച്ചത്തോടും ഒക്കെ. നന്ദൻ വളരെ നിശബ്ദമായ് ശ്രദ്ധിച്ചാലറിയാം ഇവയൊക്കെ പരസ്പരം എന്തൊക്കെയോ സംസാരിക്കുന്നുണ്ട്.

നിങ്ങളോടൊപ്പം യാത്ര ചെയ്യുമ്പോൾ പലപ്പോഴും ഒന്നും മിണ്ടാനാകാതെ ഞാൻ മൗനിയായി പോകുന്നു. നിങ്ങളുടെ സുഹൃത്തുക്കളുമായി ഇടപഴകുമ്പോൾ ചൂളി ഒതുങ്ങി നിൽക്കാനേ എനിക്കായിരുന്നുള്ളൂ. അപ്പോഴൊക്കെ “bad habit, bad habit” എന്നുപറഞ്ഞ് നിങ്ങളെന്റെ ചെവിയിൽ ശകാരിച്ചു. പിന്നെ പിന്നെ നിങ്ങളുടെ ശകാരങ്ങൾ വീട്ടിലെ ചായക്കപ്പുകളായും, കസേരകളായും ടീപ്പോകളായും എറിഞ്ഞുടയ്ക്കപ്പെട്ടു. കുറ്റങ്ങൾ എന്റേതു തന്നെയാകാം. എന്തുകൊണ്ടാണ് ഞാനിങ്ങനെയൊക്കെ ആയിപ്പോകുന്നത്. എന്തുകൊണ്ടാണ് ചിലപ്പോഴെങ്കിലും വാക്കുകളുടെ എല്ലാ ഉറവകളും വറ്റി ഞാൻ മൗനിയാകുന്നതെന്നറിയില്ല. എങ്കിലും ഞാൻ നിങ്ങളെ സ്നേഹിക്കുന്നു നന്ദൻ.

എപ്പോഴാണ് ഞാൻ മറവിയുടെ അഗാധഗർത്തങ്ങളിലേക്ക് ആഴ്ന്നു പോയത്. എവിടേക്കാണ് ഞാനറിയാതെ എന്റെ കാലുകൾ ഇറങ്ങി പുറപ്പെട്ടത്. എനിക്കറിയില്ല. നിങ്ങൾ പറയുന്നതൊക്കെ സത്യമായിരിക്കാം നന്ദൻ.

നിങ്ങളെ എനിക്കേറെ വിശ്വാസമാണ്. എങ്കിലും, എപ്പോഴാണ് നിങ്ങളെന്റെ കാലുകൾ ഇരുമ്പു ചങ്ങലകളാൽ ബന്ധിച്ചത്. ഈ ചങ്ങലക്കാലുകൾ എന്നെ തളർത്തിക്കൊണ്ടേ ഇരിക്കുന്നു. ഈ പഴുത്ത വ്രണങ്ങൾ എന്നെ തിന്നു തീർക്കും തീർച്ച.

നോക്കൂ നന്ദൻ, രാത്രി ഏറെ വൃദ്ധയായിരിക്കുന്നു. ഇരുട്ട്! നിങ്ങൾക്കറിയാമല്ലോ ഇരുട്ട് എനിക്കെത്രമാത്രം ഭയമാണെന്ന്. ഇരുട്ടിൽ ക്രൂരമുഖങ്ങളോട് കൂടിയ വലിയ ഭീകരജീവികൾ ഈ മുറിക്കുള്ളിലേക്ക് പതുപ്പതുങ്ങി വരും. പിന്നെ കടുകുമണിയോളം വലിപ്പത്തിൽ അവ എന്റെ ചെവിക്കുള്ളിൽ പ്രവേശിക്കും. ഞാൻ അലറി അലറി നിലവിളിച്ചുകൊണ്ടേയിരിക്കും. പക്ഷേ, ശബ്ദം പുറത്തുവരികയേ ഇല്ല. കോടിക്കണക്കിന് ഭീകരജീവികൾ ഇപ്പോഴും എന്റെ ചെവിക്കുള്ളിലുണ്ട്. ഇതാ ഇപ്പോഴുമുണ്ട് ആ തേനീച്ചമൂളൽ. എനിക്കു രക്ഷപ്പെടണം നന്ദൻ. പക്ഷേ നിങ്ങൾ ബന്ധിച്ച ഈ കാലുകൾ എനിക്കനക്കാനേ കഴിയുന്നില്ല. ●


**സൃഷ്ടികൾ ക്ഷണിക്കുന്നു**

സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ ( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

**സംഘടിത മാസിക**

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |



**കവിത**


# ഇറേസർ

**കെ.ഫബിദ**



പെണ്ണായാൽ
ചില അനുഭവങ്ങളുണ്ട്
മായ്ച്ചുകളയേണ്ടവ
പക്ഷെ
എന്റെ ഇറേസർ
തേഞ്ഞില്ലാതായി
അനിയത്തിയോട് ചോദിച്ചു
അവൾ പറഞ്ഞു
അവൾക്കിനിയും
മായ്ക്കാനേറെയുണ്ടെന്ന്
തട്ടിപ്പറിച്ചു ഞാനത്
പകരം
ഒരു പേന നൽകി
വെട്ടിതിരുത്താൻ പറഞ്ഞു
ഇനിയും
മായ്ക്കാൻ
ഒന്നും
ബാക്കിവക്കേണ്ടതില്ല!





പുസ്തകപരിചയം

# വായന നടപ്പിന്റെ അടയാളങ്ങൾ



എൻ. രജനി

**ഈ** അടുത്തകാലത്ത് ബസ്സ്യാത്രയിലുണ്ടായ ഒരു സംഭവം ഓർത്തു പോവുകയാണ്. കണ്ണൂരിലേക്ക് പോകുന്ന ഫാസ്റ്റ്പാസഞ്ചർ ബസ്സിൽ രാവിലെ കയറി. തിരക്ക് കുറവ്. നല്ല സീറ്റ്. വൃത്തിയുള്ള ബസ്സകം. പുറത്തെ മഴയെ കാണിച്ചു തരുന്ന ഭംഗിയുള്ള ഗ്ലാസ്സ് ജനാലകൾ. ഉറക്കെയുള്ള പഴയ പാട്ട്. ആകപ്പാടെ സുഖയാത്ര. മുന്നിലെ സീറ്റിലെ സ്ത്രീ വളരെ അസ്വസ്ഥയാണ്. കണ്ടിട്ട് ഉദ്യോഗസ്ഥ. തളിപ്പറമ്പിൽ ഇറങ്ങുമ്പോൾ വാതിൽക്കൽ നിന്ന കണ്ടക്ടറോട് ആ സ്ത്രീ സംസാരിക്കുന്നത് ശ്രദ്ധിച്ചു. 'പകൽ 10 മിനുട്ട് ഉറങ്ങാൻ കഴിയുക യെന്നുവച്ചാൽ ഞങ്ങൾ സ്ത്രീകൾക്ക് രാത്രി 2 മണിക്കൂർ ഉറങ്ങുന്നതിന് തുല്യമാണ്. കാരണം ഞങ്ങൾ പ്രത്യേകരീതിയിൽ അഡ്ജസ്റ്റ് ചെയ്യുന്നതുകൊണ്ടാണ് ഓരോ കുടുംബവും ഇങ്ങനെ ബാലൻസ് ചെയ്തു പോകുന്നത്. പാട്ട് വെക്കരുത് എന്നല്ല പറഞ്ഞത്, അത് ശബ്ദം കുറച്ച് വെക്കണം. എല്ലാത്തരം യാത്രക്കാരും ബസ്സിലുണ്ടാവും .. സിനിമാ തിയേറ്ററിൽ പോയപോലെ ബസ്സിലിരിക്കുന്നത് കഷ്ടമാണ്.' ചെറുപ്പക്കാരനായ കണ്ടക്ടർ ഇതുകേട്ട് അമ്പരന്നു. താനോ തന്റെ ബസ്സോ ചെയ്ത

**ജീവിതം സഹനം മാത്രമാവുന്ന പെണ്ണുങ്ങളുടെ അനുഭവങ്ങൾക്ക് എന്തു വിലയാണ് ജീവിക്കുന്ന സമൂഹം നൽകിയിട്ടുള്ളത്? 'അവർക്കൊരു നാവുകൊടുത്താൽ, അവരെ തടയുകയോ ശിക്ഷിക്കുകയോ ചെയ്തില്ലെങ്കിൽ, അവർ പറയുന്ന കഥകൾ നടുക്കമുണ്ടാക്കുന്ന സഹനങ്ങളുടേതായിരിക്കും. പോരാട്ടമില്ലാത്ത സഹനങ്ങൾ.**



തെറ്റെന്താണെന്ന് അയാൾക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലായതേയില്ല. രണ്ടോ മൂന്നോ യാത്രക്കാരും കിളിയും ആ അമ്പരപ്പിൽ പങ്കു ചേർന്നു. ഭൂരിഭാഗം പുരുഷന്മാരാണ് ബസ്സിൽ ഉണ്ടായിരുന്നത്. മിക്കവരും ആ 'സന്യാസിനി'പ്പാട്ട് സുഖമായി അസ്വദിച്ചുവരികയായിരുന്നു. അവർക്കെല്ലാം ഒന്നു ചിരിച്ചു തള്ളാനുള്ളതായിരുന്നു ആ യാത്രക്കാരിയുടെ വർത്തമാനം. പക്ഷേ രാത്രിയിലെ ഉറക്കം പണയം വെച്ച് ബസ്സിന്റെ അര സീറ്റിൽ 10 മിനുട്ടെങ്കിൽ 10 മിനുട്ട് കണ്ണടച്ച് ഒന്ന് ഉറങ്ങിയുണരാൻ ഓരോ ഉദ്യോഗസ്ഥയും പാടുപെടുന്ന കാര്യം എത്ര പുരുഷന്മാർ തിരിച്ചറിയുന്നുണ്ട്? ബസ്സിന്റെ ചിത്രം കാണുമ്പോഴേ ഉറങ്ങുന്ന സ്ത്രീകളെക്കുറിച്ച് ചില പുരുഷ സുഹൃത്തുക്കൾ കളിയാക്കുന്നത് കേട്ടിട്ടുണ്ട്. അവർക്കെന്നെങ്കിലും ഊഹിക്കാൻ കഴിയുമോ 4 മണിക്കൂർപോലും ദിവസത്തിൽ ഉറങ്ങാൻ കഴിയാത്ത, സ്വന്തം ആരോഗ്യമോ അഭിരുചിയോ ശ്രദ്ധിക്കാൻ കഴിയാത്ത ഉദ്യോഗസ്ഥ ജനങ്ങളെക്കുറിച്ച്? ജീവിതം സഹനം മാത്രമാവുന്ന പെണ്ണുങ്ങളുടെ അനുഭവങ്ങൾക്ക് എന്തു വിലയാണ് ജീവിക്കുന്ന സമൂഹം നൽകിയിട്ടുള്ളത്? 'അവർക്കൊരു നാവുകൊടുത്താൽ, അവരെ തടയുകയോ ശിക്ഷിക്കുകയോ ചെയ്തില്ലെങ്കിൽ, അവർ പറയുന്ന കഥകൾ നടുക്കമുണ്ടാക്കുന്ന സഹനങ്ങളുടേതായിരിക്കും. പോരാട്ടമില്ലാത്ത സഹനങ്ങൾ. അവരമർത്തിവെച്ചിരിക്കുന്ന രോഷവും അസംതൃപ്തിയും - പൊട്ടിച്ചിതറാനൊരവസരം കൊടുത്താൽ സമൂഹജീവിതത്തിന്റെ അടിത്തറയിളക്കുന്ന ബോംബുകളായിട്ടായിരിക്കും അവ പൊട്ടിച്ചിതറുക ..' (സാറാ ജോസഫ്, ഒരുവൾ നടന്ന വഴികൾ) അനുഭവമെഴുത്ത് ആക്ടിവിസമാണ്. പ്രത്യേകിച്ച് പെണ്ണിന്. പെണ്ണോർമ്മകളുടെ പങ്കുവെക്കൽ സമൂഹത്തിനുള്ള ഏറ്റവും വലിയ പ്രഹരവും. അതുകൊണ്ട് പെണ്ണിന്റെ അനുഭവാവിഷ്കാരങ്ങൾക്ക് സർവ്വസമ്മതമായ സ്വീകാര്യത ലഭിക്കാറില്ല.

വ്യവസ്ഥാപിതമായതിനെയെല്ലാം പ്രതിക്കൂട്ടിലാക്കുകയാണോ എന്ന സംശയം പെണ്ണിന്റെ നടപ്പിനു നേരെവെച്ചുപുലർത്തുന്നതുപോലെ അവളുടെ അനുഭവങ്ങൾക്കു

നേരെയുമുണ്ട്. കഥയല്ലാത്ത യാഥാർത്ഥ്യങ്ങളെ 'കഥയില്ലായ്മ'യായി തരം താഴ്ത്താൻ എളുപ്പമാണല്ലോ. സാറാജോസഫിന്റെ 'ഒരുവൾ നടന്ന വഴികൾ' വായിച്ചപ്പോൾ മേൽപറഞ്ഞ ബസ്സനുഭവം ഓർത്തു പോയതാണ്. 'ഏറെയൊന്നും നിങ്ങൾ മാറണ്ട, ഒരൽപം ഞങ്ങളും ഇവിടെയുണ്ട് എന്ന് ഓർമ്മിച്ചുകൊണ്ട് ഒരൽപ്പം' എന്ന് ബസ്സിലെ സ്ത്രീയെപ്പോലെ ഈ പുസ്തകവും പറയുന്നു. ഇത്തരം ഓർമ്മിപ്പിക്കലുകളാണ് പെണ്ണിന്റെ അനുഭവാഖ്യാനങ്ങളുടെ ആദ്യ ദൗത്യം.

ഏകജത്തിൽ തന്നെ ദ്വിജത്വമുള്ളവരെക്കുറിച്ച് പണ്ട് കേട്ടിരുന്നു. ബ്രാഹ്മണനും അണ്ഡജവുമെല്ലാം അങ്ങനെയാണത്രേ! യഥാർത്ഥത്തിൽ ദ്വിജത്വവും കടന്ന് ഏകജ ത്തിൽ തന്നെ ബഹുജ മുള്ളത് സ്ത്രീക്കല്ലേ? ഓരോന്നായും ഓരോരുത്തർക്കായും പിളർന്നും ഭാഗിച്ചും കൊടുക്കുന്നവൾ?

'ഒരുവൾ നടന്ന വഴികൾ' സാമ്പ്രദായിക സ്വഭാവമനുസരിച്ചുള്ള ആത്മകഥയേ അല്ല. സംഭവബഹുലമായ ഒരു ജീവിതത്തിന്റെ സം ഘർഷാത്മകതയോ വെല്ലുവിളികളോ ഒന്നും അത് ആഖ്യാനം ചെയ്യുന്നില്ല. മഹാഭാരങ്ങളൊന്നും അവകാശപ്പെടാനില്ലാത്ത 77 പേജുള്ള ഒരു കുഞ്ഞുപുസ്തകം. ഭർത്തൃ-പുരുഷചരിതങ്ങളുടെ സ്തുതിയിൽ നിന്നോ, നിന്ദയിൽ നിന്നോ മുക്തി നേടാൻ അതിന് കഴിഞ്ഞു. തന്റെ വേരുകളേയും ബലങ്ങളേയും, ബാല്യത്തോടും കുടുംബത്തോടും പ്രകൃതിയോടും ചേർത്തിണക്കി പറയുന്നതിന്റെ ചാരുതയുണ്ട് ഈ പുസ്തകത്തിന്. അവരവർക്ക് നുണയാനും കയ്ച്ചിറക്കാനും

**ദാമ്പത്യത്തിന്റെ പൊരുത്തമില്ലായ്മയെ ഭീതിതമായ നിസ്സഹായതയായാണ് ഇതിൽ വർണ്ണിച്ചിരിക്കുന്നത്. 'സമൂഹാചാരങ്ങളുടെ ബലിത്തറമേൽ കൈയും കാലും കൂട്ടിക്കെട്ടി കിടത്തിയിരിക്കുന്ന രണ്ട് മൃഗങ്ങൾ'. ഈ ബലിത്തറയിൽ നിന്നുള്ള അസാധാരണമായൊരു ഉയിർത്തെഴുന്നേൽപ്പാണ് സാറാജോസഫ് അക്ഷരജീവിതം കൊണ്ട് നേടിയത്.**

മാത്രമുള്ള ഒന്നായി പെൺ ജീവിതങ്ങൾ മാറരുത് എന്ന ആഹ്വാനം നാം കാതോർക്കണം.

സ്വന്തം അപ്പാപ്പനിൽ നിന്നും അമ്മാമ്മയിൽ നിന്നും തുടങ്ങി കൊച്ചുമകൾ മേധയിലെത്തി നിൽക്കുന്നു ഇതിലെ ഓർമ്മച്ചിത്രങ്ങൾ. ചെറുതിലേ ഇല്ലാണ്ടായ കുട്ടിക്കാലവും വലുതാവുന്നതിനുമുമ്പേ വലിച്ചുകൊണ്ടുപോയ വിവാഹവും ദാരിദ്ര്യവും അപമാനവും. സാറാജോസഫിലെ ആക്ടിവിസ്റ്റിനെ രൂപപ്പെടുത്തിയ ബാഹ്യഘടകങ്ങളാണിവ. തന്റെ ഭൂതകാലത്തെ ഒപ്പിയെടുക്കുമ്പോൾ കേരളത്തിന്റെ സാംസ്കാരികരാഷ്ട്രീയ ചരിത്രത്തിന്റെയും പെൺചരിത്രത്തിന്റെയും ക്രിസ്ത്യാനികുടുംബ വ്യവസ്ഥയുടേയും വിശകലനമാവുകയാണ്.

വിദ്യാർത്ഥി-ഭാര്യ-ഉദ്യോഗസ്ഥ-അമ്മ ഇത്രയും ആകുമ്പോഴേക്കും ഒരു സാധാരണ സ്ത്രീയുടെ ദൗത്യം പൂർണ്ണമാവും. ഇങ്ങനെയുള്ളവർക്കെല്ലാം എന്ത് ആത്മകഥ! അല്ലങ്കിൽ എല്ലാവരും ഒരേ ആത്മകഥയുള്ളവർ. അതിൽ നിന്ന് കുതറി മാറി മറ്റൊരു ജീവിതം സാധ്യമാണ് എന്ന് കണ്ടെത്തുമ്പോഴാണ് സ്ത്രീയുടെ അനുഭവങ്ങൾക്ക് സാമൂഹ്യപദവിപോലും കിട്ടുന്നത്.

സാറാജോസഫ് തെളിയിച്ചത് അതാണ്. ഈ അമ്മത്തത്തിൽ നിന്ന് ഒരു പടികൂടി കടന്ന് കോളേജിൽ പഠിക്കാത്ത കോളേജദ്ധ്യാപികയാകുമ്പോഴും, സാംസ്കാരിക ആക്ടിവിസത്തിന്റെ ഏറ്റവും വലിയ സ്ത്രീപ്രാതിനിധ്യമാകുമ്പോഴും, മലയാളത്തിന്റെ ഏറ്റവും ശക്തമായ സർഗ്ഗാത്മക സാന്നിദ്ധ്യമാവുമ്പോഴും, സ്ഥാപനവൽക്കരിക്കപ്പെട്ട പലതിനുനേരെയും ഉള്ള ആശയ സമരമായി ജീവിതത്തെ മാറ്റാൻ അവർക്ക് കഴിഞ്ഞു. എഴുത്തുകാരിയുടെ ഭാഷയിൽപറഞ്ഞാൽ 'കാലുവെന്ത പട്ടിയെപ്പോലെ' അവർ ഓടിത്തീരുന്നത് സമാധാനത്തോടെ തന്റെ സമൂഹത്തിലൊന്ന് ഉറങ്ങാനാണ്. സാഹോദര്യവും സമഭാവനയും ആഹ്ലാദാനുഭവവുമെല്ലാം പ്രാർത്ഥനകളിലും പ്രതിജ്ഞകളിലും മാത്രം നിറയുന്ന ആശയങ്ങളാകുമ്പോൾ ഇതുവരെ ശബ്ദിക്കാത്തവർക്ക് നാവുകൊടുക്കാൻ ചിലർ ഇറങ്ങി നടക്കേണ്ടി വരുന്നു.

സ്ത്രൈണതയുടെ ഊർജ്ജം പ്രസരിപ്പിക്കുന്ന മാനുഷിയുടെ രൂപീകരണവും പ്രവർത്തനവും പ്രസക്തിയും സാറാജോസഫ്

> **അടിസ്ഥാനപരമായി സാറാജോസഫിന്റെ സ്ത്രീ വിമോചക സങ്കൽപങ്ങൾക്ക് പുരുഷവിദ്വേഷത്തിന്റെ സ്വരമല്ല. അതിന് മാനുഷികതയാണ് കൂടുതലുള്ളത്. സ്ത്രീ/ സ്ത്രീയവസ്ഥകൾ എന്ന ചുരുങ്ങലിലേക്ക് അതെത്തുന്നില്ല,**

വിശദീകരിക്കുന്നുണ്ട്. നവോത്ഥാനകാലത്തെ ഓർമ്മിപ്പിക്കുന്ന തരത്തിൽ പൊതുമണ്ഡലത്തിലേക്കുള്ള സ്ത്രീയുടെ പ്രവേശമായി അവർ അതിനെ കാണുന്നു. 1986 ൽ മാനുഷി രൂപീകരിക്കുമ്പോൾ കേരളസമൂഹത്തിന്റെ സ്ത്രീപക്ഷനിലപാട് ഒട്ടും ആശാവഹമായിരുന്നില്ല.അത്തരം ഒരു സാഹചര്യത്തിൽ ശക്തമായ സ്ത്രീവിമോചകപ്രസ്ഥാനം എന്ന നിലയിൽ മാനുഷി ധീരമായ ഒരിടപെടലായിരുന്നു.

അടിസ്ഥാനപരമായി സാറാജോസഫിന്റെ സ്ത്രീ വിമോചക സങ്കൽപങ്ങൾക്ക് പുരുഷവിദ്വേഷത്തിന്റെ സ്വരമല്ല. അതിന് മാനുഷികതയാണ് കൂടുതലുള്ളത്. സ്ത്രീ / സ്ത്രീയവസ്ഥകൾ എന്ന ചുരുങ്ങലിലേക്ക് അതെത്തുന്നില്ല, സ്ത്രീയും പുരുഷനും കുഞ്ഞുങ്ങളും പ്രകൃതിയും ജീവജാലങ്ങളും ഒക്കെ അടങ്ങുന്ന നാട് കേന്ദ്രിതമായ ഒരു ജൈവബോധം സാറാജോസഫിന്റെ ചിന്തകളെ നവീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഒരു സംഘടനയുടെ പ്രത്യയശാസ്ത്രത്തിനപ്പുറമുള്ള മാനവികബോധം തന്നെയാണ് അവരിലെ എഴുത്തുകാരിയെ രൂപപ്പെടുത്തുന്നതെന്ന് ഈ പുസ്തകം ഓർമ്മിപ്പിക്കുന്നു.

ദാമ്പത്യത്തിന്റെ പൊരുത്തമില്ലായ്മയെ ഭീതിതമായ നിസ്സഹായതയായാണ് ഇതിൽ വർണ്ണിച്ചിരിക്കുന്നത്. 'സമൂഹാചാരങ്ങളുടെ ബലിത്തറമേൽ കൈയും കാലും കൂട്ടിക്കെട്ടി കിടത്തിയിരിക്കുന്ന രണ്ട് മൃഗങ്ങൾ'. ഈ ബലിത്തറയിൽ നിന്നുള്ള അസാധാരണമായൊരു ഉയിർത്തെഴുന്നേൽപ്പാണ് സാറാജോസഫ് അക്ഷരജീവിതം കൊണ്ട് നേടിയത്.

നിലപാടുകൾ ഉണ്ടാവുക, ആ നിലപാടുകളിൽ ഉറച്ചു ജീവിക്കുക, എന്നത് കേരളത്തിലെങ്കിലും സ്ത്രീയെ സംബന്ധിച്ച് ഏറെ പ്രയാസമുള്ള കാര്യമാണ്. അതുകൊണ്ട് ഏറ്റവും എളുപ്പമുള്ള 'സഹനം' ഭൂരിപക്ഷം സ്ത്രീകളും ഒരു സ്വഭാവമായി സ്വീകരിക്കുന്നു. വ്യത്യസ്തരായ സ്ത്രീകളെയെല്ലാം ചരിത്രം സംശയിച്ചിട്ടുണ്ട്. സരസ്വതിയമ്മ, മാധവിക്കുട്ടി, രാജലക്ഷ്മി . എതിർപ്പുകളും വിയോജിപ്പുകളും സാറാജോസഫിനും ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട് വേണ്ടുവോളം. 'എല്ലാവരും ഒരേ വരിയിൽ നടക്കുമ്പോൾ ഞാൻ വരി തെറ്റിക്കുന്നു. എല്ലാവരും ഒരേ താളത്തിൽ കൊട്ടുമ്പോൾ ഞാൻ അവതാളമാവുന്നു' എന്ന ചിന്ത ജനിച്ചത് തന്റെ സ്വാതന്ത്ര്യബോധത്തിനുനേരെ നാട്ടാചാരങ്ങളുടേയും ബന്ധങ്ങളുടേയും ഇടപെടലുകൾ കൊണ്ട് പൊറുതിമുട്ടിയ നിമിഷത്തിലായിരിക്കണം. സഹനത്തെ സമരമാക്കുമ്പോഴാണ് പെണ്ണിന് അനുഭവങ്ങൾ പോലും സ്വന്തമായി ഉണ്ടാകുന്നത്. സ്വപ്നം കാണാനൊരു ഭാവിയും ചോദ്യം ചെയ്യാനൊരു ചരിത്രവും അവൾക്ക് സ്വന്തമാകും. ഉടലഴകിന്റെ അടയാളങ്ങൾ പറിച്ചെറിഞ്ഞ് ചിന്തയും തീരുമാനങ്ങളും അഭിപ്രായങ്ങളും കൊണ്ട് അവൾ പൊരുതുക തന്നെയാണ്. ചിന്തിക്കുന്ന പെണ്ണ് എന്നത് ശക്തമായ വിപ്ളവത്തിന്റെ സൂചകമാണെന്ന് ആശാൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. സീത ചിന്തിച്ചു തുടങ്ങിയപ്പോൾ പെണ്ണിന്റെ ഓർമ്മകളുടെയും അനുഭവങ്ങളുടെയും വെളിപ്പെടുത്തലായി അത് മാറി.ഏകാന്തത എന്നൊക്കെ പെണ്ണ് പറയുമ്പോൾ മനസ്സിലാവാത്തവരുടെ ഇടയിൽ നിന്ന്, സ്വപ്നങ്ങളെയും ചിത്രശലഭങ്ങളെയും അകറ്റി നിർത്തിയ ഒരു കുടുംബത്തിന്റെ നടുവിൽ നിന്ന് സാറാ ജോസഫ് നാലു വശവും പാതകളുള്ള പൊതു ഇടത്തിലേക്കാണ് ഓടിയെത്തിയത്.അവരുടെ സർഗാത്മകതയിലേക്കുള്ള കുതിച്ചെത്തലായിരുന്നു അത്.


ഈ പുസ്തകത്തിന്റെ പേരും കൗതുകമുണർത്തി. 'ഒരുവൾ നടന്ന വഴികൾ' 'ഒരുവൾ' ആരുമാവാം. അവൾക്കല്ല പ്രാധാന്യം, അവൾ നടന്ന വഴികൾക്കാണ്. ആ വഴികളാണ്, ആ നടപ്പാണ് അവളെ 'സ്ത്രീ' ആക്കിയത്. പേരില്ലാത്തവളോ, പേരറിയാത്തവളോ ആയി അവൾ എല്ലായിടവും ഉണ്ടാവാം. പേരില്ലായ്മയുടെ ഭൂതകാലത്തിൽ നിന്നാണ് ഒരു സാറാജോസഫ് ഉണ്ടായി വന്നത്. എഴുത്തുകാരി എന്നത് നമ്മുടെ ഇടയിൽ നിന്ന് നടന്നുപോയ ഒരാളാണെന്ന് ഈ അനുഭവങ്ങൾ സാക്ഷ്യം പറയുന്നുണ്ട്. അവരുടെ കൃതികളിലെല്ലാം തെളിഞ്ഞുകാണാം ഈ നടപ്പിന്റെ കാലടയാളങ്ങൾ. ●

ശാസ്ത്രം



സീമ ശ്രീലയം

# വാൽനക്ഷത്രത്തെ പിന്തുടർന്നു, വാൽനക്ഷത്രത്തിൽ ഇറങ്ങി



**ഒടുവിൽ** റോസെറ്റ ദൗത്യം ചരിത്രം കുറിച്ചു. ഒരു മനുഷ്യനിർമ്മിത പേടകം ആദ്യമായി വാൽനക്ഷത്ര ശിരസ്സിലിറങ്ങി.വാൽനക്ഷത്രത്തിന്റെ പേരു 67 പി/ചുര്യമോവ് ഗെരാസിമെങ്കോ. ഈ വാൽനക്ഷത്രത്തിലിറങ്ങിയതാവട്ടെ റോസെറ്റയിൽ നിന്നു വേർപെട്ട ഫിലെ ലാൻഡറും. റോസെറ്റ ഇപ്പോഴും വാൽനക്ഷത്രത്തെ ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നു. ഈ നവംബർ 12 നാണ് ശാസ്ത്രലോകം ആകാംക്ഷയോടെ കൺതുറന്നു കാത്തിരുന്ന ആ വിസ്മയം സംഭവിച്ചത്. 2004 ലാണ് അങ്ങകലെയുള്ളൊരു വാൽനക്ഷത്രത്തെക്കുറിച്ചു പഠിക്കാൻ യൂറോപ്യൻ സ്പേസ് ഏജൻസിയുടെ റോസെറ്റ പേടകം ഭൂമിയിൽ നിന്നു യാത്ര തിരിച്ചത്. അതും ഭൂമിയിൽ നിന്നും അൻപത്തിയൊന്ന് കോടി കിലോമീറ്റർ അകലെ അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു വാൽനക്ഷത്രത്തെ തേടി.

ആകാശത്തിന്റെ അനന്തതയിൽ എവിടെയോ നിന്ന് പൊടുന്നനെ പ്രത്യക്ഷപ്പെടുന്ന വാൽനക്ഷത്രങ്ങൾ അഥവാ ധൂമകേതുക്കൾ. എന്നും മനുഷ്യനൊരു വിസ്മയക്കാഴ്ചയാണ്. ലോകാവസാനത്തിന്റെയും പ്രകൃതിദുരന്തങ്ങളുടെയുമൊക്കെ മുന്നോടിയാണ് വാൽനക്ഷത്രങ്ങളുടെ വരവ് എന്ന് പണ്ടുള്ളവർ ഭയന്നിരുന്നു. ലോകാവസാനവുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന കഥകളിലും ഭൂമിയിൽ വന്നിടിക്കാൻ സാധ്യതയുള്ള ഒരു വാൽനക്ഷത്രത്തെ കാണാം. വാൽനക്ഷത്രത്തിന്റെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത അതിന്റെ വാൽ തന്നെ. പൊടിപടലങ്ങളും ഹിമവും അഴുക്കുമൊക്കെ അടങ്ങിയ ആകാശവസ്തുക്കളാണ് വാൽനക്ഷത്രങ്ങൾ. വാൽനക്ഷത്രമെന്ന് കേൾക്കുമ്പോഴേ പലരുടെയും മനസ്സിൽ ആദ്യം ഓടിയെത്തുന്ന പേരു ഹാലി ധൂമകേതുവിന്റേതായിരിക്കും. സൂര്യനിൽ നിന്നും കോടിക്കണക്കിനു കിലോമീറ്ററുകൾക്കപ്പുറമുള്ള കുയ്പ്പർ ബെൽറ്റും ഊർട്ട് മേഘവുമൊക്കെയാണ് വാൽനക്ഷത്രങ്ങളുടെ ജന്മഗൃഹം. അക്ഷരാർഥത്തിൽ സൗരയൂഥ

*ശേഷം പേജ് 58ൽ*

**കേസ് ഡയറി**



**സ്മിത.കെ.വി**

# പുതുജീവിതത്തിലേക്ക്...

**സംഘർഷഭരിതമായ** കുടുംബത്തിലെ അന്തരീക്ഷത്തിൽ നിന്ന് മോചനം തേടിയാണ് അനഘ വീടുവിട്ട് ഇറങ്ങിയത്. ഒരു ജോലി തേടി അലഞ്ഞ അവൾ നേരെ പോലീസ് സ്റ്റേഷനിൽ എത്തുകയാണുണ്ടായത്. ഒരു വൈകുന്നേരം വനിതാപോലീസാണ് അനഘയെ അന്വേഷിയിൽ കൊണ്ടുവന്നത്. താമസിക്കാനൊരു സൗകര്യം അതായിരുന്നു അവളുടെ ആദ്യത്തെ ആവശ്യം.

അന്വേഷിയിലെത്തിയ അനഘയെ ഷോർട്ട് സ്റ്റേ ഹോമിൽ താമസിപ്പിച്ചു. അവളുടെ വിചിത്രമായ സ്വഭാവരീതികൾ കണ്ട് അവളൊരു വിഷാദരോഗിയാണെന്ന് സംശയം തോന്നി ഷോർട്ട്സ്റ്റേ ഹോം അധികൃതർ അവളെ കൗൺസലിംഗിനായി അന്വേഷി ഓഫീസിൽ കൊണ്ടുവന്നു. അങ്ങനെ അവളുടെ പൂർവ്വകഥകൾ പുറത്തുവന്നു. തിരുവനന്തപുരം സ്വദേശിയായ അനഘയുടെ അച്ഛൻ മാനസികരോഗിയും അമ്മ ബുദ്ധിവൈകല്യമുള്ള വ്യക്തിയുമാണ്. ആകെയുള്ള പത്തുസെന്റ് സ്ഥലവും വീടും തട്ടിയെടുക്കാൻ അച്ഛന്റെ ബന്ധുക്കൾ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിലൊരാൾ മാനസികമായും ശാരീരികമായും അവളെ ഉപദ്രവിച്ചുകൊണ്ടിരുന്നു. ഒരു ദിവസം അനഘ അച്ഛനേയും കൊണ്ട് മാനസികരോഗാശുപത്രിയിൽ പോയപ്പോൾ അവിടെവെച്ച് സഹോദരിയെ കാണാനാണെന്നു പറഞ്ഞ് അച്ഛൻ എങ്ങോട്ടോ പോയി. പിന്നീട് അയാൾ തിരിച്ചു വന്നതേയില്ല. ഇതിന്റെ പേരിൽ അനഘ ബന്ധുക്കളുടെ ഒരുപാട് പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നു. അങ്ങനെ വീട്ടിൽ നിൽക്കപ്പൊറുതിയില്ലാതെ വന്നപ്പോൾ അവൾ കോഴിക്കോട്ടെത്തിയതാണെന്നും പറഞ്ഞു.

തികച്ചും അസ്വാഭാവികമായ രീതിയിലായിരുന്നു അവളുടെ പെരുമാറ്റം. നാലഞ്ചുതവണ കൗൺസെലിംഗ് കൊടുത്തതിലൂടെയാണ് അനഘ നോർമലായി കാര്യങ്ങൾ പറയാൻ തുടങ്ങിയത്. അങ്ങനെ കാര്യങ്ങൾ അറിഞ്ഞപ്പോൾ അനഘയുടെ ബന്ധുക്കളെ വിളിച്ച് സംസാരിച്ചു. അപ്പോഴാണ് അമ്മ അവിടെ തനിച്ചാണെന്നും സ്വന്തമായി കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തിക്കുറവുണ്ടെന്നും അവർ പറയുന്നത്. ഉടനെ തന്നെ അമ്മയേയും കൂട്ടിക്കൊണ്ടുവരാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തു. സാമ്പത്തികമായും വളരെ പരിതാപകരമായ അവസ്ഥയായിരുന്നു അവരുടേത്. അമ്മയെയും അന്വേഷി എസ്.എസ്.എച്ചിൽ താമസിപ്പിച്ചു. അങ്ങനെയിരിക്കുമ്പോഴാണ് ഒരു ബന്ധു വിളിച്ചു പറയുന്നത് അനഘയേയും അമ്മയേയും കാണാനില്ലെന്നു പറഞ്ഞ് അച്ഛന്റെ ബന്ധുക്കൾ അവളുടെ നാട്ടിലെ പോലീസ് സ്റ്റേഷനിൽ മിസ്സിംഗ് പെറ്റീഷൻ കൊടുത്തിട്ടുണ്ടെന്ന്. ഇതറിഞ്ഞ അന്വേഷി അമ്മയേയും മകളെയും പോലീസ് സ്റ്റേഷനിൽ ഹാജരാക്കുകയും നിയമപരമായി വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കു

കയും ചെയ്തു. അതിനു ശേഷം അനഘക്ക് പറ്റിയ ജോലി അന്വേഷിച്ചുകൊണ്ടുമിരുന്നു.

രാത്രികളിൽ അനഘക്ക് ഉറക്കം തീരെ കുറവായിരുന്നു. എസ്.എസ്.എച്ചിൽ ഉള്ള കൗൺസെലർ ഇതു മനസ്സിലാക്കുകയും അന്വേഷിയിൽ വന്ന് സംസാരിക്കുകയും ചെയ്തു. അന്വേഷിയിൽ കൗൺസെലിങ്ങിന് വന്നപ്പോൾ വീണ്ടും ചില കാര്യങ്ങൾ കൂടി അവൾ പറഞ്ഞു. അവളുടെ വിവാഹം കഴിഞ്ഞതാണെന്നും അച്ഛന്റെ മാനസികരോഗവും മറ്റുപ്രശ്നങ്ങളും മനസ്സിലാക്കിയ ഭർത്താവ് ഉപേക്ഷിച്ചു പോയെന്നും, പിന്നീട് കോടതി മുഖേന ബന്ധം വേർപിരിഞ്ഞതായും പറഞ്ഞു. അനഘക്ക് ചെറിയ രീതിയിലുള്ള മനോരോഗമുണ്ടെന്ന് മനസ്സിലാക്കി അവളെ മെഡിക്കൽകോളേജ് സൈക്യാട്രിയിൽ കാണിച്ചു. കൂട്ടത്തിൽ അമ്മയേയും. അവിടെ അവർക്ക് ഫലപ്രദമായ ചികിത്സ ലഭിച്ചു. അങ്ങനെ അനഘ സാധാരണനിലയിലേക്ക് തിരിച്ചെത്തി. വിവാഹബന്ധം വേർപെട്ടപ്പോഴുണ്ടായ വിഷാദം രോഗാവസ്ഥയിലെത്തിയതാണ് അവളുടെ പ്രശ്നമെന്ന് ഡോക്ടർമാർ കണ്ടെത്തി. തുടർ ചികിത്സക്കു വേണ്ട എല്ലാ സൗകര്യങ്ങളും അന്വേഷി ചെയ്തു കൊടുത്തു.

അന്വേഷി എസ്.എസ്.എച്ച് താല്ക്കാലികമായി ആളുകളെ നിറുത്തുവാൻ മാത്രം സൗകര്യമുള്ള സ്ഥാപനമാണ്. അതുകൊണ്ട് അനഘക്ക് ഒരു ജോലിക്കായി ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരു മാതൃഭവനത്തിൽ അതായത് ആരും നോക്കാനില്ലാത്ത അമ്മമാരെ താമസിപ്പിക്കുന്ന ഒരു സ്ഥാപനത്തിൽ ജോലിക്ക് ആളെ ആവശ്യമുണ്ടെന്നറിഞ്ഞു. അനഘയുമായി സംസാരിച്ചപ്പോൾ അവൾക്ക് അതിന് പരിപൂർണ്ണ സമ്മതമായിരുന്നു. അവിടെ അവളുടെ അമ്മയേയും താമസിപ്പിക്കാവുന്ന കാര്യത്തെക്കുറിച്ച് സംസാരിച്ച് തീരുമാനമാക്കി. രണ്ടുപേരും സന്തോഷത്തോടെ അവിടെ കഴിയുന്നുണ്ട്. ഇടക്ക് അന്വേഷിയിൽ നിന്നു വിളിച്ച് കാര്യങ്ങൾ അന്വേഷിക്കാറുണ്ട്. വളരെയധികം സന്തോഷവതിയായാണ് അനഘ സംസാരിക്കാറ്. ഇത്തരത്തിലുള്ള ആളുകളുടെ സന്തോഷം അന്വേഷിക്ക് കിട്ടുന്ന പാരിതോഷികമായും വീണ്ടും പ്രവർത്തിക്കാനുള്ള ഊർജ്ജമായും മാറുന്നു. ●

---

*പേജ് 56 തുടർച്ച*

രഹസ്യങ്ങളും പ്രപഞ്ചരഹസ്യങ്ങളും തന്നെയാണ് ഓരോ വാൽനക്ഷത്രത്തിലും ഒളിഞ്ഞിരിക്കുന്നത്. അതുകൊണ്ടു തന്നെ വാൽനക്ഷത്രങ്ങൾ പ്രപഞ്ചരഹസ്യങ്ങളിലേക്കുള്ള ഒരു താക്കോൽ തന്നെയാണ്.

ചുര്യമോവ് ഗെരാസിമെങ്കോ എന്ന വാൽനക്ഷത്രത്തിൽ നിന്നുള്ള വിവരങ്ങൾ ഇനിയും പൂരിപ്പിക്കപ്പെട്ടിട്ടില്ലാത്ത ചില പ്രപഞ്ച സമസ്യകൾ പൂരിപ്പിക്കാൻ സഹായിക്കുമെന്ന പ്രതീക്ഷയിലാണ് ശാസ്ത്രലോകം. പത്തുവർഷക്കാലത്തെ യാത്രയ്ക്കിടയിൽ ഏറെ നാൾ ഒരു ദീർഘനിദ്രയിൽ ആയിരുന്നു റോസെറ്റ. നീണ്ട ഉറക്കത്തിൽ നിന്നുണർന്ന പേടകം ഈ വർഷം ജനുവരി 20 ന് ഹലോ വേൾഡ് എന്ന് ട്വീറ്റ് ചെയ്തതോടെ ശാസ്ത്രലോകം ആവേശത്തിലായി. ഈ ഓഗസ്റ്റിൽ പേടകം ധൂമകേതുവിന്റെ ഭ്രമണപഥത്തിൽ കടന്നതോടെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി റോസെറ്റ.ഇപ്പോൾ വാൽനക്ഷത്രത്തിൽ ഇറങ്ങിയിരിക്കുന്ന ഫിലെ ലാൻഡർ വാൽനക്ഷത്രത്തിന്റെ ഉപരിതലം തുരന്ന് പഠനങ്ങൾ നടത്തും. ഇതിലൂടെ ഒരു രാസഘടനാ മാപ്പ് തയ്യാറാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. രാസഘടനയും പ്രതലത്തിന്റെ വ്യക്തമായ ചിത്രങ്ങളുമൊക്കെ വാൽനക്ഷത്ര രഹസ്യങ്ങളിലേക്ക് വെളിച്ചം വീശുമ്പോൾ അത് വെളിച്ചത്ത് കൊണ്ടുവരുന്നത് സൗരയൂഥത്തിന്റെ ഉല്പത്തി, പരിണാമ രഹസ്യങ്ങൾ കൂടിയായിരിക്കുമെന്ന് തീർച്ച. കോടിക്കണക്കിന് വർഷങ്ങൾക്ക് മുൻപ് ഭൗമപരിണാമത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ വാൽനക്ഷത്രങ്ങളിൽ നിന്ന് ജലവും ജൈവതന്മാത്രകളുമൊക്കെ ഭൂമിയിൽ എത്തിയിരുന്നോ എന്ന ചോദ്യത്തിനും കൃത്യമായ ഉത്തരം കിട്ടേണ്ടതുണ്ട്. ഭൗമേതര ജീവൻ തിരയുന്ന ഗവേഷണങ്ങളിലും ഇത്തരം വിവരങ്ങൾ നിർണ്ണായകമാണ്.

വാൽനക്ഷത്രത്തിൽ ആദ്യമായി ഇറങ്ങിയത് ഫിലെ ലാൻഡർ ആണെങ്കിലും ഇതിനും മുൻപ് വാൽനക്ഷത്ര രഹസ്യങ്ങൾ തേടി യാത്രയായ പേടകങ്ങൾ വേറെയുമുണ്ട്. 1978 ൽ നാസ വിക്ഷേപിച്ച ഇന്റർനാഷണൽ കോമറ്ററി എക്സ്പ്ലോറർ, 1986 ൽ സോവിയറ്റ് യൂണിയൻ, ജപ്പാൻ, ഫ്രാൻസ്, ജർമ്മനി എന്നിവർ ചേർന്ന് വിക്ഷേപിച്ച അർമാഡ എന്ന പേടക വ്യൂഹം എന്നിവയൊക്കെ ഉദാഹരണങ്ങൾ. നാസയുടെ സ്റ്റാർഡസ്റ്റ് പേടകം 2006 ൽ വൈൽഡ്2 വാൽനക്ഷത്രത്തിൽ നിന്നുള്ള പൊടിപടലങ്ങളുമായാണ് തിരിച്ചെത്തിയത്. നാസയുടെ തന്നെ ഡീപ് ഇമ്പാക്റ്റ് പേടകമാവട്ടെ 2005 ൽ ടെമ്പെൽ 1 വാൽനക്ഷത്രവുമായി കൂട്ടിയിടിച്ച് അതിന്റെ ആന്തരഘടന പഠിച്ചു. 2010ൽ ഇപോക്സി പേടകം ഹാർട് ലി ധൂമകേതുവിനെയും 2011 ൽ സ്റ്റാർഡസ്റ്റിന്റെ രണ്ടാം ദൗത്യം ടെമ്പെൽ വാൽനക്ഷത്രത്തെയും നിരീക്ഷിച്ചു. ●



Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O),
Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara